ജനുവരി 2024

സുന്നത്ത്

മാസിക

കുട്ടികളിലെ ആത്മഹത്യകൾ; പ്രതികളാര്?

ആരോഗ്യവും ഭക്ഷണശീലങ്ങളും

വർഗീയത വളരുമ്പോൾ ജാഗ്രത വേണം

റജബിന്റെ പുണ്യവും ആകാശയാത്രയും

മാസിക
സുന്നത്ത്

2024 ജനുവരി
1445 ജ. ആഖിർ - റജബ്
പുസ്തകം 47/ ലക്കം 01/ വില 18

Samastha kerala
Sunni Jamiyyathul Muallimeen
Samastha Islamic Centre
P.O Eranhippalam, Calicut-6
Ph : 0495 277 2846
sunnethmonthly@gmail.com
sunnethcirculation@gmail.com



Managing Editor
Syed Ali Bafaqy Thangal

Chief Editor
V.P.M Villyapalli
9446 731 889, 0496 253 4373

Executive Editor
Shafeeq Bukhari Kanthapuram
cp222306@gmail.com

General Manager
Sulaiman Saqafi Kunhukulam

Editor
Muhammed Parannur

Circulation Manager
Shareef Saqafi Edayur

Sub Editor
E.M Sufyan Bukhari

Design&Layout
Anvar Sadique Bukhari

മുഖക്കുറി

പാരന്റിംഗിൽ ശ്രദ്ധ വേണം

കുട്ടികളിൽ ആത്മഹത്യാ പ്രവണത വർധിക്കുന്നുവെന്നാണ് സമീപകാല സംഭവങ്ങൾ സൂചിപ്പിക്കുന്നത്. രക്ഷിതാക്കൾ ഫോൺ നൽകാത്തതിനെച്ചൊല്ലി ഒന്നാം ക്ലാസുകാരൻ കുളിമുറിയിൽ ആത്മഹത്യ ചെയ്ത വാർത്ത ഞെട്ടലോടെയാണ് നാം വായിച്ചത്. സന്താന പരിപാലനത്തിൽ വരുന്ന വീഴ്ചകളാണ് ഇത്തരം സംഭവങ്ങളുടെ അടിസ്ഥാന കാരണം. കുട്ടികളെ സ്നേഹിക്കുക എന്നതിനർത്ഥം അവർ ആവശ്യപ്പെടുന്നതെല്ലാം നൽകുക എന്നതല്ല. അവർക്കനുഗുണമായത് രക്ഷിതാക്കൾ തിരഞ്ഞെടുത്തു കൊടുക്കുകയാണ് വേണ്ടത്.

അനാവശ്യങ്ങൾക്ക് 'നോ' പറയാൻ രക്ഷിതാക്കൾക്ക് കഴിയണം. അത് ഉൾക്കൊള്ളാൻ കുട്ടികളെ പരിശീലിപ്പിക്കുകയും വേണം. അമിതമായ വാത്സല്യം പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കുട്ടികളുടെ ശേഷി നഷ്ടപ്പെടുത്തും. അപ്പോൾ ചെറിയ സങ്കടങ്ങൾ പോലും അവരെ ദുരന്തങ്ങളിലേക്ക് നയിക്കും. കർശനമായ ശിക്ഷകളും താക്കീതുകളും നൽകി വീടകം ഒരു തടവറയാക്കുകയുമരുത്. കുട്ടികൾക്ക് മാനസികവും ശാരീരികവുമായ വെളിച്ചം ലഭിക്കുന്ന ഇടങ്ങളാകണം വീടകങ്ങളും വിദ്യാലയങ്ങളും.

എഡിറ്റർ

കവർസ്റ്റോറി

ബാലആത്മാഹുതികൾ വർധിക്കുമ്പോൾ

○ മനാസിർ പട്ല

കുട്ടികളിൽ ആത്മഹത്യാപ്രവണത വർധിക്കുന്നതിന്റെ പ്രധാന കാരണം രക്ഷിതാക്കളുടെ പാരന്റിംഗിലുള്ള വീഴ്ചകളാണ്. ശിശുപരിപാലന രീതികളിൽ കാതലായ മാറ്റങ്ങൾ അനിവാര്യമാണ്.

06

കവർസ്റ്റോറി

ആരോഗ്യവും ഭക്ഷണ ശീലങ്ങളും

○ മുജ്തബ സി.ടി കുമരംപുത്തൂർ

ശരീരത്തിന്റെയും മനസ്സിന്റെയും ആരോഗ്യം കാത്തുസൂക്ഷിക്കുന്നതിൽ നാം കഴിക്കുന്ന ഭക്ഷണത്തിന്റെ പങ്ക് വളരെ പ്രധാനമാണ്. കഴിക്കുന്ന സമയം, ഭക്ഷണത്തിന്റെ അളവ്, ഇനങ്ങൾ എന്നിവയെല്ലാം പരിഗണിക്കണം.



09

കവർസ്റ്റോറി

വർഗ്ഗീയത വളരുമ്പോൾ ജാഗ്രത വേണം

○ സൈനുദ്ദീൻ ശാമിൽ ഇർഫാനി

ബഹുസ്വരതയും വൈവിധ്യവുമാണ് ജനാധിപത്യ ഇന്ത്യയുടെ മനോഹരമായ സവിശേഷത. സമീപകാലത്തു നടന്ന ചില സംഭവങ്ങൾ ഇന്ത്യയിൽ വർദ്ധിച്ചുവരുന്ന വർഗീയ വേരോട്ടങ്ങളുടെ പ്രതിഫലനമാണ്.

19

13

റജബിന്റെ പുണ്യവും ആകാശയാത്രയും

ഇ.എം സുഫ്യാൻ ബുഖാരി

കോപം നിയന്ത്രിക്കാം ബന്ധങ്ങൾ സൂക്ഷിക്കാം

ശാകിർ കെ. മജീദി



16

23

പരിഹാസത്തിന്റെ അപകടങ്ങൾ

സിയാദ് സഖാഫി പാറന്നൂർ

05 തസ്കിയ
32 ചോദ്യോത്തരം
47 വാർത്തകൾ
നോവൽ 29
ചരിത്രാഖ്യായിക 42
തീരം 50
26 മഖാസിദുശ്ശരീഅയുടെ പ്രായോഗിക തലങ്ങൾ
നാഫിഅ് കടകശ്ശേരി
35 ചുറ്റിക പിടിച്ച് തഴമ്പിച്ച കൈകൾ
അലി സഖാഫി പുൽപ്പറ്റ
40 ബാവ മുസ്ലിയാർ സേവന ജീവിതം
സുലൈമാൻ സഖാഫി
42 അവഗണനയിൽ മനംനൊന്ത്
മുഹമ്മദ് പാറന്നൂർ
45 ഉപ്പയും മകളും; ഹബീബുറങ്ങിയ തലയിണകൾ
യാസിർ കുറ്റിക്കടവ്

ഇനിയും സമ്പത്ത് വേണോ?

തസ്കിയ

അലി(റ) പറഞ്ഞു: 'ഞങ്ങൾ ഒരു ദിവസം തിരുനബി(സ)യോടൊപ്പം പള്ളിയിലിരിക്കവെ മിസ്അബ് ബ്നു ഉമൈർ(റ) അങ്ങോട്ട് വന്നു. കീറിപ്പറിഞ്ഞതിനാൽ തോൽക്കഷണങ്ങൾ തുന്നിപ്പിടിപ്പിച്ച ഒരു പുതപ്പല്ലാതെ മറ്റൊന്നും അദ്ദേഹത്തിന്റെ ശരീരത്തിലുണ്ടായിരുന്നില്ല. അതുകണ്ട് തിരുനബി(സ) അദ്ദേഹത്തിന്റെ ആദ്യകാല സമ്പന്നാവസ്ഥയും ഇപ്പോഴത്തെ ദയനീയാവസ്ഥയുമോർത്ത് കരഞ്ഞുപോയി. അവിടുന്ന് ഞങ്ങളോട് ചോദിച്ചു: 'നിങ്ങൾക്ക് രാവിലെ ഒരു വസ്ത്രവും വൈകുന്നേരം മറ്റൊരു വസ്ത്രവും ധരിക്കാനുണ്ടാവുകയും ഒരു ഭക്ഷണത്തളിക മുമ്പിൽ നിന്നെടുത്തു മാറ്റുമ്പോഴേക്കും മറ്റൊന്ന് കൊണ്ടുവന്ന് വെക്കുകയും വീടുകൾക്ക് കഅ്ബയുടേതിനു സമാനമായ വിരിയും മറയും ഉണ്ടാവുകയും ചെയ്യുന്ന ഒരു അവസ്ഥ സംജാതമാകുന്നതിനെക്കുറിച്ച് എന്ത് തോന്നുന്നു?'

'അല്ലാഹുവിന്റെ ദൂതരേ, ഇന്നത്തേതിനെക്കാൾ എത്രയോ നല്ല അവസ്ഥയാണല്ലോ അത്. അപ്പോൾ ആരാധനക്കായി ഞങ്ങൾക്ക് ഒഴിഞ്ഞിരിക്കാം. ഞങ്ങളുടെ പ്രയാസങ്ങൾ അവസാനിക്കുകയും ചെയ്യുമല്ലോ.' അവർ പ്രതികരിച്ചു.

അപ്പോൾ തിരുനബി(സ) പറഞ്ഞു: 'അല്ല, അന്നത്തേതിനെക്കാൾ ഇന്നത്തെ അവസ്ഥ തന്നെയാണ് നിങ്ങൾക്കു നല്ലത്.' (തിർമിദി)

ഭൗതിക ജീവിതത്തിലെ അനുഗ്രഹങ്ങളിലൊന്നാണ് സമ്പത്ത്. അന്നന്നത്തെ ഉപജീവനത്തിനപ്പുറം അതുണ്ടാവുന്നത് മഹാ അനുഗ്രഹം തന്നെയാണ്. അതേസമയം, വലിയ പരീക്ഷണവുമാണത്. സമ്പത്തും സന്താനങ്ങളും പരീക്ഷണോപാധികളാണെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. 'എല്ലാ സമൂഹത്തിനും ഓരോ പരീക്ഷണ വസ്തുവുണ്ട്. എന്റെ സമുദായത്തിന്റെ പരീക്ഷണ വസ്തു സമ്പത്താണ്' എന്ന് മറ്റൊരു ഹദീസിൽ കാണാം.

ഈ യാഥാർത്ഥ്യം മുമ്പിൽവെച്ച് നാം ആത്മ പരിശോധന നടത്തുക. തിരുനബി(സ) അന്നു ചൂണ്ടിക്കാട്ടിയ ആ സമ്പന്നാവസ്ഥയിലല്ലേ നാമിപ്പോൾ? സംശയിക്കാനില്ല. ഓരോരുത്തർക്കും എത്ര ജോഡി വിലയേറിയ വസ്ത്രങ്ങൾ! മെച്ചപ്പെട്ട ഭക്ഷണം നാം തുടർച്ചയായി കഴിച്ചു കൊണ്ടിരിക്കുന്നു; വിശപ്പെന്തെന്നറിയാതെ! നമ്മുടെ വീടുകൾ വിരികളാലും വിളക്കുകളാലും മറ്റു ആഡംബര വസ്തുക്കളാലും എത്ര മനോഹരമാണ്! വിലപിടിപ്പുള്ള വാഹനങ്ങൾ സ്വന്തമാക്കാനാണല്ലോ അധികപേരും മത്സരിക്കുന്നത്.

ഭൗതിക സൗകര്യങ്ങളേറിയാൽ, ആരാധനയ്ക്കും മറ്റും കൂടുതൽ സമയവും സൗകര്യവും കിട്ടുമെന്ന ധാരണ അബദ്ധമല്ലേ? തിരുനബി(സ) സ്വഹാബികളെ തിരുത്തിയത് എത്ര യാഥാർത്ഥ്യം! ഓരോ സൗകര്യവും നമ്മെ ദുനിയാവുമായി കൂടുതൽ അടുപ്പിച്ചു കൊണ്ടിരിക്കുകയാണ്. നമ്മുടെ സമയവും ശ്രദ്ധയും കവർന്നെടുക്കുകയാണ്. അതിനനുസരിച്ച് മനസ്സിൽ നിന്ന് ദൈവഭയം ഒഴിഞ്ഞുകൊണ്ടിരിക്കുന്നു. വീണ്ടും വീണ്ടും സമ്പത്ത് ശേഖരിക്കാനുള്ള ത്വര വർദ്ധിക്കുന്നു. അതോടൊപ്പം മനസ്സിൽ അഹന്തയും അഹങ്കാരവും കുടിയേറിപ്പാർക്കുന്നു. തന്നെക്കാൾ താഴ്ന്നവരോട് പുച്ഛവും ഉയർന്നവരോട് അസൂയയും ജനിക്കുന്നു. ഒരു കെട്ടിടത്തിന്റെ ശിലകൾ പോലെ ഉറച്ചു നിൽക്കേണ്ട ബന്ധങ്ങൾ ശിഥിലമാകുന്നു. സമ്പത്തിനെച്ചൊല്ലി കലഹങ്ങളുണ്ടാകുന്നു. മറ്റുള്ളവരുടേത് കവർന്നെടുക്കാനുള്ള ത്വരയേറുന്നു. എല്ലാം നൽകിയനുഗ്രഹിച്ച അല്ലാഹുവിനെ മറക്കുന്നു. സമ്പത്തിനെ ദിവ്യസ്ഥാനത്തേക്കുയർത്തുന്നു. ഈ യാഥാർത്ഥ്യങ്ങൾ നമ്മെ ഉണർത്തുന്നുണ്ട്; സമ്പത്തിനെ കരുതിയിരിക്കണമെന്ന കാര്യം.

'പള്ളിയിലെ മാടപ്പിറാവ്' എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന ഭക്തനായ സഅ്ലബ ദാരിദ്ര്യത്തിൽ കഷ്ടപ്പെടുമ്പോൾ തിരുനബി(സ)യോട് അപേക്ഷിച്ചു: 'എനിക്കല്പം സമ്പത്തുണ്ടാവാൻ അങ്ങ് ദുആ ചെയ്യണം.' അന്ന് തിരുനബി(സ) നൽകിയ ഉപദേശമുണ്ട്: 'സഅ്ലബാ, കൂടുതൽ സമ്പത്തുണ്ടായിട്ട് അതിന് അല്ലാഹുവിനോട് നന്ദി കാണിക്കാതായിപ്പോകുന്നതിലും ഭേദം കുറഞ്ഞ സമ്പത്തുണ്ടാവുകയും അതിനു നന്ദി കാണിക്കുകയും ചെയ്യലാണ്.' ആ ഉപദേശം സഅ്ലബക്ക്ര പിടിച്ചില്ല. അദ്ദേഹം കൂടുതൽ സമ്പത്ത് മോഹിച്ചു. അത് കൈവന്നപ്പോൾ അല്ലാഹുവിനെയും റസൂലിനെയും മറന്നു. സകാത്ത് നിഷേധിച്ചു. അങ്ങനെ നാശത്തിന്റെ പടുകുഴിയിലകപ്പെട്ടു. പാഠമാവണം നമുക്കീ സംഭവം. സമ്പത്തിനോടുള്ള അമിതഭ്രമം കയ്യൊഴിഞ്ഞേ പറ്റൂ. എത്രയെത്ര പാഠങ്ങളുണ്ട് ചരിത്രത്തിൽ!

കവർസ്റ്റോറി

മനാസിർ പട്ല

ബാലആത്മാഹുതികൾ വർധിക്കുമ്പോൾ

കുട്ടികൾക്കിടയിൽ ആത്മഹത്യാ പ്രവണത വർദ്ധിച്ചുവരുന്നുവെന്നാണ് സമീപകാല പഠനങ്ങളും സ്ഥിതിവിവരക്കണക്കുകളും തെളിയിക്കുന്നത്. കൊറോണ പകർച്ചവ്യാധി രൂക്ഷമായ 2020 ൽ ദിനേന 31 കുട്ടികളെന്ന തോതിൽ ആകെ 11,396 ആത്മഹത്യകൾ നടന്നുവെന്ന് എൻ.സി.ആർ.ബി രേഖകൾ വ്യക്തമാക്കുന്നുണ്ട്. 2019ലും 2018ലും നടന്ന ആത്മഹത്യകളുമായി താരതമ്യം ചെയ്യുമ്പോൾ 18 മുതൽ 21 ശതമാനത്തിന്റെ വർധനവാണ് 2020 ൽ ഉണ്ടായിരിക്കുന്നത്. കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ കുട്ടികളിൽ ആത്മഹത്യാ മരണങ്ങളുടെ എണ്ണത്തിൽ വലിയ മാറ്റമുണ്ടായിട്ടുണ്ടെന്നർത്ഥം. ബാലവേല, ശൈശവ വിവാഹം, വിവിധതരം ചൂഷണങ്ങൾ, സ്കൂളുകളിലെ കൊഴിഞ്ഞു പോക്ക് തുടങ്ങിയവയാണ് ഈ വർദ്ധനവിന് പ്രധാന കാരണമെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

കുട്ടികളെ സംബന്ധിച്ചടത്തോളം വിദ്യാലയമെന്നത് ഒരു അഭയകേന്ദ്രം കൂടിയാണ്. വീടുകളിലെ അമിതനിയന്ത്രണങ്ങളും മറ്റുപ്രശ്നങ്ങളും മറക്കാനും പരിഹരിക്കാനുമുള്ള വേദി കൂടിയാണ് കുട്ടികൾക്ക് വിദ്യാലയങ്ങൾ. കൊറോണ കാരണം സ്കൂളുകൾ അടച്ചുപൂട്ടിയപ്പോൾ ഈ ആശ്വാസത്തുരുത്തുകൾ അന്യമായി. സമപ്രായത്തിലുള്ള കളിക്കൂട്ടുകാരെ ലഭിക്കാതായതും കുട്ടികളുടെ പ്രശ്നങ്ങൾക്ക് ആക്കം കൂട്ടി. പ്രധാനമായും കുടുംബ പ്രശ്നങ്ങൾ, രോഗം, പ്രണയം തുടങ്ങിയവയാണ് കുട്ടികളെ ആത്മഹത്യയിൽ അഭയം കണ്ടെത്താൻ പ്രേരിപ്പിച്ചിട്ടുള്ളതെന്ന് പഠനങ്ങൾ നിരീക്ഷിക്കുന്നു.

കുട്ടികളെ ആത്മഹത്യകളിലേക്ക് നയിക്കുന്ന പ്രധാന കാരണങ്ങളിലെന്നാണ് മാനസിക പ്രശ്നങ്ങൾ. കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിൽ രക്ഷിതാക്കളുടെ പങ്ക് ചെറുതല്ല. കുട്ടികളുടെ പെരുമാറ്റങ്ങളിൽ വരുന്ന ചെറിയ മാറ്റങ്ങൾ പോലും തിരിച്ചറിഞ്ഞ് അവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും മാനസികാരോഗ്യം പരിപോഷിപ്പിക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ സ്വീകരിക്കുകയും വേണം.

സങ്കീർണമായ സ്നേഹബന്ധങ്ങൾ

സ്നേഹവാത്സല്യങ്ങളും സന്തോഷങ്ങളും ഉത്തരവാദിത്തങ്ങളും കൂടിക്കലർന്ന ഒരു അസാമാന്യ കലയാണ് രക്ഷകർതൃത്വം. മക്കൾക്ക് കൃത്യമായ ബുദ്ധിവികാസവും മാനസികക്ഷേമവും ശാരീരികാരോഗ്യവും രക്ഷിതാക്കൾ ഉറപ്പുവരുത്തേണ്ടതുണ്ട്. മാതാപിതാക്കളുടെ ഇടപെടലുകൾക്കും സമീപനങ്ങൾക്കും കുട്ടികളിൽ വലിയ സ്വാധീനം ചെലുത്താൻ സാധിക്കും. കുട്ടികളോടുള്ള പെരുമാറ്റ രീതിയാണ് പ്രധാനം.

സ്പെക്ട്രം പാരന്റിംഗ്

കുട്ടികളെ നേർവഴിയിലേക്ക് നയിക്കേണ്ടത് മാതാപിതാക്കളുടെ കടമയാണ്. ഇതിനു തങ്ങളെടുക്കുന്ന നിയമങ്ങളെല്ലാം കഠിനവും കർശനവുമാകണമെന്ന് ചിന്തിക്കുന്നത് തീർത്തും തെറ്റാണ്. പരുഷമായ സമീപനങ്ങൾ പ്രയോജനത്തെക്കാളേറെ പ്രത്യാഘാതങ്ങളാണുണ്ടാക്കുക. രക്ഷാകർത്താക്കളുടെ നിയന്ത്രണങ്ങൾ അതിരുകടക്കുകയും ശാസനകൾ വർദ്ധിക്കുകയും ചെയ്യുമ്പോൾ കുട്ടികളിൽ പഠനവൈകല്യം, നിസ്സഹായത, പരാജയത്തോടുള്ള അമിത ഭയം തുടങ്ങിയവ ഉളവായേക്കാം. ഈ പാരന്റിംഗ് ശൈലിക്കു കീഴിൽ വളരുന്ന കുട്ടികളിൽ ആത്മാഭിമാനക്കുറവ്, അമിത സമ്മർദ്ദം, മാനസിക ദൗർബല്യങ്ങൾ തുടങ്ങിയവ അനുഭവപ്പെടും. വലിയ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള ശക്തിയില്ലായ്മ കുട്ടികളെ ആത്മഹത്യപരമായ ചിന്തകളിലേക്കും പെരുമാറ്റത്തിലേക്കും നയിച്ചേക്കും.

പെർമിസീവ് പാരന്റിംഗ്

പാരന്റിംഗിലെ മറ്റൊരു രീതിയാണ് പെർമിസീവ് പാരന്റിംഗ്. സ്പെക്ട്രം പാരന്റിംഗിന്റെ നേർവിപരീതമാണിത്.

കുട്ടികളെ അവരുടെ ഇഷ്ടാനുസരണം സമീപിക്കുന്ന രീതിയാണിത്. കുട്ടികളോട് അമിതമായ സൗമ്യതയോടെ പെരുമാറുകയും അനിയന്ത്രിതമായ സ്വാതന്ത്ര്യം വകവച്ച് നൽകുകയും ചെയ്യുന്നു. കുട്ടികൾക്ക് ആവശ്യമായ സ്വാതന്ത്ര്യം അനുഗുണമാണെങ്കിലും പൂർണ്ണമായി അയച്ചു വിടുന്നത് പിന്നീട് ഗുരുതരമായ പെരുമാറ്റ പ്രശ്നങ്ങളിലേക്കും പ്രയാസങ്ങളിലേക്കും നയിക്കും. രക്ഷിതാക്കളിൽ നിന്ന് അനിവാര്യമായി കുട്ടികൾക്ക് ലഭിക്കേണ്ട പല ശിക്ഷണങ്ങളും പെർമിസീവ് പാരന്റിങ്ങിൽ നഷ്ടമാകുന്നു. രക്ഷിതാക്കളിൽ നിന്നു ലഭിക്കേണ്ട സമയോചിതമായ മാർഗനിർദേശങ്ങൾ കുട്ടികൾക്ക് ലഭിക്കേണ്ടതുണ്ട്. അത് ലഭിക്കാത്ത പക്ഷം കുട്ടികളുടെ ആത്മനിയന്ത്രണം, ആവേശം, വൈകാരിക പ്രകടനം എന്നിവയെ ഇത് പ്രതികൂലമായി ബാധിക്കുകയും ആത്മഹത്യാ ചിന്ത കടന്നുവരുകയും ചെയ്തേക്കാം.

വളർച്ചക്കനിവാര്യമായ രക്ഷിതാക്കളുടെ വൈകാരിക പിന്തുണ, മേൽനോട്ടം, ശരിയായ ഇടപെടൽ തുടങ്ങിയവ കുട്ടിയുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇവയുടെ അഭാവം കുട്ടികളിൽ ആത്മാഭിമാനക്കുറവും ഏകാന്തതയും സൃഷ്ടിക്കാനിടയുണ്ട്.

കൗമാരക്കാർക്കിടയിൽ ആത്മഹത്യാ പ്രവണത വർധിപ്പിക്കുന്ന നിരവധി രക്ഷാകർതൃ ഘടകങ്ങൾക്ക് പ്രചോദനം നൽകണം. സമയത്തിനും പ്രായത്തിനും അനുയോജ്യമായ ശിക്ഷണങ്ങളാണ് കുട്ടികൾക്ക് ലഭിക്കേണ്ടത്. ഇങ്ങനെയുള്ള സമീപനങ്ങൾ രക്ഷിതാക്കളുമായി തുറന്ന ആശയവിനിമയം നടത്താൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും അവർക്ക് കൃത്യമായ അതിരുകൾ നിശ്ചയിച്ചു നൽകുകയും ചെയ്യുന്നു. അതിനാൽ ആധികാരിക ശൈലി സ്വീകരിക്കുന്ന കുടുംബങ്ങളിൽ വളർന്നു വരുന്ന കുട്ടികളിൽ പ്രതിരോധശേഷി, ആത്മവിശ്വാസം തുടങ്ങിയവ വികസിക്കാനുള്ള സാധ്യത കൂടുതലാണ്.

> കുട്ടികളെ ആത്മഹത്യകളിലേക്ക് നയിക്കുന്ന പ്രധാന കാരണങ്ങളിലെന്നാണ് മാനസിക പ്രശ്നങ്ങൾ. കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിൽ രക്ഷിതാക്കളുടെ പങ്ക് ചെറുതല്ല. കുട്ടികളുടെ പെരുമാറ്റങ്ങളിൽ വരുന്ന ചെറിയ മാറ്റങ്ങൾ പോലും തിരിച്ചറിഞ്ഞ് അവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും മാനസികാരോഗ്യം പരിപോഷിപ്പിക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ സ്വീകരിക്കുകയും വേണം.

ആധികാരിക രക്ഷാകർതൃത്വം

മുന്നോട്ടുള്ള യാത്രയിൽ കുട്ടികൾക്ക് അനുയോജ്യമായ കരുത്ത് നൽകുന്ന പാരന്റിംഗ് ശൈലിയാണിത്. അമിതമായ പ്രതീക്ഷകൾ വച്ചുപുലർത്തുന്നതും അങ്ങേയറ്റം നിരാശപ്പെടുന്നതും കുട്ടികൾക്ക് ദോഷകരമായി ബാധിക്കും. വിജയങ്ങളിൽ അമിതമായി ആഹ്ലാദിക്കാതിരിക്കുകയും പരാജയ സന്ദർഭങ്ങളെ ആത്മവിശ്വാസത്തോടു കൂടി മറികടക്കുകയും ചെയ്യാൻ കുട്ടികളുണ്ടെന്ന് പഠനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. സ്വേച്ഛാധിപത്യ രക്ഷാകർതൃത്വം ഇതിൽ ശക്തമായ ഘടകമാണെന്നും ഒരു പഠനത്തിൽ കാണുന്നു.

മറ്റു ഘടകങ്ങളും കുട്ടികളുടെ പെരുമാറ്റ ദൂഷ്യത്തിൽ വലിയ സ്വാധീനം ചെലുത്തുമെന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. രക്ഷിതാക്കളുടെ അമിത സംരക്ഷണം, അവഗണന, മേൽനോട്ടക്കുറവ്, സ്നേഹക്കുറവ്, വ്യക്തിപരമായ കാര്യങ്ങളിലുള്ള അനാവശ്യമായ ഇടപെടലുകൾ, ശാരീരിക ശിക്ഷ, ചൂഷണങ്ങൾ തുടങ്ങിയവയെല്ലാം പെരുമാറ്റ ദൂഷ്യങ്ങൾക്ക് കാരണങ്ങളാകാം.

മാനസിക പ്രതിരോധശേഷി വർധിപ്പിക്കാം

കുട്ടികളിലെ ആത്മഹത്യാ പ്രവണതയ്ക്കെതിരായ ഒരു പ്രധാന സംരക്ഷണ ഘടകമാണ് മാനസിക പ്രതിരോധശേഷി. കുട്ടികളിൽ മാനസിക പ്രതിരോധശേഷി വളർത്തിയെടുക്കാൻ രക്ഷിതാക്കൾക്ക് പ്രയോഗിക്കാവുന്ന ചില ഫലപ്രദമായ തന്ത്രങ്ങൾ നോക്കൂ.

1 വിദ്യാഭ്യാസ പരിപാടികൾ, വർക്ക് ഷോപ്പുകൾ, സൗഹൃദ സംഗമങ്ങൾ, സംഘടനാ പ്രവർത്തനങ്ങൾ എന്നിവ കുട്ടികൾക്ക് ആവശ്യമായ ഊർജ്ജവും ഉന്മേഷവും മാനസിക ബലവും നൽകും.

2 വികാരങ്ങൾ തിരിച്ചറിയാനും പ്രകടിപ്പിക്കാനും പഠിപ്പിക്കുക. ജീവിതത്തിൽ നേരിടുന്ന വെല്ലുവിളികളെ ആത്മധൈര്യത്തോടെ നേരിടാനും ക്ഷമ കൈക്കൊള്ളാൻ ശീലിപ്പിക്കാം. ഇത് ആത്മഹത്യാ പ്രവണതയിൽ ഗണ്യമായ കുറവുണ്ടാക്കും.

3 മാതാപിതാക്കൾ കുട്ടികളുടെ ആശങ്കകൾ കേൾക്കുകയും അവരുടെ വികാരങ്ങളെ മനസ്സിലാക്കുകയും അതിനനുസൃതമായി പ്രതികരിക്കുകയും വേണം. രക്ഷിതാക്കളുടെ പെട്ടെന്നുള്ള വൈകാരിക ഇടപെടലുകൾ അവരുടെ മനോനില തെറ്റിക്കും. മാനസികാരോഗ്യത്തെയും ക്ഷേമത്തെയും കുറിച്ചുള്ള നല്ല സംഭാഷണങ്ങൾ കേൾപ്പിക്കാനും അവരുടെ പ്രശ്നങ്ങൾ കേൾക്കാനും രക്ഷിതാക്കൾ സമയം കണ്ടെത്തണം.

4 കുട്ടികളിലെ മാനസിക പ്രവണതകൾ തിരിച്ചറിയാൻ കഴിയണം. ഇത്തരത്തിൽ തിരിച്ചറിവുണ്ടായാൽ മാതാപിതാക്കൾ ജാഗ്രത പാലിക്കുകയും ആവശ്യമെങ്കിൽ ബന്ധപ്പെട്ടവരുടെ സഹായം തേടാൻ തയ്യാറാകുകയും വേണം. മാനസികാരോഗ്യ വിദഗ്ധർക്ക് ഓരോ കുട്ടിയുടെയും ആവശ്യങ്ങൾക്കനുസരിച്ച് മാർഗനിർദേശവും ഇടപെടലും തെറാപ്പിയും നൽകാൻ കഴിയും. ഇതിലൂടെ ആത്മഹത്യാപ്രവണതകളിൽ നിന്ന് കുട്ടികളെ രക്ഷിക്കാൻ ഒരു പരിധിവരെ സാധിക്കും.

5 മാതാപിതാക്കൾ കുട്ടിയുമായി ഊഷ്മളവും സ്നേഹപൂർവ്വവുമായ ബന്ധം വളർത്തിയെടുക്കണം. അവരുടെ ആശങ്കകളിൽ സജീവ ശ്രദ്ധ ചെലുത്തി അത് പരിഹരിക്കുക, അവരുടെ ന്യായമായ ആഗ്രഹങ്ങൾ സാധ്യമാക്കാൻ പ്രയത്നിക്കുക തുടങ്ങിയവ നല്ല ബന്ധം സ്ഥാപിക്കുന്നതിന് കാരണമാകും.

6 മനസ്സ് തുറക്കാൻ സമയം കണ്ടെത്തുക. ഓരോ കുട്ടിക്കും സവിശേഷമായ ചില വികാരങ്ങളും വിചാരങ്ങളും ആശങ്കകളുമുണ്ടാകും. കുട്ടികളുടെ ഇത്തരം ആശങ്കകൾ തുറന്ന് സംസാരിക്കാൻ സുഖകരമായൊരു അന്തരീക്ഷം സൃഷ്ടിച്ചെടുക്കാൻ മാതാപിതാക്കൾക്ക് കഴിയണം. കുട്ടികളെ മാറ്റി നിർത്താതിരിക്കുക, മാനസികാരോഗ്യപരമായ വിഷയങ്ങളെക്കുറിച്ചുള്ള സംസാരങ്ങൾക്ക് ഊന്നൽ നൽകുക, ലഭ്യമായ സൗകര്യങ്ങളെക്കുറിച്ചും സംവിധാനങ്ങളെക്കുറിച്ചും അവബോധം നൽകുക എന്നിവ മാതാപിതാക്കളോട് നിഷ്കളങ്കമായി സംസാരിക്കാനും കാര്യങ്ങൾ തുറന്നു പറയാനും കുട്ടികളെ പ്രേരിപ്പിക്കും.

7 കുട്ടികളുടെ മാനസിക സ്ഥിതികളും പെരുമാറ്റങ്ങളും ശേഷികളും വ്യത്യസ്തമാണെന്നതിനാൽ അവരുടെ ലക്ഷ്യങ്ങളും വ്യത്യസ്തമായിരിക്കും. ഓരോരുത്തർക്കും നേടിയെടുക്കാവുന്ന ലക്ഷ്യങ്ങൾക്കു പരിധിയുണ്ട്. അതിനാൽ മാതാപിതാക്കൾ കുട്ടിക്ക് നേടിയെടുക്കാൻ സാധിക്കുന്ന ലക്ഷ്യങ്ങൾ കണ്ടെത്തി സജ്ജീകരിക്കുകയും സാക്ഷാത്കരണത്തിനുള്ള മാർഗ്ഗങ്ങളിലേക്കെത്താൻ സഹായിക്കുകയും ചെയ്യേണ്ടതുണ്ട്. എല്ലാവർക്കും എല്ലാ മേഖലകളിലും തിളങ്ങാൻ സാധിക്കണമെന്നില്ല. എന്റെ കുട്ടി എല്ലാ കാര്യങ്ങളിലും ഒന്നാമനാകണമെന്ന് ശഠിക്കരുത്. ഇത്തരം സമ്മർദ്ദങ്ങൾ കുട്ടികളെ പ്രതികൂലമായി ബാധിക്കും. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലും വ്യക്തിത്വ വികസനത്തിലും ആരോഗ്യപരമായ സന്തുലനാവസ്ഥ വളർത്തിയെടുക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും വേണം.

കവർസ്റ്റോറി

മുജ്തബ സി.ടി കുമരംപുത്തൂർ

ആരോഗ്യവും ഭക്ഷണശീലങ്ങളും

ശരീരത്തെ സംബന്ധിച്ചിടത്തോളം കഴിക്കുന്ന ഭക്ഷണം വളരെ പ്രധാനമാണ്. ഓരോ ഭക്ഷണപദാർത്ഥവും ശരീരത്തിലെ ഹോർമോണുകളെ വ്യത്യസ്ത രീതിയിലാണ് സ്വാധീനിക്കുന്നത്. ഓരോരുത്തരുടെയും ശാരീരിക പ്രകൃതിക്കനുസരിച്ച് ഭക്ഷണം കഴിക്കണം. ശരീരത്തോട് കാണിക്കേണ്ട വലിയ ഉത്തരവാദിത്തം കൂടിയാണത്. ശരീരത്തിന് അനുയോജ്യമായി ഭക്ഷണം ക്രമീകരിക്കാൻ സാധിച്ചാൽ രോഗഭാരങ്ങളും മാനസിക പ്രയാസങ്ങളുമില്ലാത്ത ആരോഗ്യ സമ്പന്നമായ ജീവിതം സാധ്യമാക്കാം.

ഇൻസുലിൻ പ്രതിരോധം

രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാനുള്ള ശരീരത്തിന്റെ കഴിവിനെ ബാധിക്കുന്ന സങ്കീർണ്ണമായ ആരോഗ്യാവസ്ഥയാണ് ഇൻസുലിൻ പ്രതിരോധം. നമ്മുടെ ശരീരത്തിലെ കോശങ്ങൾക്ക് ഇൻസുലിനോടുള്ള സംവേദനക്ഷമത കുറയുമ്പോഴാണിത് സംഭവിക്കുന്നത്. ഇതുവഴി രക്തത്തിൽ നിന്ന് കൂടുതൽ ഗ്ലൂക്കോസ് എടുക്കേണ്ടി വരികയും തുടർന്ന് പാൻക്രിയാസിൽ കൂടുതൽ ഇൻസുലിൻ നിർമ്മിക്കപ്പെടുകയും ചെയ്യുന്നു. മരണത്തിലേക്കു വരെ കൊണ്ടെത്തിക്കുന്ന ഭീകരമായ രോഗങ്ങളുടെ പ്രാരംഭത്തെയാണിത് സൂചിപ്പിക്കുന്നത്. പ്രമേഹത്തിനും പ്രമേഹത്തിനു മുമ്പുള്ള പ്രീ ഡയബറ്റിസിനുമൊക്കെ ഇത് കാരണമാകാറുണ്ട്.

കാരണങ്ങൾ

ഇൻസുലിൻ പ്രതിരോധത്തിന് നിരവധി കാരണങ്ങളുണ്ട്. സസ്യ എണ്ണകളും മധുരമുള്ള ഭക്ഷണങ്ങളും സംസ്കരിച്ച ഭക്ഷണങ്ങളുമെല്ലാം ഇതിനുകാരണമാണ്. ഉറക്കക്കുറവും ഉദാസീനമായ ജീവിതശൈലിയും മറ്റൊരു കാരണമാണ്. ന്യൂസിലാൻഡ് ആസ്ഥാനമായുള്ള പ്രകൃതിചികിത്സാഡോക്ടറും 'ഹോർമോൺ റിപ്പയർ മാനുവൽ' രചയിതാവുമായ ലാറ ബ്രൈഡൻ എഴുതുന്നത്, സ്ത്രീകൾക്ക് ആർത്തവവിരാമഘട്ടത്തിൽ പ്രത്യേകിച്ചും അപകടസാധ്യതയുണ്ടെന്നാണ്. കാരണം, ഈ ഘട്ടത്തിൽ അവരുടെ പ്രൊജസ്ട്രോൺ കുറയുകയും ഈസ്ട്രജൻ ഉയരുകയും കുറയുകയും ചെയ്തുകൊണ്ടിരിക്കും. ശരീരത്തിലെ ഇൻസുലിന്റെ പ്രവർത്തനത്തെ പ്രത്യക്ഷമായും

പുതിയ പ്രശ്നങ്ങൾ ഉടലെടുക്കുമ്പോഴും പഴയ പരിഹാരരീതികളിൽ തന്നെ കഴിയുന്നു എന്നതാണ് സ്ത്രീകളുടെ പ്രശ്നം. എല്ലുമുറിയെ പണി ചെയ്യുമ്പോഴും പല്ലുമുറിയെ തിന്നാൻ അവർ മറന്നു പോകുന്നു. പണികളെല്ലാം തീർത്ത് വയറ്റിലെത്തുന്ന ഭക്ഷണങ്ങൾ പലപ്പോഴും ശരീരത്തിന്റെ താത്പര്യങ്ങൾക്കനുസരിച്ചാകാറില്ല. രോഗത്തെക്കുറിച്ചു പരാതി പറയുകയല്ലാതെ പരിഹാരത്തിന് എന്തു ചെയ്യണമെന്ന കാര്യം മിക്ക സ്ത്രീകൾക്കുമറിയില്ല.

പരോക്ഷമായും സ്വാധീനിക്കാൻ ഇവക്ക് സാധിക്കും. ഇത്തരം ഘട്ടങ്ങളിൽ ശാരീരിക മേഖലകളിൽ കൂടുതൽ ജാഗ്രത അനിവാര്യമാണെന്ന് ചുരുക്കം. ശാരീരികാരോഗ്യവുമായി ബന്ധപ്പെട്ട് നാം എടുക്കുന്ന ഓരോ തീരുമാനങ്ങളും പ്രധാനമാണ്.

ആർത്തവവിരാമത്തിനു മുമ്പുള്ള വർഷങ്ങളിൽ ഹോർമോൺ തകരാറുകൾ പല സ്ത്രീകളിലും അനുഭവപ്പെടാറുണ്ട്. സ്ത്രീകൾക്ക് ശാരീരികമായി ഏറെ പ്രയാസം നേരിടുന്ന സമയമാണിത്. ഇടുപ്പു മുതൽ ആമാശയം വരെയുള്ള ഭാഗത്തെ കൊഴുപ്പാണിതിനു കാരണം. ഈ സമയത്തുണ്ടാകുന്ന അമിതഭാരമാണ് പ്രശ്നം. അരയ്ക്കു ചുറ്റുമുള്ള ഭാരം ഏറെ പ്രയാസം സൃഷ്ടിക്കുന്നു. പുതിയ പ്രശ്നങ്ങൾ ഉടലെടുക്കുമ്പോഴും പഴയ പരിഹാരരീതികളിൽ തന്നെ കഴിയുന്നു എന്നതാണ് സ്ത്രീകളുടെ പ്രശ്നം. എല്ലുമുറിയെ പണി ചെയ്യുമ്പോഴും പല്ലുമുറിയെ തിന്നാൻ അവർ മറന്നു പോകുന്നു. പണികളെല്ലാം തീർത്ത് വയറ്റിലെത്തുന്ന ഭക്ഷണങ്ങൾ പലപ്പോഴും ശരീരത്തിന്റെ താത്പര്യങ്ങൾക്കനുസരിച്ചാകാറില്ല. രോഗത്തെക്കുറിച്ചു പരാതി പറയുകയല്ലാതെ പരിഹാരത്തിന് എന്തു ചെയ്യണമെന്ന കാര്യം മിക്ക സ്ത്രീകൾക്കുമറിയില്ല.

ഭക്ഷണക്രമമാണ് പ്രധാനം

ആരോഗ്യത്തിനനുസൃതമായി ഹോർമോണുകളെ ക്രമീകരിക്കാൻ ഭക്ഷണക്രമം പ്രധാനമാണ്. ഭക്ഷണക്രമം ശരിയായ രീതിയിലാണെങ്കിൽ ഒരു പരിധിവരെ രോഗങ്ങളെ നിയന്ത്രിക്കുകയും ചെയ്യാം. ആരോഗ്യരംഗത്തെ വിദഗ്ധർ നിർദ്ദേശിക്കുന്ന ചില

പ്ലസ് പോയിന്റ്

ഇവ കൊള്ളാം

ഇൻസുലിൻപ്രതിരോധം കുറഞ്ഞ ഭക്ഷണങ്ങൾ കഴിക്കാൻ ശ്രമിക്കണം. ആപ്പിൾ, ചെറുപയർ, ചിക്ക്പീസ്, പീസ്, പിന്റോ ബീൻസ് എന്നിവ ഈ ഗണത്തിൽ പെടുന്നവയാണ്. ഇൻസുലിൻ റെസിസ്റ്റൻസിന് ആക്കം കൂട്ടാത്ത ഭക്ഷണങ്ങൾ ധാരാളമായി കഴിക്കണം. കറുത്ത പയർ, ബ്രോക്കോളി, ചെറിപച്ച, ഇലക്കറികൾ, നിലക്കടലയും നിലക്കടല വെണ്ണയും, പിയേഴ്സ്, പ്ലംസ്, സോയാബീൻസ്, തക്കാളി തുടങ്ങിയവ ഇതിനു സഹായകമാണ്.

ഇവയരുത്

ഇൻസുലിൻ പ്രതിരോധത്തിന് പ്രധാനമായും കാരണമാകുന്ന ഭക്ഷണങ്ങൾ കഴിയുന്നത്ര കുറയ്ക്കണം. ഇതിൽ പെട്ടവയാണ് ബാഗെൽസ്, കേക്കുകൾ, പഞ്ചസാര, ധാന്യങ്ങൾ, പഴച്ചാറുകൾ, പേസ്ട്രികൾ, വെളുത്ത അരി, വെളുത്ത പാസ്ത, വെള്ളപ്പം എന്നിവ. മിതമായതും ഉയർന്നതുമായ ഇൻസുലിൻ പ്രതിരോധത്തിന് കാരണമാകുന്ന ഭക്ഷണങ്ങൾ കുറച്ചു മാത്രമേ കഴിക്കാവൂ. ഇതിൽ ഉൾപ്പെടുന്നവയാണ് വാഴപ്പഴം, ഓട്സ്, ഉരുളക്കിഴങ്ങ്, ഉണക്കമുന്തിരി, കാരറ്റ്, തവിട്ട്അരി എന്നിവ.

വഴികൾ ശ്രദ്ധിക്കുക.

സംസ്കരിച്ച ഭക്ഷണങ്ങൾ, അരി, ഉരുളക്കിഴങ്ങ്, ബ്രെഡ്, പഞ്ചസാര, പഴച്ചാറുകൾ, പഴങ്ങൾ എന്നിവ കുറയ്ക്കുക എന്നതാണ് ആദ്യ പോംവഴി.

അബൂദാബി ആസ്ഥാനമായുള്ള ഇന്റഗ്രേറ്റീവ് ഫങ്ഷണൽ ഡയറ്റീഷ്യൻ ഫറാഹില്ലൂ, ഇൻസുലിൻ പ്രതിരോധവും പ്രീ ഡയബറ്റിസും ഒഴിവാക്കുന്നതിനു നിർദ്ദേശിക്കുന്നത് ഭക്ഷണത്തിനു ശേഷം കുറഞ്ഞ സമയം നടക്കുക, ആദ്യം പച്ചയിലക്കറികൾ, തുടർന്ന് കൊഴുപ്പ്, പ്രോട്ടീൻ, കാർബോഹൈഡ്രേറ്റ് എന്നിവ ക്രമത്തിൽ കഴിക്കുക എന്നാണ്.

സംസ്കരിച്ച ഭക്ഷണങ്ങൾ

സംസ്കരിച്ച ഭക്ഷണങ്ങൾ അപകടകാരിയാണ് എന്നറിഞ്ഞാലും കാര്യമായി നാമത് ശ്രദ്ധിക്കാറില്ല. പോഷക സമ്പുഷ്ടമായ ഭക്ഷണങ്ങളെക്കാൾ നമുക്ക് പ്രിയം ഇവയോടാണ്. പച്ചക്കറി കഴിക്കാൻ മടിയുള്ളവരും സംസ്കരിച്ച ഭക്ഷണങ്ങൾ ധാരാളം കഴിക്കും. വാസ്തവത്തിൽ, ഈ ഭക്ഷണങ്ങൾ നമ്മുടെ രക്തത്തിലെ പഞ്ചസാരയെ അസ്ഥിരപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇത് ക്ഷോഭത്തിനും മാനസിക അസ്വസ്ഥതയ്ക്കും വഴിയൊരുക്കുകയും കൂടുതൽ ആസക്തിയുണ്ടാക്കുകയും ചെയ്യുന്നു. രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയുമ്പോൾ, നമ്മുടെ കോർട്ടിസോൾ, അഡ്രിനാലിൻ, നോറാഡ്രിനാലിൻ എന്നിവയെല്ലാം ഉയരുന്നു, ഇത് മൊത്തത്തിലുള്ള ആരോഗ്യസ്ഥിതിയുടെ താളം തെറ്റിക്കുന്നു. പ്രത്യേകിച്ചും ശരീരഭാരം, തലവേദന, ഉയർന്ന രക്തസമ്മർദ്ദം എന്നിവക്കെല്ലാം കാരണമാകുന്നു.

പെരിമെനോപോസ് എന്ന ഘട്ടത്തിലൂടെ കടന്നുപോകുമ്പോൾ ചില സ്ത്രീകൾക്ക് ആർത്തവം നിലയ്ക്കുകയും ഗർഭിണിയാകാതിരിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടാകുന്നു. ഈസ്ട്രജൻ ഹോർമോണിന്റെ ഉത്പാദനം താപനില സ്ഥിരമായി നിലനിർത്താൻ സഹായി

ഫുഡ് പ്രാക്ടിസ്റ്റ്

എന്തു കഴിക്കണം

പോഷകങ്ങളടങ്ങിയ ഭക്ഷണങ്ങൾ കഴിക്കുന്നതിൽ ശ്രദ്ധ വേണം. പ്രഭാതം മുതൽ നമ്മൾ കഴിക്കുന്ന ഓരോ ഭക്ഷണത്തിനും നമ്മുടെ ശാരീരികാവസ്ഥകളെ സ്വാധീനിക്കാൻ സാധിക്കും. പോഷക സമൃദ്ധമായ ആഹാരക്രമത്തിലേക്ക് ചുവടു മാറ്റുന്നത് രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവുമെല്ലാം പഞ്ചസാരയുടെ ആസക്തി കുറയ്ക്കാൻ സഹായിക്കും.

ആരോഗ്യരംഗം കുറഞ്ഞ കാലത്തിനിടയിൽ വലിയ വളർച്ചയാണ് നേടിയത്. എന്നാൽ ആരോഗ്യരംഗത്തെ വളർച്ചക്കൊത്ത് മാനസികമായും ശാരീരികമായും മാറാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നതാണ് വാസ്തവം. നമ്മൾ അനുഭവിക്കുന്ന രോഗങ്ങൾക്കും പ്രതിസന്ധികൾക്കും പുതിയ പുതിയ പരിഹാരങ്ങൾ കണ്ടുപിടിക്കപ്പെടുമ്പോഴും അതിലേക്ക് എത്തിപ്പെടാനും അവയെ ഉപയോഗപ്പെടുത്താനും പലപ്പോഴും സാധിക്കാതെ പോകുന്നു. സ്ത്രീകളെ സംബന്ധിച്ചിടത്തോളം പതിറ്റാണ്ടുകളായി അവർ തുടർന്നുപോരുന്ന മോശം ശീലങ്ങളിൽ തന്നെയാണ് പലരും ഇന്നുമുള്ളത്. ക്രമരഹിതമായ ഭക്ഷണം, അമിത ജോലി, മാനസിക സമ്മർദ്ദങ്ങൾ എന്നിവയാണ് അധിക സ്ത്രീകളിലും കാണുന്നത്.

ഊർജ്ജസ്വലമായ ശരീരമാണ് കരുത്തുറ്റ മനസ്സിനു പിന്നിലെ രഹസ്യം. ശാരീരികമായി തളരുമ്പോൾ മനസ്സ് സ്വാഭാവികമായും തളരുന്നു. മാനസിക സമ്മർദ്ദങ്ങൾ വർധിക്കുമ്പോൾ ഭക്ഷണത്തിന്റെ ക്രമം തെറ്റുന്നു. വ്യായാമം അമിതമായാലും കുറഞ്ഞാലും പ്രശ്നമാണ്. മാറിയ ജീവിതശൈലിയിൽ പലരുടെയും പരിസരങ്ങളിൽ നിന്ന് വ്യായാമം പാടെ അന്യമായിട്ടുണ്ട്. ഇതും വലിയ പ്രശ്നം സൃഷ്ടിക്കുന്ന കാര്യമാണ്. ശരീരത്തിനെയും മനസ്സിനെയും ഒരുപോലെ ഊർജ്ജസ്വലമായി പരിപാലിക്കുക എന്നതാണ് ഓരോരുത്തരും ശരീരത്തോട് ചെയ്യേണ്ട വലിയ ഉത്തരവാദിത്തം. സമ്മർദ്ദങ്ങൾ ഒഴിവാക്കി മനസ്സിനെ ആരോഗ്യപരമായി നിലനിർത്തുക. ഒപ്പം ശരീരത്തിനാവശ്യമായ പോഷക ഭക്ഷണങ്ങൾ കഴിച്ച് ശാരീരികാരോഗ്യം നിലനിർത്തുക. രണ്ടും പരസ്പര പൂരകങ്ങളാണ്.

ക്കുന്നു. ഈസ്ട്രജന്റെ അളവ് കുറയുമ്പോൾ, ശരീരത്തിലെ തെർമോസ്റ്റാറ്റ് (താപനില നിയന്ത്രിക്കുന്ന തലച്ചോറിന്റെ ഒരു ഭാഗം) താപനിലയിലെ മാറ്റങ്ങളോട് കൂടുതൽ സെൻസിറ്റീവായി പ്രതികരിക്കുന്നു. ഇത് പെട്ടെന്ന് ചൂടനുഭവപ്പെടുന്നതിന് കാരണമാകും. പ്രത്യേകിച്ച് മുഖം, കഴുത്ത്, നെഞ്ചിനുമുകൾഭാഗം എന്നിവിടങ്ങളിൽ. ഈ മാറ്റങ്ങളെ ഹോട്ട്ഫ്ലാഷുകൾ എന്ന് വിളിക്കുന്നു.

സ്ത്രീകൾ കഴിക്കുന്ന സംസ്കരിച്ച ഭക്ഷണത്തിന്റെ അളവാണ് ഈ ഘട്ടത്തെ കാര്യമായി സ്വാധീനിക്കുന്നത്. ഇത്തരം ഭക്ഷണ പദാർഥങ്ങൾ കഴിക്കുന്നത് കുറയ്ക്കുകയോ നിർത്തുകയോ ചെയ്താൽ നല്ല മാറ്റങ്ങൾ കാണാനാകും. വീണ്ടും പഞ്ചസാരയടങ്ങിയ ഭക്ഷണങ്ങളിലേക്കും സംസ്കരിച്ച ഭക്ഷണങ്ങളിലേക്കും മടങ്ങിയവരുടെ ആരോഗ്യം വഷളായതായും അനുഭവങ്ങളുണ്ട്. സംസ്കരിച്ച ഭക്ഷണങ്ങൾ നമ്മുടെ കരളിൽ അമിതഭാരം ചെലുത്തുന്ന രാസവസ്തുക്കൾ നിറഞ്ഞതാണ്. വാരിവിഴുങ്ങിയതെല്ലാം കൈകാര്യം ചെയ്യാൻ കഠിനമായി പരിശ്രമിക്കുന്നത് കരളാണല്ലോ.

ഉറക്കം പ്രധാനം

സ്ത്രീകളെ സംബന്ധിച്ചിടത്തോളം പുലരുന്നതിനു മുന്നേ തുടങ്ങുന്ന അധ്വാനങ്ങൾ പലതും പാതിര വരെ നീളുന്നതാണ്. ഈ അടുക്കള സാഹസങ്ങൾക്കിടയിൽ അറിയാതെ ജീവിതത്തിലേക്ക് വന്നു ചേരുന്ന ചെറുതും വലുതുമായ ടെൻഷനുകൾ, അതേക്കുറിച്ചുള്ള ആലോചനകൾ, വാക്കുതർക്കങ്ങൾ, ഇത്തിരി നേരത്തെ സമാധാനത്തിനായി കയ്യിലെടുത്ത് മണിക്കൂറുകൾ കവരുന്ന മൊബൈൽ ഫോണുകൾ, അതിൽ നിന്നു വരുന്ന സ്ക്രീൻ ലൈറ്റ്, ഇതിനെല്ലാം പുറമെയാണ് ജീവിത ശൈലീ രോഗങ്ങൾ. മേൽ പറഞ്ഞ കാര്യങ്ങളെല്ലാം ഉറക്കവുമായുള്ള നമ്മുടെ നല്ല ബന്ധത്തെ തകർക്കുന്നതാണ്. ഉറക്കമില്ലെങ്കിൽ ഹോർമോൺ സമൃദ്ധമായ ആരോഗ്യം നമുക്ക് സ്വപ്നം കാണാൻ പോലുമാകില്ല.

പരമാവധി കൃത്യസമയത്ത് ഉറങ്ങുകയും എഴുന്നേൽക്കുകയും ചെയ്യുക. നേരത്തെ ഉറങ്ങി നേരത്തെ എഴുന്നേൽക്കുന്ന ശീലത്തിലേക്ക് മാറുക. പ്രഭാതത്തിൽ എഴുന്നേറ്റ് അല്പനേരം നടക്കാനായാൽ ആ ദിവസം ആരോഗ്യകരമാവും. കാരണം രാവിലെ നമ്മുടെ കണ്ണുകളിലേക്കെത്തുന്ന വെളിച്ചത്തിന്റെ രശ്മികൾക്ക് ശരീരത്തിനകത്തെ ക്ലോക്കായ സൈക്കാഡിയൻ റിതത്തെയും ബയോളജിക്കൽ ക്ലോക്കിനെയും വല്ലാതെ സ്വാധീനിക്കാനാകും. പ്രഭാത സവാരിക്കിടയിൽ പകൽ വെളിച്ചം കണ്ണുകളിലേക്കെത്തുന്നതോടെ ആ ദിവസത്തിനാവശ്യമായ സെറോട്ടോണിൻ ശരീരത്തിൽ ഉൽപാദിപ്പിക്കപ്പെടും. ഇത് വൈകുന്നേരത്തോടെ മേലാടോണിനായി മാറി ശാന്തമായ ഉറക്കം നൽകും. ഇത് ഒരു ചക്രം കണക്കെയുള്ള ജീവിതത്തിന്റെ ക്രമത്തിനെയും ഹോർമോണുകളെയും പോസിറ്റീവായി സ്വാധീനിക്കും.

നമ്മുടെ ശരീരത്തിന്റെ ആരോഗ്യവും അനാരോഗ്യവും വിലയിരുത്താനും മെച്ചപ്പെടുത്താനും നമ്മളല്ലാതെ മറ്റാരുമുണ്ടാവില്ലെന്നതാണ് യാഥാർഥ്യം. സ്ത്രീകൾ പ്രത്യേകിച്ചും പല കാര്യങ്ങളിലും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. സംസ്കരിച്ച ഭക്ഷണങ്ങളുടെ രുചിയിലും ആസ്വാദനത്തിലും മുഴുകാതെ ശരീരത്തിന് പോഷക സമൃദ്ധമായ ഭക്ഷണങ്ങൾ നൽകുക. എങ്കിൽ പ്രശാന്തമായ ആരോഗ്യം പകർന്ന് ശരീരം നിങ്ങളെ തിരിച്ചും സൽക്കരിക്കും. ആരോഗ്യവും ആത്മവിശ്വാസവുമുള്ള ഒരു മനസുമായി മുന്നോട്ടുപോകാനും ഇതു സഹായിക്കും.

ആത്മികം

ഇ.എം സുഫ്‌യാൻ ബുഖാരി

റജബിന്റെ പുണ്യവും ആകാശയാത്രയും

ഇരുൾ മുറ്റിയ രാത്രിയിലെ പൂർണ്ണചന്ദ്രനെപ്പോലെ, നബിയേ, അങ്ങ് ഹറമിൽ നിന്ന് ഹറമിലേക്ക് രാപ്രയാണം നടത്തിയല്ലോ...

(ഖസീദത്തുൽ ബുർദ്ദ)

തിരുനബി(സ)യുടെ മുഅ്ജിസത്തുകളിൽ പ്രധാനമാണ് ഇസ്റാഅ്, മിഅ്റാജ് യാത്രകൾ. മസ്ജിദുൽ ഹറാമിൽ നിന്ന് മസ്ജിദുൽ അഖ്സ്വലേക്കുള്ള പ്രയാണമാണ് ഇസ്റാഅ്. മസ്ജിദുൽ അഖ്സ്വയിൽ നിന്ന് ആകാശലോകങ്ങളിലേക്കുള്ള പ്രയാണമാണ് മിഅ്റാജ്. വിശുദ്ധ ഖുർആനിലെ സൂറത്തുൽ ഇസ്റാഇലും സൂറത്തുന്നജ്മിലും ഈ സംഭവങ്ങൾ വിവരിച്ചിട്ടുണ്ട്. ആകാശലോകങ്ങൾക്കപ്പുറത്തേക്കുള്ള ഈ അത്ഭുത പ്രയാണം ഉണർവിലായിരുന്നുവെന്നും തിരുറസൂലി(സ)ന്റെ പൂമേനി സഹിതമായിരുന്നുവെന്നും ഈ ആയത്തുകൾ വിശദീകരിച്ചുകൊണ്ട് മുഫസ്സിറുകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

അല്ലാഹുവിന്റെ മലക്കുകളിൽ പ്രധാനിയായ ജിബ്‌രീൽ(അ) മറ്റു രണ്ടു മലക്കുകളുടെ അകമ്പടിയോടെ ഭൂമിയിലിറങ്ങുകയും മുത്ത്നബി(സ)യെ ആകാശാരോഹണത്തിന് തയ്യാറാക്കുകയും ചെയ്തു. ബുറാഖ് എന്ന വിശിഷ്ട വാഹനം യാത്രക്കു സജ്ജമായി. ബൈത്തുൽ മുഖദ്ദസിലേക്കായിരുന്നു ആദ്യ യാത്ര. പൂർവ്വകാല പ്രവാചകന്മാരെല്ലാം ഖുദ്സിന്റെ വിശുദ്ധഭൂമിയിൽ അന്ത്യദൂതർക്ക് ഊഷ്മളമായ വരവേൽപ്പു നൽകാനും ഇമാമാക്കി നിസ്കരിക്കാനും കാത്തിരിപ്പായിരുന്നു. അവർ അഭിവാദനങ്ങളർപ്പിച്ചു. റസൂൽ(സ)യെ സ്വീകരിച്ചു.

പിന്നീട് ആകാശാരോഹണത്തിന് തുടക്കം കുറിച്ചു. ഒന്നാം ആകാശത്തിലെത്തി ജിബ്‌രീൽ വാതിൽ തുറക്കാനാവശ്യപ്പെട്ടു. വാതിൽ തുറന്നു. ആദ്യ പിതാവ് ആദംനബി (അ) അന്ത്യപ്രവാചകരെ സ്വീകരിച്ചു. സ്വർഗ്ഗീയാരാമത്തിൽ ഉല്ലസിക്കുന്ന രക്തസാക്ഷികളുടെ ആത്മാവുകളും നരകയാതനയനുഭവിക്കുന്ന പരാജിതരുടെ ആത്മാവുകളും മുത്ത് നബി(അ) കണ്ടു.

ബൈത്തുൽ മുഖദ്ദസിലേക്കായിരുന്നു ആദ്യയാത്ര. പൂർവ്വകാല പ്രവാചകന്മാരെല്ലാം ഖുദ്സിന്റെ വിശുദ്ധഭൂമിയിൽ അന്ത്യദൂതർക്ക് ഊഷ്മളമായ വരവേൽപ്പു നൽകാനും ഇമാമാക്കി നിസ്കരിക്കാനും കാത്തിരിപ്പായിരുന്നു. അവർ അഭിവാദനങ്ങളർപ്പിച്ചു. റസൂൽ(സ)യെ സ്വീകരിച്ചു.

രണ്ടാം ആകാശത്തിൽ യഹ്യാ നബി(അ)യും ഈസാ നബി(അ)യും മുത്ത്നബി(സ)ക്ക് വരവേൽപ്പു നൽകി. ആശീർവാദങ്ങളർപ്പിച്ചു. മൂന്നാം ആകാശത്തിൽ യൂസുഫ് നബി(അ)യും നാലാം ആകാശത്തിൽ ഇദ്‌രീസ് നബി(അ)യും അഞ്ചാം ആകാശത്തിൽ ഹാറൂൻ നബി(അ)യും

നിസ്കാരം ഉപേക്ഷിക്കുന്നവർക്കും തൃണവൽഗണിക്കുന്നവർക്കുമുള്ള ശിക്ഷ മിഅ്റാജ് യാത്രയിൽ മുത്ത്നബി(സ) കാണാനിടയായി. അവരുടെ ശിരസ്സ് വലിയ പാറക്കഷ്ണങ്ങൾകൊണ്ട് എറിഞ്ഞു തകർക്കുന്നു. അത് വീണ്ടും പൂർവസ്ഥിതിയിലാകുന്നു. വീണ്ടും തകർക്കപ്പെടുന്നു.

ആറാം ആകാശത്തിൽ മൂസാനബി(അ)യും മുത്ത്നബി(അ)യെ സ്വീകരിച്ചു.

ഏഴാം ആകാശത്തിൽ വരവേൽപ്പ് നൽകിയത് ഇബ്റാഹീംനബി(അ) ആയിരുന്നു. ആകാശലോകത്തുള്ള മലക്കുകളുടെ പ്രദക്ഷിണ കേന്ദ്രമായ ബൈത്തുൽ മഅ്മൂറിൽ ചാരിയിരിക്കുകയായിരുന്നു ഇബ്റാഹീം നബി(അ) മക്കയിൽ പരിശുദ്ധ കഅ്ബ നിർമ്മിച്ചത് അവരായിരുന്നല്ലോ. ഓരോ ദിവസവും വ്യത്യസ്തരായ എഴുപതിനായിരം മലക്കുകൾ ത്വവാഫ് ചെയ്യുന്ന ബൈത്തുൽ മഅ്മൂറിന്റെ കാഴ്ച മുത്ത്നബി(സ)ക്ക് കുളിർമ നൽകി. പിന്നീട് സിദ്റത്തുൽ മുൻതഹാ കണ്ടു. ദീർഘദൂരം തണൽ വിരിക്കുന്ന, വലിയ ഫലങ്ങൾ കായ്ക്കുന്ന ഒരു പവിത്ര വൃക്ഷമത്രെ അത്.

ശേഷം, അല്ലാഹുവിനെ നേരിൽ കണ്ടു മുനാജാത്ത് നടത്തി. അമ്പതു നേരത്തെ നിസ്കാരം സമ്മാനമായി നൽകി. മടങ്ങുമ്പോൾ ആറാം ആകാശത്തിൽ വീണ്ടും മൂസാനബി(അ) തിരുനബി(അ)യെ കണ്ടുമുട്ടി. റബ്ബ് നൽകിയ സമ്മാനത്തെ സംബന്ധിച്ച് ചോദിച്ചു. അമ്പതു നേരത്തെ നിസ്കാരമാണെന്ന് സന്തോഷത്തോടെ മറുപടി നൽകി. അതു ലഘൂകരിക്കാൻ അല്ലാഹുവിനോട് ആവശ്യപ്പെടണമെന്നും അങ്ങയുടെ സമുദായത്തിനത് പ്രയാസമാകുമെന്നും മൂസാനബി(അ) ഉപദേശം നൽകി. മൂസാനബി(അ)യുടെ നിർദ്ദേശപ്രകാരം തിരുനബി(സ) അല്ലാഹുവിനോട് പലതവണ ലഘൂകരിക്കാനാവശ്യപ്പെട്ടു. ഒടുവിൽ അമ്പതു നേരത്തെ നിസ്കാരം അഞ്ചു നേരമാക്കി ചുരുക്കി. വീണ്ടും മൂസാനബി(അ) ലഘൂകരിക്കാനാവശ്യപ്പെട്ടെങ്കിലും മുത്ത്നബി(സ) അതിനു തയ്യാറായില്ല. 'ഞാനിത് തൃപ്തിപ്പെടുകയും അംഗീകരിക്കുകയും ചെയ്തിരിക്കുന്നുവെന്ന് മറുപടി നൽകി.'

അപ്പോൾ ഒരു വിളിയാളം കേട്ടു: 'അങ്ങ് എന്നോടുള്ള ബാധ്യത നിറവേറ്റുകയും എന്റെ അടിമകൾക്ക് ആശ്വാസം

നൽകുകയും ചെയ്തിരിക്കുന്നു.'

ആരാധനകളിൽ അതിശ്രേഷ്ഠമാണ് നിസ്കാരം. അന്ത്യനാളിൽ ആദ്യമായി പടച്ചവനോട് കണക്കു ബോധിപ്പിക്കേണ്ട കർമ്മവുമാണത്.

നിസ്കാരം ഉപേക്ഷിക്കുന്നവർക്കും തൃണവൽഗണിക്കുന്നവർക്കുമുള്ള ശിക്ഷ മിഅ്റാജ് യാത്രയിൽ മുത്ത്നബി(സ) കാണാനിടയായി. അവരുടെ ശിരസ്സ് വലിയ പാറക്കഷ്ണങ്ങൾ കൊണ്ട് എറിഞ്ഞു തകർക്കുന്നു. അത് വീണ്ടും പൂർവസ്ഥിതിയിലാകുന്നു. വീണ്ടും തകർക്കപ്പെടുന്നു.

ഒരേ ദിവസം കൃഷി ചെയ്യുകയും വിളവെടുക്കുകയും ചെയ്യുന്ന ഒരു വിഭാഗം ആളുകളെ മുത്ത്നബി(സ) കാണാനിടയായി. അവർ കൊയ്തെടുക്കുമ്പോഴെല്ലാം അവ പൂർവസ്ഥിതി പ്രാപിക്കുന്നു. അതേക്കുറിച്ച് മുത്ത്നബി(സ) ചോദിച്ചപ്പോൾ ജിബ്രീൽ(അ) മറുപടി നൽകി: 'അവർ അല്ലാഹുവിന്റെ മാർഗത്തിൽ ധർമ്മസമരം ചെയ്തവരാണ്. അവരുടെ പുണ്യകർമ്മങ്ങൾക്കെല്ലാം അല്ലാഹു അനേകം ഇരട്ടി പ്രതിഫലം നൽകുകയും അവർ ചിലവഴിച്ചതിനെല്ലാം പകരം നൽകുകയും ചെയ്യുന്നു.'

സമ്പത്തിന്റെ സകാത്ത് നൽകാത്തവരെയും മുത്ത്നബി(സ) കണ്ടു. അവർ നെഞ്ചിലും മുതുകിലും വലിയ ഭാരങ്ങൾ വഹിക്കുന്നു. നരകത്തിലെ മുള്ളുകൾ ഭക്ഷിച്ച് മലിനജലം കുടിച്ച് കാലികളെപ്പോലെ മേഞ്ഞു നടക്കുന്നു.

ഒരു വിഭാഗം ആളുകൾ സ്വശരീരത്തിൽനിന്ന് ഒരു ഭാഗം മുറിച്ചെടുത്ത് ഭക്ഷിക്കുന്നു. ഇരുമ്പിന്റെ നഖങ്ങൾ കൊണ്ട് മുഖവും നെഞ്ചും മാന്തിപ്പിളർക്കുന്നു. അവർ പരദൂഷകരും അപരനെ അപമാനിച്ചവരുമാണെന്ന് ജിബ്രീൽ (അ) പരിചയപ്പെടുത്തി.

അനാവശ്യ വാക്കുകൾ പറഞ്ഞവരും വ്യഭിചാരികളും അനാഥകളുടെ സമ്പത്ത് അപഹരിച്ചവരും പലിശക്കാരുടെയും ലഹരി ഉപയോഗിക്കുന്നവരുടെയും ഭയാനകമായ ശിക്ഷകൾ മുത്ത്നബി(സ) കാണാനിടയായി.

സുഗന്ധം അടിച്ചു വീശുന്ന ഒരു ഖബ്ർ മുത്ത്നബി(സ) കണ്ടു. മാശിത്വബീവിയുടെയും ഖബറാണതെന്ന് ജിബ്രീൽ പറഞ്ഞുകൊടുത്തു. നരകം സൃഷ്ടിച്ചത് മുതൽ ഒരിക്കൽ പോലും ചിരിക്കാതെ അതിനു കാവൽ നിൽക്കുന്ന മാലിക്(റ)വിനെ മുത്ത്നബി(സ) കണ്ടു. സ്വർഗ്ഗവും നരകവും കണ്ടു.

റജബിൽ വിതയ്ക്കാം

ബഹുമാനിക്കൽ, ആദരിക്കൽ, സജ്ജീകരിക്കൽ എന്നെല്ലാം അർത്ഥമുള്ള തർജീബ് എന്ന ധാതുവിൽ നിന്നാണ് റജബ് എന്ന പദം ഉടലെടുത്തത്. ഇസ്ലാമിൽ യുദ്ധം നിഷിദ്ധമായ മാസങ്ങളിൽ ഒന്നാണ് റജബ്. വിശുദ്ധ റമളാനെ വരവേൽക്കുന്നതിന്റെ തുടക്കമാണ് റജബ് മാസം. 'റജബിലും ശഅ്ബാനിലും ഞങ്ങൾക്ക് ബറകത്ത് നൽകണേ, വിശുദ്ധ റമളാൻ മാസത്തെ ഞങ്ങളിലേക്കെത്തിക്കണേ' എന്ന പ്രാർത്ഥന നിർവഹിക്കാൻ മുത്ത്നബി(സ) കൽപ്പിച്ചിട്ടുണ്ട്. മറ്റുള്ള വേദങ്ങളെക്കാൾ ഖുർആനിന് പവിത്രതയുള്ളതുപോലെ മറ്റുള്ള മാസങ്ങളെക്കാൾ റജബിന് പവിത്രതയുണ്ടെന്ന് തിരുനബി(സ) പഠിപ്പിച്ചു. റമളാൻ മാസത്തിനു ശേഷം വ്രതാനുഷ്ഠാനത്തിനു കൂടുതൽ പവിത്രതയുള്ളത് യുദ്ധം നിഷിദ്ധമായ മാസങ്ങളിലാണ്. അതിൽ തന്നെ ഏറ്റവും ശ്രേഷ്ഠമായത് മുഹറം മാസത്തിലും പിന്നെ റജബിലും പിന്നെ ദുൽഹിജ്ജയിലും പിന്നെ ദുൽഖഅദയിലുമാണ്. (ഫത്ഹുൽമുഈൻ)

മിഅ്റാജിന്റെ സ്മരണ പുതുക്കി റജബ് ഇരുപത്തിയേഴിന് വ്രതമനുഷ്ഠിക്കൽ പുണ്യകർമ്മമാണെന്ന് ബാജൂരി, ഇആനത്ത് തുടങ്ങിയ ഗ്രന്ഥങ്ങളിൽ കാണാം. ഇമാം ഗസ്സാലി(റ) ഇഹ്യാഉലൂമുദ്ദീനിലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. സ്വഹാബി പ്രമുഖരായ അബ്ബാസ്(റ), മുആവിയ(റ) എന്നിവരുടെ വിയോഗം റജബ് മാസത്തിലായിരുന്നു. ഇമാം ശാഫിഈ(റ)വിന്റെ ജനനവും വഫാത്തും റജബിലായിരുന്നു. പ്രമുഖ ഹദീസ് പണ്ഡിതന്മാരായ ഇമാം മുസ്ലിം(റ), ഇമാം തിർമിദി(റ) എന്നിവരും ശാഫിഈ മദ്ഹബിലെ ആധികാരിക പണ്ഡിതന്മാരായ ഇബ്നു ഹജർ അൽ ഹൈതമി(റ) ഇമാം നവവി(റ) എന്നിവരും സുൽത്താനുൽ ഹിന്ദ് എന്ന നാമധേയത്തിൽ അറിയപ്പെട്ട അജ്മീർ ഖാജാ മുഈനുദ്ദീൻ ചിശ്തി (ഖ.സി)യും റജബ് മാസത്തിലാണ് വിട പറഞ്ഞത്.

സൽകർമ്മങ്ങൾ കൊണ്ട് റജബിനെ ധന്യമാക്കാനും പരിശുദ്ധ റമദാനിനെ സ്വീകരിക്കുന്നതിന് തയ്യാറെടുക്കാനുമുള്ള മാസമാണ് റജബ്.

മിഅ്റാജിന്റെ സ്മരണ പുതുക്കി റജബ് ഇരുപത്തിയേഴിന് വ്രതമനുഷ്ഠിക്കൽ പുണ്യകർമ്മമാണെന്ന് ബാജൂരി, ഇആനത്ത് തുടങ്ങിയ ഗ്രന്ഥങ്ങളിൽ കാണാം. ഇമാം ഗസ്സാലി(റ) ഇഹ്യാഉലൂമുദ്ദീനിലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. സ്വഹാബി പ്രമുഖരായ അബ്ബാസ്(റ), മുആവിയ(റ) എന്നിവരുടെ വിയോഗം റജബ് മാസത്തിലായിരുന്നു.

മാനസികാരോഗ്യം

ശാകിർ കെ. മജീദി

കോപം നിയന്ത്രിക്കാം ബന്ധങ്ങൾ സൂക്ഷിക്കാം

മാസങ്ങൾക്കു മുമ്പ് ഒരനുഭവമുണ്ടായി: സുഹൃത്തിന്റെ വീട്ടിലെ ഒരു വിശിഷ്ട സദസ്സാണ് രംഗം. പരിപാടി ആരംഭിക്കാനിരിക്കെ സുഹൃത്ത് ഉമ്മയുമായി ഒന്നിടഞ്ഞു. പിന്നെ ശക്തമായ കലഹമായി. ആകെ ഭീകരാന്തരീക്ഷം സൃഷ്ടിച്ച് അയാൾ വീട്ടിൽ നിന്നിറങ്ങി. ഒരു കൂട്ടുകാരൻ അയാളുമായി സ്വകാര്യമായി സംസാരിച്ചു. അല്പ സമയം കഴിഞ്ഞ് കോപമടങ്ങിയപ്പോൾ അയാൾക്ക് കുറ്റബോധം തോന്നി. ശ്ശൊ! വേണ്ടായിരുന്നു, നല്ലൊരു ദിവസം ആകെ കുട്ടിച്ചോറാക്കി, ഉമ്മയെ വെറുതെ ബുദ്ധിമുട്ടാക്കി, അതിനു മാത്രം സീരിയസായിരുന്നില്ലല്ലോ കാര്യങ്ങൾ... ഇങ്ങനെ നീണ്ടു അയാളുടെ ഖേദപ്രകടനങ്ങൾ.

ഒരു നിമിഷത്തെ കോപം വരുത്തിവെക്കുന്ന അനേകായിരം പ്രശ്നങ്ങളിലേക്കാണ് ഈ സംഭവം വിരൽചൂണ്ടുന്നത്. കാര്യങ്ങളെല്ലാം സങ്കീർണമാക്കുന്ന ദുസ്സ്വഭാവമാണ് കോപം.

ദേഷ്യവും കാരണങ്ങളും

ദേഷ്യം സ്വാഭാവികവും മനുഷ്യസഹജവുമായ ഒരു വികാരമാണ്. പക്ഷേ, അനിയന്ത്രിതവും അക്രമാസക്തവുമായാൽ അത് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ബന്ധങ്ങളിൽ വിള്ളൽ വീഴ്ത്തുകയും ചെയ്യും. അതിലുപരി നമ്മുടെ ജീവിതനിലവാരത്തെ തന്നെ അത് സാരമായി ബാധിച്ചേക്കാം.



പല കാരണങ്ങളാകാം കോപത്തിനു പ്രചോദനം. ഒരു വ്യക്തിയോ പ്രത്യേക സന്ദർഭങ്ങളോ വ്യക്തിപരമായ പ്രശ്നങ്ങളോ ആകാം കാരണങ്ങൾ. മറ്റുള്ളവരോടോ സ്വന്തത്തോടോ ചിലപ്പോൾ നാം കലഹിച്ചേക്കാം. ദേഷ്യം നമ്മെ കീഴടക്കുമ്പോൾ പലപ്പോഴും ജീവിതത്തിൽ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണമാകുന്നു.

എപ്പോഴൊക്കെ ദേഷ്യപ്പെടാം?

എല്ലാ കാര്യത്തിലും ദേഷ്യപ്പെടുന്നവരുടെ മനസ്സിന്റെ സമാധാനത്തെയും ബന്ധങ്ങളെയും അത് കാർന്നു തിന്നുമെന്നുറപ്പാണ്. ഒട്ടും ദേഷ്യം പ്രകടിപ്പിക്കാത്തവരാണങ്കിലോ? അത് നമ്മുടെ വ്യക്തിത്വത്തെയും തകർക്കും. നമ്മുടെ വാക്കുകൾക്ക് വില കൽപ്പിക്കേണ്ടവർ നമ്മെ ശ്രദ്ധിക്കുക പോലുമില്ല. രക്ഷിതാവ്, അധ്യാപകൻ, കുടുംബനാഥൻ എന്നീ റോളിലെല്ലാം അയാൾ സംപൂജ്യനായിരിക്കും. ദേഷ്യമെന്നത് നമുക്കെല്ലായിടത്തും എല്ലാ സാഹചര്യങ്ങളിലും ഉപയോഗിക്കാവുന്ന ഒരു ജീവിതോപകരണമല്ലെന്ന് ചുരുക്കം. തന്ത്രപരമായി ഉപയോഗിക്കേണ്ട ഒന്നാണത്. പ്രയോഗിക്കപ്പെടുന്ന വ്യക്തിയും ഇടവും സാഹചര്യവുമെല്ലാം മനസ്സിലാക്കിക്കൊണ്ടാകുമ്പോൾ ദേഷ്യം അർത്ഥപൂർണ്ണമാവുകയും പോസിറ്റീവ് ഫലം ലഭിക്കുകയും ചെയ്യും.

അനാവശ്യമായ ദേഷ്യം കൊണ്ട് ഒരു ഉപകാരവുമില്ലെന്ന് നമുക്കറിയാം. എപ്പോഴും ദേഷ്യപ്പെടുന്ന സ്വഭാവമുള്ളവർക്ക് കോപം ശമിച്ചാൽ 'ഞാനെന്തിനാണിത്ര യും ദേഷ്യപ്പെട്ടത്?, അതിനു മാത്രം ഭയങ്കര പ്രശ്നമായിരുന്നോ ഇത്?, ഇത്രയധികം പ്രശ്നമാക്കേണ്ട കാര്യമൊന്നും ഉണ്ടായിരുന്നില്ലല്ലോ...' തുടങ്ങിയ ചിന്തകൾ ഉയർന്നു വരും. 'ഇനി മുതൽ ഞാൻ ശരിയാകും', 'ഇനി ഒരിക്കലും ദേഷ്യപ്പെടില്ല' തുടങ്ങി ചില നല്ല തീരുമാനങ്ങൾ എടുക്കുകയും ചെയ്യും. പക്ഷേ, അത് മറന്നു കഴിയുമ്പോൾ വീണ്ടുമയാൾ പൂർവ്വസ്ഥിതിയിലാകും. യഥാർത്ഥത്തിൽ ഇത്തരം സങ്കടപ്പെടലുകൾ കൊണ്ട് ഒരു ഫലമുണ്ടാകില്ല. ദേഷ്യത്തെ നിയന്ത്രിക്കാനാവശ്യമായ ഫലപ്രദമായ കാര്യങ്ങൾ ചെയ്താൽ ഭാവിയിൽ ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കാനാകും.

ബോധമില്ലായ്മയാണ് പ്രശ്നം

അവിചാരിതമായി അരുതാത്തതെന്തോ സംഭവിക്കുകയും അക്കാരണത്താൽ മറ്റൊരാൾ നമുക്കെതിരെ ശക്തമായി പ്രതികരിക്കുകയും ചോദ്യം ചെയ്യുകയും ചെയ്തുവെന്നിരിക്കട്ടെ, തീർച്ചയായും നമ്മുടെ പെട്ടെന്നുള്ള പ്രതികരണം അതേ സ്വഭാവത്തിൽ തന്നെയായിരിക്കും. ശക്തമായി നാം ദേഷ്യപ്പെടും. യഥാർത്ഥത്തിൽ സംഭവിച്ചത് ഒരു കൈപ്പിഴയോ അശ്രദ്ധയോ ആകാം. നാം തീർത്തും നിരപരാധിയായിരിക്കാം. അത് ശാന്തമായി പറഞ്ഞാൽ തീരാവുന്നതേ ഉണ്ടാകൂ.

ഇത്തരം സന്ദർഭങ്ങളിൽ കുറഞ്ഞ സമയമെങ്കിലും ഒന്നാലോചിക്കുകയും സാഹചര്യത്തെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്യുകയാണ് വേണ്ടത്. കാര്യങ്ങളെ ചിന്താപൂർവ്വം സമീപിക്കുക എന്നതാണ് പരിഹാരം. ചിന്തിച്ചു തീരുമാനമെടുക്കുന്ന രീതിയിലേക്ക് മനസ്സിനെ പരുവപ്പെടുത്തിയെടുക്കണം. എല്ലാ കാര്യങ്ങളിലും മിതത്വമാണല്ലോ ഇസ്ലാമിന്റെ മാർഗ്ഗം. വിഷയങ്ങളുടെ ഗൗരവത്തിനനുസരിച്ച് സമയമെടുത്ത് ആലോചിക്കുകയും തീരുമാനങ്ങളെടുക്കുകയും ചെയ്യണം.

അബൂഹുറയ്റയിൽ(റ) നിന്ന് നിവേദനം: ഒരു വ്യക്തി മുത്ത്നബി(സ)യോട് പറഞ്ഞു: 'എനിക്ക് ഉപദേശം നൽകിയാലും.' മുത്ത് നബി(സ)പറഞ്ഞു: 'നീ കോപിക്കരുത്.' അദ്ദേഹം ആവർത്തിച്ചു ചോദിച്ചപ്പോഴെല്ലാം മുത്ത്നബി(സ) പറഞ്ഞു: 'നീ കോപിക്കരുത്.' (ബുഖാരി-6116)

മറ്റൊരു നിവേദനത്തിൽ ആഗതന്റെ പ്രതികരണം കൂടി കാണാം. അദ്ദേഹം പറയുന്നു: 'മുത്ത്നബി(സ) അങ്ങനെ പറഞ്ഞപ്പോൾ ഞാൻ ചിന്തിച്ചു: കോപമാണ് എല്ലാ തിന്മകൾക്കും കാരണം.'

'നീ കോപിക്കരുത്' എന്ന മുത്ത്നബി(സ)യുടെ നിർദ്ദേശത്തെ സംബന്ധിച്ച് ഇബ്നുറജബ്(റ) പറയുന്നു: 'ഇതിൽ രണ്ട് ഉപദേശങ്ങളുണ്ട്: ഒന്ന്, നല്ല സ്വഭാവങ്ങൾ സ്വീകരിക്കാനുള്ള ഉപദേശമാണിത്. ഔദാര്യം, വിവേകം, ലജ്ജ, വിനയം, സഹനശീലം, ദ്രോഹിക്കാതിരിക്കൽ, വിട്ടുവീഴ്ച, മാപ്പ്, കോപം അടക്കിവെക്കൽ, മുഖപ്രസന്നത തുടങ്ങിയവ നല്ല സ്വഭാവങ്ങളാണ്. ഇവയെല്ലാം സ്വീകരിച്ചാൽ കോപത്തെ ചെറുക്കാനും തടയാനും കഴിയും.

> കുട്ടികളെ ആത്മഹത്യകളിലേക്ക് നയിക്കുന്ന പ്രധാന കാരണങ്ങളിലെന്നാണ് മാനസിക പ്രശ്നങ്ങൾ. കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിൽ രക്ഷിതാക്കളുടെ പങ്ക് ചെറുതല്ല. കുട്ടികളുടെ പെരുമാറ്റങ്ങളിൽ വരുന്ന ചെറിയ മാറ്റങ്ങൾ പോലും തിരിച്ചറിഞ്ഞ് അവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും മാനസികാരോഗ്യം പരിപോഷിപ്പിക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ സ്വീകരിക്കുകയും വേണം.

പ്രസ്തുതം

കോപം നിയന്ത്രിക്കാൻ ചില മാർഗങ്ങൾ

1 ക്ഷമ ശീലിക്കാം. ഒരാൾക്ക് മറ്റൊരാളിൽ നിന്ന് വല്ല അക്രമവും നേരിട്ടാൽ തുല്യഅളവിൽ പ്രതികാര നടപടിക്ക് ഇസ്‌ലാം അനുവാദം നൽകുന്നുണ്ട്. അക്രമിക്കപ്പെട്ടവന്റെ ഒരവകാശമെന്ന നിലയിലും സമുദായത്തിൽ നീതി നിലനിർത്തുവാൻ ആവശ്യമെന്ന നിലയിലുമാണ് പ്രതികാരനടപടി അംഗീകരിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ അയാളോട് പ്രതികാരവും പകയും വിദ്വേഷവും വെച്ചുപുലർത്താതെ, വിട്ടുവീഴ്ചയോടെയും ക്ഷമയോടെയും വിനയത്തോടെയും പ്രതികരിക്കുകയാണെങ്കിൽ അതിന് മഹത്തായ പ്രതിഫലമാണുള്ളത്. അതിനാൽ പരമാവധി വിട്ടുവീഴ്ച പ്രകടിപ്പിക്കുകയാണ് വേണ്ടത്. അത് മാന്യതയും പുണ്യവുമാണ്.

അല്ലാഹു പറയുന്നത് കാണുക: 'സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമ്മങ്ങൾ ചെയ്യുകയും കോപം നിയന്ത്രിക്കുകയും മാപ്പുനൽകുകയും ചെയ്യുന്നവർക്കു വേണ്ടി (സ്വർഗം ഒരുക്കിവെച്ചിരിക്കുന്നു.) അത്തരം സദ്‌വൃത്തരെ അല്ലാഹു ഇഷ്ടപ്പെടുന്നു.' (ഖുർആൻ: 3/134)

2 ശാന്തരായിരിക്കുമ്പോൾ സംസാരിക്കാം. ശാന്തരാകുമ്പോൾ കാര്യങ്ങൾ കൃത്യമായും വ്യക്തമായും വിലയിരുത്താനും മറ്റുള്ളവർക്ക് കൈമാറാനും കഴിയും. മറ്റുള്ളവർ ദേഷ്യത്തോടെ പ്രതികരിക്കുമ്പോൾ മൗനം പാലിക്കുകയും അവരുടെ ദേഷ്യമടങ്ങിയതിന് ശേഷം കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുകയും ചെയ്യാം.

3 പ്രശ്നപരിഹാരത്തിനുള്ള കഴിവ് (Problem Solving Skilll) വർദ്ധിപ്പിക്കാം. മാനസിക സമ്മർദ്ദം അനുഭവിക്കുന്ന സന്ദർഭങ്ങളിൽ മനസ്സിനെ നിയന്ത്രിക്കാൻ പഠിക്കുക. മനസ്സിന്റെ ശാന്തത നഷ്ടപ്പെടാതെ പ്രതികരിക്കാൻ ശീലിക്കുക. അതോടൊപ്പം പ്രശ്നങ്ങൾ പരിഹരിക്കാനുള്ള വിവിധ മാർഗങ്ങൾ മറ്റുള്ളവരുടെ അനുഭവങ്ങളിൽ നിന്നും ജീവിത ചുറ്റുപാടുകളിൽ നിന്നും മനസ്സിലാക്കുകയും പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയ്യാം.

4 മനസ്സിനൽപം വിശ്രമം നൽകാം. പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോൾ മനസ്സിന് വിശ്രമം അനുവദിക്കാൻ ശ്രദ്ധിക്കണം. ജീവിതത്തിൽ പ്രധാനവും അപ്രധാനവുമായ ധാരാളം ഡാറ്റകളുമായി (വിവരങ്ങൾ) നമ്മുടെ മനസ്സ് സദാ പ്രവർത്തനനിരതമായിരിക്കും. ഇടയ്ക്കിടെ ചെറിയൊരു ഇടവേള അനുവദിക്കുന്നത് മാനസികാരോഗ്യത്തിന് ഏറ്റവും നല്ലതാണ്.

രണ്ട്, കോപം വന്നാൽ വികാരത്തിനടിമപ്പെടരുത്. കോപം അടക്കിനിർത്താൻ ആത്മയുദ്ധം ചെയ്യണം. കോപത്തിനു വഴങ്ങി കാര്യങ്ങൾ ചെയ്തുപോകരുത്. കാരണം, കോപം മനുഷ്യനെ കീഴ്പ്പെടുത്തിയാൽ പിന്നെ എല്ലാം നിയന്ത്രിക്കുന്നത് കോപമായിരിക്കും. കോപം എന്ത് കൽപിക്കുന്നുവോ അതുപോലെയായിരിക്കും മനുഷ്യൻ പ്രവർത്തിക്കുക എന്നർഥം. കോപത്തിനനുസരിച്ച് മനുഷ്യൻ പ്രവർത്തിച്ചില്ലെങ്കിൽ ക്രമേണ കോപം അകന്നുപോകും.' (ജാമിഉൽ ഉലൂമി വൽഹികം-1/363,364)

മറ്റൊരു ഹദീസ് നോക്കൂ. അബൂഹുറൈറ(റ) നിവേദനം, മുത്ത്നബി(സ)പറഞ്ഞു: 'ഗുസ്തിയിൽ ജയിക്കുന്നവനല്ല; കോപം നിയന്ത്രിക്കുന്നവനാണ് ശക്തൻ.' (ബുഖാരി-6114) നല്ല മാനസികാരോഗ്യമുള്ളർക്കേ കോപത്തെ നിയന്ത്രിക്കാൻ കഴിയുകയുള്ളു എന്നു സാരം.

ചില വിദ്യകൾ

ദീർഘനിശ്വാസം:

പരമാവധി ശ്വാസം മൂക്കിലൂടെ ഉള്ളിലേക്കെടുത്ത് ഡയഫ്രത്തിൽ നിന്ന് വായിലൂടെ പുറത്തേക്കു വിടുന്ന രീതിയാണ് ഡീപ് ബ്രീത്തിംഗ് അഥവാ ദീർഘനിശ്വാസം. ഇത് മനസ്സിന് വിശ്രമം നൽകും. കൃത്യമായ ഇടവേളകളിൽ ശാന്തമായിരുന്ന് ഈ വ്യായാമം തുടരുക. മനസ്സും ശരീരവും ഇതിനോടൊപ്പം ശാന്തമാകുന്നതായി സങ്കൽപിക്കുക.

വ്യായാമം ശീലിക്കുക:

വ്യായാമത്തിലൂടെ മാനസിക സമ്മർദ്ദത്തെയും ദേഷ്യത്തെയും ഒരു പരിധി വരെ ഇല്ലായ്മ ചെയ്യാം. കോപം സൃഷ്ടിക്കുന്ന നിഷേധാത്മക ചിന്തകളെ വ്യായാമം മനസ്സിൽ നിന്ന് നീക്കം ചെയ്യുകയും ശരിയായ വിശ്രമം നൽകുകയും ചെയ്യുന്നു.

ജീവിതം കൂടുതൽ ലളിതമാക്കുക:

ചില സമയങ്ങളിൽ ജീവിതം കൈവിട്ടുപോകുന്നതായി തോന്നിയേക്കാം. പക്ഷേ, അത് ജീവിതത്തിന്റെ അവസാനമല്ലെന്ന് തിരിച്ചറിയുക. ഇനിയും സമയവും അവസരങ്ങളും കാത്തിരിക്കുന്നുണ്ടെന്ന് മനസ്സിലാക്കുക. ഒരു കാര്യവും കൂടുതൽ സീരിയസായി എടുക്കാതിരിക്കുക. സാഹചര്യങ്ങളും സന്ദർഭങ്ങളും മനസ്സിലാക്കി പെരുമാറണമെന്നർത്ഥം.

കവർസ്റ്റോറി

സൈനുദ്ദീൻ ശാമിൽ ഇർഫാനി മാണൂർ

വർഗ്ഗീയത വളരുമ്പോൾ ജാഗ്രത വേണം

നമ്മുടെ രാജ്യം ഇന്ന് നേരിടുന്ന വലിയ വെല്ലുവിളികളിലൊന്നാണ് വർഗീയത. നവോത്ഥാനത്തിന്റെയും സംസ്കാരത്തിന്റെയും മാതൃകയാകുന്നതിനു പകരം നമ്മുടെ നാട് മതത്തിന്റെയും ജാതിയുടെയും ഭാഷയുടെയും ദേശത്തിന്റെയും പേരിൽ വേലിക്കെട്ടുകൾ പണിതുകൊണ്ടിരിക്കുകയാണ്. വർഗീയതയെ മുളയിൽ തന്നെ നുള്ളിക്കളയുന്നതിനു പകരം വിസ്മൃതമായ വിഭാഗീയ ചിന്തകൾ വലിച്ചു കൊണ്ടുവന്ന് എരിതീയിൽ എണ്ണയൊഴിക്കാനാണ് അധികാര സിരാകേന്ദ്രങ്ങളിലിരിക്കുന്നവർ പോലും ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ബാല്യകാലം മുതൽ വർഗീയമായും വൈരാഗ്യചിന്തയോടെയും വളർത്തിയെടുക്കുന്ന മനസ്സുകളിൽ പിൽക്കാലത്ത് പകയും വിദ്വേഷവും വർധിക്കുന്നത് സ്വാഭാവികമാണ്. അത്തരം സാഹചര്യങ്ങളാണ് ഇന്ന് രാജ്യത്തുടനീളമുള്ളത്. മുസഫർനഗറിലെ നേഹ പബ്ലിക് സ്കൂളിൽ പഠിക്കുന്ന പ്രൈമറി ക്ലാസിലെ മുസ്ലിം വിദ്യാർത്ഥിയെ മറ്റു വിദ്യാർഥികളെക്കൊണ്ട് കവിളിൽ തല്ലിച്ച്, അതു കണ്ട് ആനന്ദിക്കുന്ന അധ്യാപികയുടെ ചിത്രവും വീഡിയോയും നാം കണ്ടു. ഇതൊരു ഒറ്റപ്പെട്ട ഒരു സംഭവമല്ല; രാജ്യത്തുടനീളം വ്യാപിച്ചു കൊണ്ടിരിക്കുന്ന വിദ്വേഷ ചിന്താധാരയുടെ ബഹിർസ്ഫുരണമാണ്. മുസ്ലിം വിരുദ്ധത അവിടുത്തെ സാമാന്യ പൊതുബോധത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നുവെന്നതിന്റെ വ്യക്തമായ തെളിവുകൂടിയാണത്.

പാഠ്യപ്രവർത്തനങ്ങളിൽ അലംഭാവം കാണിച്ചതിനുള്ള ശിക്ഷയാണതെന്നും വംശീയമോ വർഗീയമോ ആയ ഒരു ചിന്തയും തനിക്കില്ലെന്നും അംഗപരിമിതയായ തനിക്ക് എഴുന്നേറ്റു ചെല്ലാനുള്ള പ്രയാസം കൊണ്ടാണ് മറ്റു കുട്ടികളെക്കൊണ്ട് അങ്ങനെ

ബാല്യകാലം മുതൽ വർഗീയമായും വൈരാഗ്യചിന്തയോടെയും വളർത്തിയെടുക്കുന്ന മനസ്സുകളിൽ പിൽക്കാലത്ത് പകയും വിദ്വേഷവും വർധിക്കുന്നത് സ്വാഭാവികമാണ്. അത്തരം സാഹചര്യങ്ങളാണ് ഇന്ന് രാജ്യത്തുടനീളമുള്ളത്.

വിശ്വാസത്തെയും ഭക്തിയെയും ആയുധമണിയിച്ച് എങ്ങനെ രാഷ്ട്രീയ ലാഭം കൊയ്യാമെന്ന പരീക്ഷണമാണ് ഇപ്പോൾ നമ്മുടെ നാട്ടിൽ നടക്കുന്നത്. ദേവീ ദേവന്മാരുടെ പേരിൽ കലാപത്തിന് ശ്രമിക്കുകയും ജനങ്ങൾക്കിടയിൽ ശത്രുത വളർത്തുകയും അശാന്തി പടർത്തുകയും ചെയ്യുന്ന ശൈലി മതങ്ങളുടെ സഹിഷ്ണുത ഉൾക്കൊള്ളാൻ കഴിയാത്ത ചിലർ എപ്പോഴും സ്വീകരിക്കുന്നുണ്ട്.

ചെയ്യിച്ചതെന്നും ടീച്ചർ പറയുന്നു. എന്നാൽ മുസ്‌ലിംവിരുദ്ധത ഒരു പൊതുബോധമായി മാറിക്കൊണ്ടിരിക്കുന്ന ഒരു നാട്ടിലാണീ സംഭവമെന്നതു ഗൗരവ ചിന്തക്കു വകയുള്ളതാണ്. ഒരു വിദ്യാർത്ഥിക്കു നേരെ ഇങ്ങനെ പ്രാകൃതവും മനുഷ്യത്വവിരുദ്ധവുമായ ഒരു സമീപനം പുലർത്താൻ ആ ടീച്ചറെ പ്രേരിപ്പിക്കുന്നത് ബോധമനസ്സിലോ അബോധമനസ്സിലോ നിലകൊള്ളുന്ന മുസ്‌ലിംവിരുദ്ധത തന്നെയാണ്.

വർഗീയകലാപത്തിന് തിരികൊളുത്തി ധ്രുവീകരണം സൃഷ്ടിക്കുക, അത് രാഷ്ട്രീയ വിപുലീകരണത്തിനും വോട്ടു വർധനവിനുമുള്ള മാർഗമായി ഉപയോഗിക്കുക എന്നത് ഫാഷിസ്റ്റ് സംഘടനകളുടെ കുതന്ത്രമാണ്. ഹിന്ദു വിശ്വാസികൾ ആരാധിക്കുന്ന ശ്രീരാമന്റെ പേരിലാണല്ലോ ബാബരിമസ്ജിദ് തകർക്കപ്പെട്ടതും ആ സ്ഥലത്ത് രാമക്ഷേത്രം നിർമിക്കുന്നതും. എന്നാൽ ഇതോടെ ശ്രീരാമനെ മുൻനിർത്തിയുള്ള രാഷ്ട്രീയ മുതലെടുപ്പ് അവസാനിക്കില്ലെന്നതിന്റെ വ്യക്തമായ സൂചനകളാണ് എല്ലാ വർഷവും രാമനവമിയുമായി ബന്ധപ്പെട്ട് രാജ്യത്ത് നടക്കുന്ന വർഗീയ കലാപങ്ങൾ. ഓരോ വർഷവും ഈ വർഗീയകലാപങ്ങളുടെ വ്യാപ്തി വർധിക്കുകയാണ്. വർഗീയ സംഘർഷങ്ങൾ ഇതുവരെ നടക്കാത്ത സംസ്ഥാനങ്ങളിലേക്കും പ്രദേശങ്ങളിലേക്കും അത് വ്യാപിപ്പിക്കാനുള്ള മാർഗമായാണ് രാമനവമി ആഘോഷങ്ങളെ അവർ കാണുന്നത്.

വിശ്വാസത്തെയും ഭക്തിയെയും ആയുധമണിയിച്ച് എങ്ങനെ രാഷ്ട്രീയ ലാഭം കൊയ്യാമെന്ന പരീക്ഷണമാണ് ഇപ്പോൾ നമ്മുടെ നാട്ടിൽ നടക്കുന്നത്. ദേവീ ദേവന്മാരുടെ പേരിൽ കലാപത്തിന് ശ്രമിക്കുകയും ജനങ്ങൾക്കിടയിൽ ശത്രുത വളർത്തുകയും അശാന്തി പടർത്തുകയും ചെയ്യുന്ന ശൈലി മതങ്ങളുടെ

സഹിഷ്ണുത ഉൾക്കൊള്ളാൻ കഴിയാത്ത ചിലർ എപ്പോഴും സൃഷ്ടിക്കുന്നുണ്ട്.

കുപ്രസിദ്ധമായ ഗുജറാത്ത് കലാപത്തിനു ശേഷം ജനാധിപത്യ ഇന്ത്യ മറ്റൊരു കൂട്ടക്കുരുതി കൂടി കണ്ടു. മണിപ്പൂരിൽ സ്ത്രീകളും കുട്ടികളുമടക്കമുള്ള ക്രിസ്ത്യൻ ഗോത്ര ജനത കിരാതമായ കൂട്ടക്കൊലകൾക്കിരയായതാണു സംഭവം. മണിപ്പൂരിലെ ഭൂരിപക്ഷ ജനതയായ മെയ്തി വിഭാഗവും ന്യൂനപക്ഷ ക്രിസ്ത്യാനികൾ ഉൾപ്പെടുന്ന കുക്കിവിഭാഗവും തമ്മിലായിരുന്നു സംഘർഷം. അവിടെ നൂറുകണക്കിന് മനുഷ്യർ കൊല്ലപ്പെടുകയും നിരവധി ചർച്ചുകൾ അഗ്നിക്കിരയാക്കപ്പെടുകയും അസംഖ്യം വീടുകൾ തകർക്കപ്പെടുകയും ചെയ്തു. ലോകത്തെ മികച്ച സായുധ സംവിധാനങ്ങളുള്ള ഒരു രാജ്യത്തിന് ഈ കലാപത്തെ അടിച്ചമർത്താൻ സാധിക്കാത്തതുകൊണ്ടല്ല അത് സംഭവിച്ചതെന്നും ഒരു വിഭാഗത്തിന്റെ ഉന്മൂലനാശം ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനമാണിതെന്നും സാമാന്യ ബോധമുള്ള മുഴുവൻ മനുഷ്യരും മനസ്സിലാക്കിയതാണ്.

സംസ്ഥാന പോലീസിന്റെ കയ്യിൽ നിന്ന് നാലായിരം തോക്കുകൾ ഉൾപ്പെടെ അഞ്ച് ലക്ഷത്തിൽപരം ആയുധങ്ങൾ മെയ്തി കലാപകാരികൾ കയ്യടക്കിയാണ് കലാപം നടത്തിയത്. ഭരണ സംവിധാനം തന്നെ ആയുധങ്ങളും സൗകര്യങ്ങളും നൽകി ഒരു വിഭാഗത്തെ അഴിഞ്ഞാടാൻ വിട്ട ഗുജറാത്ത് മോഡലാണ് മണിപ്പൂരിലും ആവർത്തിച്ചത്.

ഹരിയാനയിലെ നൂഹിൽ പൊട്ടിപ്പുറപ്പെട്ട വർഗീയ കലാപവും ഇതിൽ നിന്നു ഭിന്നമല്ല. തെരഞ്ഞെടുപ്പ് കാലം വർഗീയ കലാപങ്ങളുടെയും സാമൂഹിക ധ്രുവീകരണങ്ങളുടെയും വേദിയാകുന്നത് സ്ഥിരം കാഴ്ചയാണ്. നൂഹിൽ വിശ്വഹിന്ദുപരിഷത്ത് നടത്തിയ മുസ്‌ലിംകൾക്കെതിരായ വിദ്വേഷ മുദ്രാവാക്യങ്ങളാണ് സംഘർഷത്തിനിടയാക്കിയത്. സംഘർഷമുണ്ടാകുമെന്ന് ഉറപ്പായിട്ടും പ്രസ്തുത യാത്ര, മുസ്‌ലിം പ്രദേശങ്ങളിലൂടെ കടന്നുപോകാൻ സർക്കാർ അനുമതി നൽകിയത് ഗൂഢാലോചനയുടെ ഭാഗം തന്നെയാണ്. മാത്രമല്ല, വിശ്വഹിന്ദുപരിഷത്തിന്റെ യാത്ര സംഘടിപ്പിച്ചവരിലൊരാൾ മോനുമനേശ്വറെന്ന ക്രിമിനൽ കൂടിയായിരുന്നു. പശുക്കടത്താരോപിച്ച് നാസിർ, ജുനൈദ് എന്നീ യുവാക്കളെ രാജസ്ഥാനിലെ ഭരത്പൂരിൽ നിന്ന് ഹരിയാനയിലെ ഭീവാനിയിലേക്ക് തട്ടിക്കൊണ്ടുപോയി കത്തിച്ചു കൊലപ്പെടുത്തിയ കേസിലെ പ്രതിയാണ് മോനു. അത്തരമൊരു പ്രതിയോട് മുസ്‌ലിംകൾക്കുണ്ടാകുന്ന അമർഷം പറയേണ്ടതില്ലല്ലോ. കലാപമുണ്ടാകുമെന്ന ഇന്റലിജൻസ് റിപ്പോർട്ട് സർക്കാർ പൂർണ്ണമായും അവഗണിക്കുകയാണ് ചെയ്തത്. നൂഹ്ചൗക്കിൽ ആരംഭിച്ച അക്രമം വാഹനങ്ങളും കടകളും കത്തിച്ച് അതിവേഗം വ്യാപിക്കുകയായിരുന്നു.

ഗർഭപാത്രത്തിൽ ത്രിശൂലം കുത്തി ഗർഭസ്ഥ ശിശുവിനെ വധിക്കാനും പശുമാംസ സൂക്ഷിപ്പ് ആരോപിച്ച് നിരപരാധികളെ തല്ലിക്കൊല്ലാനും പാകപ്പെടുത്തുന്ന വൈരാഗ്യ ബോധമാണ് അധികാരകേന്ദ്രങ്ങളിലുള്ളവർ പോലും പുതുതലമുറക്ക് കൈമാറുന്നത്. വർഗീയ ലഹളയുണ്ടാക്കി രാഷ്ട്രീയ നേട്ടം കൊയ്യണമെന്ന ദുരുദ്ദേശ്യം മാത്രമാണ് ഇപ്പോൾ അവർക്കുള്ളത്.

ലോകചരിത്രത്തിലെ തന്നെ ദാരുണമായ സംഭവങ്ങളിലൊന്നായിരുന്നല്ലോ ഇന്ത്യയുടെ വിഭജനവും തുടർന്ന് നടന്ന കൂട്ടക്കൊലകളും. ഹിന്ദുക്കളും മുസ്‌ലിംകളും സിഖുകാരും ഒരുപോലെ വേട്ടയാടപ്പെട്ട കാലമായിരുന്നു അത്. 20 ലക്ഷം പേർ കൊല്ലപ്പെടുകയും സ്ത്രീകളും കുട്ടികളുമടക്കം ഒന്നരക്കോടിയിലധികം പേർ അഭയാർഥികളാക്കപ്പെടുകയും ചെയ്ത സംഭവം.

ആ സംഭവത്തെ ഇടയ്ക്കിടെ ഓർമിപ്പിച്ച് വർഗീയത കത്തിച്ചു നിർത്താനുള്ള ശ്രമമാണ് രാജ്യത്തിന്റെ പ്രധാനമന്ത്രി 75-ാം സ്വാതന്ത്ര്യദിനവേളയിൽ പ്രഖ്യാപിച്ചത്. എല്ലാ വർഷവും ആഗസ്ത് 14 വിഭജന ഭീതിയുടെ ഓർമ ദിനമായി ആചരിക്കണമെന്ന ആഹ്വാനവും തൊട്ടുപിറകെ ദിനാചരണം സംബന്ധിച്ച് പുറത്തിറങ്ങിയ ഗസറ്റ് വിജ്ഞാപനവും സദുദ്ദേശ്യപരമല്ല. വിഭജനം പോലുള്ള ഹൃദയഭേദകമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ജനങ്ങളെ ബോധവത്കരിക്കാനല്ല, മറിച്ച് ജനമനസ്സിൽ വെറുപ്പും വിദ്വേഷവും കലർത്തി വീണ്ടും അവരെ ഭിന്നിപ്പിക്കാനാണ് ഈ ശ്രമം. മുറിവുകളിൽ വീണ്ടും മുളക് തേയ്ക്കുന്നതിനു സമാനമാണ് ഇത്തരം പ്രവർത്തനങ്ങൾ. വിഭജന ഭീതിയുടെ ഓർമദിനമായി പാകിസ്താന്റെ സ്വാതന്ത്ര്യ ദിനമായ ആഗസ്ത് 14 തന്നെ തെരഞ്ഞെടുത്തുവെന്നത് ശ്രദ്ധേയമാണ്. ഇന്ത്യയെ ബ്രിട്ടീഷുകാർ വിഭജിക്കാൻ തീരുമാനിച്ച പ്രഖ്യാപനം വന്നത് 1947 ജൂണിലാണ്. എന്നാൽ, വിഭജനഭീതിയുടെ ഓർമദിനമായി തെരഞ്ഞെടുത്തതാവട്ടെ പാകിസ്ഥാന്റെ സ്വാതന്ത്ര്യദിനവും. പാകിസ്ഥാനുമായുള്ള വിദ്വേഷ രാഷ്ട്രീയം മുന്നോട്ടുകൊണ്ടുപോകാൻ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കലും വിഭജനത്തിനും തുടർന്നുണ്ടായ കലാപങ്ങൾക്കും

സംസ്ഥാന പോലീസിന്റെ കയ്യിൽ നിന്ന് നാലായിരം തോക്കുകൾ ഉൾപ്പെടെ അഞ്ച് ലക്ഷത്തിൽപരം ആയുധങ്ങൾ മെയ്തി കലാപകാരികൾ കയ്യടക്കിയാണ് കലാപം നടത്തിയത്. ഭരണ സംവിധാനം തന്നെ ആയുധങ്ങളും സൗകര്യങ്ങളും നൽകി ഒരു വിഭാഗത്തെ അഴിഞ്ഞാടാൻ വിട്ട ഗുജറാത്ത് മോഡലാണ് മണിപ്പൂരിലും ആവർത്തിച്ചത്.

മതനിരപേക്ഷതയുടെ മഹനീയ മൂല്യം അറിയുകയും അതിന്റെ പ്രാധാന്യം മനസ്സിലാക്കുകയും ചെയ്ത സാമൂഹികനായകരും രാഷ്ട്രീയനേതാക്കളുമുണ്ടായിരുന്ന നാടാണു നമ്മുടെ കേരളം. വ്യത്യസ്ത മതങ്ങളെയും ജീവിതശൈലികളെയും കോർത്തിണക്കി മത, സമുദായ സൗഹാർദം സുദൃഢമായി കാക്കാൻ അവർക്കു കഴിഞ്ഞു.

മുസ്‌ലിംകൾ മാത്രമാണ് ഉത്തരവാദികളെന്നു സ്ഥാപിക്കലുമാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്.

വർഗീയത ആളിപ്പടർത്താൻ ഏതറ്റം വരെയും പോകാൻ ധൈര്യപ്പെടുന്ന മാനസിക വക്രതയുള്ളവർ കേരളത്തിലും കൂടി വരികയാണ്. വിദ്വേഷം വളർത്തുന്ന വാക്കുകളും വ്യാജ വാർത്തകളും പെരുകുന്നത് ഏറെ ആശങ്കയോടെയാണ് നാം കാണേണ്ടത്. സമൂഹത്തിന്റെ പാരസ്പര്യവും സമാധാനവും കളയുന്ന സാഹചര്യം സൃഷ്ടിക്കാനാണ് പലരും ശ്രമിച്ചു കൊണ്ടിരിക്കുന്നത്. കളമശ്ശേരി സ്ഫോടനത്തിന്റെ വ്യക്തമായ ചിത്രം കിട്ടുന്നതിനു മുമ്പു തന്നെ സമൂഹമാധ്യമങ്ങളിലൂടെ വിഷലിപ്തമായ കിംവദന്തികൾ പ്രചരിച്ചത് ഉദാഹരണം. ഉത്തരവാദിത്തപ്പെട്ട സ്ഥാനങ്ങളിലിരിക്കുന്ന ചിലർപോലും വ്യാജപ്രചാരണത്തിനും തുനിഞ്ഞു. സ്ഫോടനത്തിനു വർഗീയനിറം നൽകാൻ ശ്രമിക്കുന്ന ഒട്ടേറെ സന്ദേശങ്ങൾ അന്ന് പ്രചരിക്കുകയുണ്ടായി. ചില ചാനലുകളുടെ പേരിലുള്ള വ്യാജ സ്ക്രീൻ ഷോട്ടുകൾ വരെ ഉപയോഗിച്ചായിരുന്നു വർഗീയ പ്രചാരണം.

മതനിരപേക്ഷതയുടെ മഹനീയ മൂല്യം അറിയുകയും അതിന്റെ പ്രാധാന്യം മനസ്സിലാക്കുകയും ചെയ്ത സാമൂഹിക നായകരും രാഷ്ട്രീയനേതാക്കളുമുണ്ടായിരുന്ന നാടാണു നമ്മുടെ കേരളം. വ്യത്യസ്ത മതങ്ങളെയും ജീവിതശൈലികളെയും കോർത്തിണക്കി മത, സമുദായ സൗഹാർദം സുദൃഢമായി കാക്കാൻ അവർക്കു കഴിഞ്ഞു. കാലങ്ങളായി നാം കാത്തുസൂക്ഷിച്ച അടിസ്ഥാനമൂല്യങ്ങളും വൈവിധ്യ സമന്വയവും ബഹുസ്വരതയും ഒരു സാഹചര്യത്തിലും കൈമോശം വരാതിരിക്കാൻ ബദ്ധശ്രദ്ധരാവണം നമ്മൾ. അടിസ്ഥാന രഹിത ആക്ഷേപങ്ങളിലും വ്യാജ പ്രചാരണങ്ങളിലും കിംവദന്തികളിലും പെട്ടുപോകാതിരിക്കാൻ പ്രത്യേക ജാഗ്രത പുലർത്തണം. ഇത് ഓരോ പൗരന്റെയും മനസ്സിലുണ്ടാകണം. കിംവദന്തികൾ പടർത്തുന്നതിനു പിന്നിലെ രാജ്യവിരുദ്ധവും ജനവിരുദ്ധവുമായ ദുഷ്ടലാക്കുകൾ തിരിച്ചറിയാനുള്ള ജാഗ്രതയും വേണം. പരസ്പര വിശ്വാസത്തെ അവിശ്വാസത്തിന്റെയും അസഹിഷ്ണുതയുടെയും വിഷവിത്തുകൾ വിതച്ച് ഇല്ലാതാക്കാനുള്ള ശ്രമങ്ങളെ നാം ചെറുത്തു തോൽപ്പിക്കുക തന്നെ വേണം.

സൈബർ ലോകത്തുനിന്നുള്ള നിന്ദ്യസന്ദേശങ്ങളും വ്യാജവാർത്തകളും തിരിച്ചറിയാനും അതിനെതിരെ പ്രതിരോധം തീർക്കാനുമുള്ള ജാഗ്രതയും നാം നേടിയെടുക്കണം. ചെറുതും വലുതുമായ ഏതു പ്രശ്നവും വർഗീയമാക്കാൻ ശ്രമിക്കുന്നതു പ്രബുദ്ധവും സംസ്കാര സമ്പന്നവുമെന്ന് അഭിമാനിക്കുന്ന കേരള സമൂഹത്തിനു നാണക്കേടാണെന്ന് നാം മനസ്സിലാക്കണം. കലാപങ്ങൾ സമൂഹഘടനയിൽ പരിഹരിക്കാനാകാത്ത വിള്ളലുണ്ടാക്കുമെന്നോർക്കണം.

ആത്മികം

സിയാദ് സഖാഫി പാറന്നൂർ



പരിഹാസത്തിന്റെ അപകടങ്ങൾ

മനുഷ്യർ അല്ലാഹുവിന്റെ ആദരണീയ സൃഷ്ടിയാണ്. മനുഷ്യരുടെ അഭിമാനത്തിന് ഇസ്‌ലാം വലിയ വില കൽപ്പിക്കുന്നുണ്ട്. അഭിമാനത്തിന് ക്ഷതമേൽപ്പിക്കുന്നതിനും ബന്ധങ്ങളിൽ വിള്ളൽ വീഴ്ത്തുന്നതിനും കാരണമാകുന്ന എല്ലാ പ്രവർത്തനവും കടുത്ത പാപമായാണ് ഇസ്‌ലാം കാണുന്നത്. അത്തരം കാര്യങ്ങളിലൊന്നാണ് പരിഹാസം. ആവശ്യത്തിനും അനാവശ്യത്തിനും അപരരെ പരിഹസിക്കുന്നതിൽ ഹരം കണ്ടെത്തുന്നവർ ഇതിന്റെ ഭവിഷ്യത്തുകൾ തിരിച്ചറിയാതെ പോകുന്നു.

എന്താണ് പരിഹാസം?

അഭിമാനക്ഷതമേൽപ്പിക്കുന്ന വിധം മനുഷ്യരുടെ ന്യൂനതകൾ പറഞ്ഞ് ഇകഴ്ത്തി സംസാരിക്കുന്നതിനാണ് പരിഹാസം എന്ന് പറയുന്നത്. സുദൃഢമായി നിലനിൽക്കേണ്ട പരസ്പര ബന്ധങ്ങൾ ശിഥിലമാകാൻ ഇത് കാരണമാകുന്നു. മനുഷ്യരിൽ ഒരാളും പരിപൂർണ്ണനല്ല. ഒരു വിഷയത്തിൽ മികവ് പുലർത്തുന്നവർക്ക് മറ്റു പല വിഷയങ്ങളിലും പോരായ്മകളുണ്ടാകാം. ഒരു കാര്യത്തിൽ പോരായ്മയുള്ള വ്യക്തി മറ്റു പല കാര്യങ്ങളിലും കഴിവും പ്രാപ്തിയുമുള്ളവനാകാം. അതിനാൽ ഒരാൾക്കും മറ്റൊരാളെ പരിഹസിക്കാൻ അർഹതയില്ല.

വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നതു കാണുക: 'സത്യവിശ്വാസികളേ, ഒരു ജനവിഭാഗവും മറ്റൊരു ജനവിഭാഗത്തെ പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്നവർ) അവരെക്കാൾ (പരിഹസിക്കുന്നവരെക്കാൾ) ഉത്തമരായേക്കാം. ഒരു വിഭാഗം സ്ത്രീകളും മറ്റൊരു വിഭാഗം സ്ത്രീകളെ പരിഹസിക്കരുത്. അവർ മറ്റുള്ളവരെക്കാൾ നല്ലവരായിരിക്കാം. നിങ്ങൾ അന്യോന്യം കുത്തുവാക്കു പറയരുത്. പരിഹാസപ്പേരുകൾ വിളിച്ച് പരസ്പരം അപമാനിക്കുകയുമരുത്. സത്യവിശ്വാസം കൈക്കൊണ്ടതിനുശേഷം അധാർമ്മികമായ പേര് എത്ര മോശമാണ്. പാശ്ചാത്തപിക്കാത്ത പക്ഷം അവർ തന്നെയാകുന്നു അക്രമികൾ.' (സൂറത്തുൽ ഹുജ്റാത്ത്:11)

'സത്യവിശ്വാസികളേ' എന്ന സംബോധനയിൽ സ്ത്രീകളും പുരുഷന്മാരും ഉൾപ്പെട്ടിട്ടുണ്ട്. പിന്നീട് സ്ത്രീകളെ പ്രത്യേകം സംബോധന ചെയ്തുകൊണ്ട് ഖുർആൻ ഇങ്ങനെയൊരു ഉപദേശം നൽകാൻ കാരണം ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധാലുക്കളാകേണ്ടവർ സ്ത്രീസമൂഹമാണെന്നതിനാലാവാം. ഇമാം ബുഖാരി(റ) ഉദ്ധരിച്ച ഹദീസിലും സ്ത്രീകളെ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. അബൂഹുറയ്റ(റ) നിവേദനം, നബി(സ) പറയാറുണ്ടായിരുന്നു: 'മുസ്‌ലിം സ്ത്രീകളേ, ഒരു അയൽവാസിനിയും തന്റെ അയൽവാസിനിയെ നിസ്സാരപ്പെടുത്തി കാണരുത്; അത് ഒരാടിന്റെ കുളമ്പാണെങ്കിലും ശരി.' (ബുഖാരി-5558)

സമ്പത്ത്, സൗന്ദര്യം, അധികാരം, ബുദ്ധിശക്തി, കലാകായിക രംഗത്തുള്ള കഴിവുകൾ, പാണ്ഡി

ത്യം തുടങ്ങി നമുക്ക് നൽകപ്പെട്ട എല്ലാ അനുഗ്രഹങ്ങളും അല്ലാഹുവിൽ നിന്നുള്ളതാണ്. നാം അർഹരായതുകൊണ്ടോ അത് നൽകൽ അല്ലാഹുവിന്റെ ബാധ്യതയായതുകൊണ്ടോ അല്ല, അല്ലാഹുവിന്റെ ഔദാര്യമാണ് എല്ലാ അനുഗ്രഹങ്ങളും. അവ ഏതു സമയത്തും ഇല്ലാതെയാകാം. അതിനു നമുക്കു ചുറ്റും ധാരാളം അനുഭവപാഠങ്ങളുണ്ട്.

'തീർച്ചയായും ആദംസന്തതികളെ നാം ബഹുമാനിച്ചിരിക്കുന്നു' എന്ന ഖുർആനിക വചനം മനുഷ്യന്റെ ആദരവിനെ പ്രഖ്യാപിക്കുന്നു. മനുഷ്യർ പരസ്പരം ആദരിക്കുകയും വ്യക്തിത്വത്തെ മാനിക്കുകയും അഭിമാനത്തിന് ക്ഷതമേൽപ്പിക്കാതെ പെരുമാറുകയും ചെയ്യണം. മറ്റുള്ളവരെ തന്നെക്കാൾ ചെറുതായിക്കാണുമ്പോഴാണ് പരിഹാസവചനങ്ങളും പ്രവർത്തനങ്ങളും ഉടലെടുക്കുന്നത്.

പരിഹാസത്തിന്റെ രൂപങ്ങൾ പലവിധമാണ്. കണ്ണുകൾകൊണ്ടും കൈകൾകൊണ്ടും മറ്റു അവയവങ്ങൾകൊണ്ടും ശബ്ദരഹിതമായ പരിഹാസം നടത്താം. വരകളും എഴുത്തുകളും ഉപയോഗിച്ചുകൊണ്ട് സോഷ്യൽ മീഡിയകളിൽ ട്രോളുന്നതും പരിഹാസം തന്നെ. ഇമാം ഗസ്സാലി (റ) പറയുന്നു: 'മറ്റുള്ളവരെ നിന്ദിക്കുക, നിസ്സാരവൽക്കരിക്കുക, അവരുടെ ന്യൂനതകൾ മറ്റുള്ളവരുടെ മുന്നിൽ പരസ്യപ്പെടുത്തുക, മറ്റൊരാളുടെ വാക്കുകളും പ്രവൃത്തികളും പരിഹാസരൂപേണ അനുകരിക്കുക എന്നിവയെല്ലാം ദുസ്വഭാവത്തിൽ പെട്ടതാണ്. നാവിലൂടെ മാത്രമല്ല പരിഹാസം ഉണ്ടാകുന്നത്; ആംഗ്യഭാഷയിലൂടെയും അതുണ്ടാവാം. എല്ലാം പരിഹാസം തന്നെ.' (ഇഹ്യാ ഉലൂമിദ്ദീൻ)

ആഇശ(റ) പറഞ്ഞു: 'ഒരിക്കൽ നബി(സ)യുടെ മുന്നിൽ ഞാൻ മറ്റൊരാളെ അനുകരിച്ച് സംസാരിച്ചു. അപ്പോൾ അവിടുന്ന് പറഞ്ഞു: 'അല്ലാഹുവാണ് സത്യം. മറ്റൊരാളെ അനുകരിച്ചു പറയുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല. തെറ്റ് ചെയ്തുപോയവരെ അതിൽ നിന്ന് പിന്മാറിയ ശേഷവും കുറ്റപ്പെടുത്തുന്നവർ ആപാപം ചെയ്തിട്ടേ മരിക്കൂ.'

സംസാരത്തിലോ പ്രവൃത്തിയിലോ പിഴവു സംഭവിച്ചവർക്കും ശാരീരിക വൈകല്യമുള്ളവർക്കും പ്രയാസം വരുത്തുന്ന വിധം ചിരിക്കുന്നതും സംസാരിക്കുന്നതും നിഷിദ്ധവും കുറ്റകരവുമാണ്. (ഇഹ്യാ ഉലൂമിദ്ദീൻ)

പരിഹാസം വിഡ്ഢികളുടെ സ്വഭാവം

മൂസാനബി(അ) ബനൂഇസ്റാഈലുകാരോട് പശുവിനെ അറുക്കാൻ പറഞ്ഞ ചരിത്ര സംഭവം വിശുദ്ധ ഖുർആനിൽ കാണാം. (സൂറത്തുൽ ബഖറ 68 – 73) അവരിൽപ്പെട്ട ഒരാളെ ഒരു ബന്ധു വധിക്കുകയും കൊലക്കുറ്റം നിരപരാധിയുടെ മേൽ ചാർത്തുകയും ചെയ്തു. കുറ്റം ആരോപിക്കപ്പെട്ടയാൾ അത് നിഷേധിച്ചപ്പോൾ ഇരു ഗോത്രങ്ങൾക്കിടയിലും വലിയ കലഹമുണ്ടായി. വിധിതീർപ്പിനായി അവർ മൂസാനബി(അ)യെ സമീപിച്ചു.

മധ്യസ്ഥനായ മൂസാനബി(അ) ഒരു പശുവിനെ അറുക്കുവാനും അതിന്റെ ശരീരഭാഗം കൊണ്ട് മരണപ്പെട്ടയാളെ അടിക്കുവാനും അവരോട് നിർദ്ദേശിച്ചു. അല്ലാഹുവിൽ നിന്നുള്ള പ്രത്യേക നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ കൽപ്പന. അങ്ങനെ അടിക്കുന്ന പക്ഷം മൃതദേഹത്തിന് ജീവൻ തിരിച്ചു കിട്ടുകയും യഥാർത്ഥ കൊലയാളിയെ മൃതശരീരം വെളിപ്പെടുത്തുകയും ചെയ്യുമെന്ന് മൂസാനബി(അ) അവരോട് പറഞ്ഞു.

അപ്പോൾ അവർ ചോദിച്ചു: 'അങ്ങ് ഞങ്ങളെ പരിഹസിക്കുകയാണോ?'

അദ്ദേഹം പറഞ്ഞു: 'വിവരദോഷികളിൽ പെട്ടുപോകുന്നതിൽ നിന്ന് അല്ലാഹുവിൽ ഞാൻ അഭയം തേടുന്നു.'

മൂസാനബി(അ) യുടെ നിർദേശം പെട്ടെന്ന് അനുസരിക്കുന്നതിനു പകരം പശുവിന്റെ ഗുണവിശേഷങ്ങൾ ആരാഞ്ഞുകൊണ്ട് അവർ കാര്യം സങ്കീർണ്ണമാക്കി. ചോദ്യം കൂടുന്നതിനനുസരിച്ച് പശുവിനുണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങളും വർദ്ധിച്ചു.

അങ്ങനെ നിരന്തരമായ അന്വേഷണത്തിനൊടുവിൽ നിർദ്ദേശിക്കപ്പെട്ട ഗുണങ്ങളുള്ള ഒരു പശുവിനെ കണ്ടെത്തി. അതിനെ അറുത്ത് അതിന്റെ ശരീര ഭാഗം കൊണ്ടടിച്ചപ്പോൾ മൃതദേഹത്തിന് ജീവൻ തിരിച്ചുകിട്ടുകയും ഘാതകനെക്കുറിച്ച് വിവരം നൽകി വീണ്ടും മരിക്കുകയും ചെയ്തു.

പ്രസ്തുത സംഭവത്തിലൂടെ പരിഹാസം വിഡ്ഢികളുടെ സ്വഭാവമാണെന്ന് അല്ലാഹു വ്യക്തമാക്കുന്നു. പരിഹസിക്കുന്നവർ സ്വയം വിഡ്ഢികളാവുകയാണ് ചെയ്യുന്നത്.

മനഃശാസ്ത്ര പ്രതിരോധങ്ങൾ

പരിഹസിക്കപ്പെടാത്തവരായി ആരുമുണ്ടാകില്ല. അടുത്ത സുഹൃത്തുക്കളിൽ നിന്നായിരിക്കും കൂടുതൽ പരിഹാസങ്ങൾ. നമ്മുടെ കഴിവ് തിരിച്ചറിയാത്തവരിൽ നിന്നും പരിഹാസങ്ങളുണ്ടാകാം. നിരുത്സാഹപ്പെടുത്തുന്ന വാക്കുകൾ തമാശരൂപത്തിൽ അഭിമുഖീകരിക്കേണ്ടതായി വരും. അപ്പോൾ കൂടുതൽ ആത്മവിശ്വാസത്തോടുകൂടി മുന്നോട്ടു പോകണം. ഉന്നത രംഗങ്ങളിൽ എത്തിയിട്ടുള്ളവരെല്ലാം പരിഹാസങ്ങളെ അതിജയിച്ചവരാണ്.

1. കൂടുതൽ ആത്മവിശ്വാസത്തോടെ മുന്നോട്ട് പോവുക. ഗുണകാംക്ഷികളിൽ നിന്നു ലഭിക്കുന്ന ആരോഗ്യപരമായ നിർദ്ദേശങ്ങൾ സ്വീകരിക്കുക. ആഗ്രഹിച്ച കാര്യം നേടിയെടുത്തതായി മനസ്സിനെ ബോധിപ്പിക്കുക.

2. പരിഹസിക്കപ്പെടുമെന്ന മുൻധാരണയുണ്ടാവുക. അവ അവഗണിക്കാൻ സന്നദ്ധരാവുക.

3. പ്രാധാന്യമർഹിക്കുന്ന വിഷയങ്ങൾ ഗുണകാംക്ഷികളോട് മാത്രം പങ്കുവെക്കുക. നമ്മുടെ പുരോഗതിയിൽ സന്തോഷിക്കുന്നവരെ തിരഞ്ഞെടുക്കുക.

4. പരിഹസിക്കപ്പെടുമെന്നു പേടിച്ച് മാറ്റിവെച്ച കാര്യങ്ങൾ കൂടുതൽ ആവേശത്തോടെ ചെയ്യുക. ദൃഢനിശ്ചയമുണ്ടെങ്കിൽ സാഹചര്യങ്ങൾ അനുകൂലമാവുകയും പരിഹാസങ്ങൾ അവഗണിക്കാൻ സാധിക്കുകയും ചെയ്യും.

പരിഹാസത്തിന്റെ ഇസ്‌ലാമിക മാനം

അപരനെ പരിഹസിക്കുന്നതും നിന്ദിക്കുന്നതും ഇസ്‌ലാമിക വീക്ഷണത്തിൽ വലിയ തെറ്റാണ്. ഇതു സംബന്ധമായ ഏതാനും ഹദീസുകൾ വായിക്കാം.

ഇമാം മുസ്‌ലിം(റ) നിവേദനം. നബി(സ) പറയുന്നു: 'ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്. ഒരാളും തന്റെ സഹോദരനെ നിന്ദിക്കുകയോ അപമാനിക്കുകയോ അക്രമിക്കുകയോ ചെയ്യരുത്.' ശേഷം നബി(സ) അവിടുത്തെ നെഞ്ചിലേക്ക് ചൂണ്ടി മൂന്ന് പ്രാവശ്യം ഇപ്രകാരം പ്രഖ്യാപിച്ചു: 'തഖ്‌വ ഇവിടെയാണ്.' ഒരു മനുഷ്യന് തിന്മയായി തന്റെ മുസ്‌ലിമിനും സഹോദരനെ നിന്ദിക്കൽ മാത്രം മതിയാവും. ഓരോ മുസ്‌ലിമും മറ്റു മുസ്‌ലിമിന്റെ രക്തവും സമ്പത്തും അഭിമാനവും നിഷിദ്ധമാണ്.' (മുസ്‌ലിം: 4650)

വിമർശിക്കേണ്ട കാര്യങ്ങൾ വല്ലതും ശ്രദ്ധയിൽപ്പെടുമ്പോൾ ആരോഗ്യകരമായി വിമർശിക്കണം. ഇങ്ങനെ ചെയ്യാതിരിക്കലും നിന്ദയാണെന്ന് നബി(സ) പഠിപ്പിച്ചിട്ടുണ്ട്. സദുദ്ദേശ്യത്തോടെയുള്ള വിമർശനം വിശ്വാസിയുടെ പാരത്രിക ജീവിതവിജയത്തിനും രക്ഷക്കും വേണ്ടിയാണല്ലോ. മുസ്‌ലിംകൾക്കിടയിലുള്ള ബാധ്യതയാണിത്.

ഒരു ഹദീസ് നോക്കൂ, അബൂ സഈദ്(റ) നിവേദനം. നബി(സ) പറഞ്ഞു: 'ഒരാളും സ്വന്തം ശരീരത്തെ നിന്ദിക്കരുത്.' സ്വഹാബത്ത് ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഒരാൾ എങ്ങനെയാണ് ആത്മനിന്ദ നടത്തുന്നത്?' നബി(സ) പറഞ്ഞു: 'അല്ലാഹുവിന്റെ കാര്യത്തിൽ വിമർശിക്കപ്പെടേണ്ട ഒരു കാര്യം ഒരാൾ കാണുകയും അതിനെ വിമർശിക്കാതിരിക്കുകയും ചെയ്യലാണത്. അന്ത്യനാളിൽ അല്ലാഹു അവനോട് ചോദിക്കും: 'ഈ കാര്യത്തിൽ നീ എന്തുകൊണ്ട് മൗനം ദീക്ഷിച്ചു?' അവൻ പറയും: 'ജനങ്ങളെ പേടിച്ചതുകൊണ്ടാണ്.' അല്ലാഹു പറയും: 'പേടിക്കപ്പെടാൻ കൂടുതൽ അർഹൻ ഞാനാണ്.' (ഇബ്നുമാജ-3998)

നമ്മുടെ വാക്കുകളും പ്രവർത്തനങ്ങളും ആംഗ്യങ്ങളും സോഷ്യൽമീഡിയ ഉപയോഗവും മറ്റുള്ളവർക്ക് ഉപകാരപ്രദമാകും വിധമാകണം. മറ്റു മനുഷ്യർക്ക് സന്തോഷങ്ങൾ നൽകാൻ സാധിക്കുന്നവനാണ് യഥാർത്ഥ മുസ്‌ലിം. ആരെയും അപഹസിക്കുകയോ വേദനിപ്പിക്കുകയോ ചെയ്യരുത്. 'നിങ്ങൾ സന്തോഷിപ്പിക്കുക, വെറുപ്പ് ഉണ്ടാക്കുന്നവരാകരുത്' എന്ന പ്രവാചകാധ്യാപനം വളരെ ശ്രദ്ധേയമാണ്. ഉപകാരം ചെയ്യാൻ കഴിയുന്നില്ലെങ്കിലും ഉപദ്രവം ചെയ്യാതിരിക്കാൻ ശ്രദ്ധിക്കണം. നൽകുന്നതേ തിരിച്ചു കിട്ടുകയുള്ളൂ. എല്ലാം തികഞ്ഞവരായി ആരുമില്ല. നാം പരിഹസിക്കുന്നവർ നമ്മെക്കാൾ മുൻപന്തിയിലുള്ളവരാണെന്ന ബോധം എപ്പോഴും ഉണ്ടായിരിക്കണം. നമ്മെയൊരാൾ പരിഹസിക്കുമ്പോൾ നമുക്കുണ്ടാവുന്ന വേദന നമ്മുടെ പരിഹാസമേൽക്കുന്നവർക്കുമുണ്ടാകും. വാക്കുകൾ സൂക്ഷിച്ചു പ്രയോഗിക്കുക. നമ്മുടെ വാക്കുകളും പ്രവർത്തനങ്ങളുമെല്ലാം രേഖപ്പെടുത്തുന്നുണ്ട്. നാളെ ഇതിനെല്ലാം വിചാരണ നേരിടേണ്ടിവരുമെന്ന ബോധ്യമാണ് നമ്മെ നയിക്കേണ്ടത്.

നമ്മുടെ വാക്കുകളും പ്രവർത്തനങ്ങളും ആംഗ്യങ്ങളും സോഷ്യൽമീഡിയ ഉപയോഗവും മറ്റുള്ളവർക്ക് ഉപകാരപ്രദമാകും വിധമാകണം. മറ്റു മനുഷ്യർക്ക് സന്തോഷങ്ങൾ നൽകാൻ സാധിക്കുന്നവനാണ് യഥാർത്ഥ മുസ്‌ലിം. ആരെയും അപഹസിക്കുകയോ വേദനിപ്പിക്കുകയോ ചെയ്യരുത്.

വൈജ്ഞാനികം

നാഫിഅ് കടകശ്ശേരി

മഖാസിദുശ്ശരീഅയുടെ പ്രായോഗിക തലങ്ങൾ

മനുഷ്യജീവിതത്തെ ഏറ്റവും പരിപൂർണ്ണമായ അവസ്ഥയിലേക്കെത്തിക്കാൻ വേണ്ടി സ്രഷ്ടാവ് സംവിധാനിച്ചതാണ് ശരീഅത്ത്. ഇസ്‌ലാമിലെ ഓരോ നിയമത്തിനു പിന്നിലും ഉൽകൃഷ്ടമായ ലക്ഷ്യങ്ങളുണ്ട്. ഈ ലോകം പരലോകത്തിന് അനുഗുണമായി എങ്ങനെ ഉപയോഗിക്കാം എന്നുകൂടി ഇതിൽ പരിഗണിക്കപ്പെടും. കേവലം ഭൗതികമായ സുഖങ്ങളല്ല പരിഗണിക്കപ്പെട്ടിട്ടുള്ളത്. പരമമായ സുഖം ഇവിടെ സാധ്യവുമല്ല. മാനവനന്മക്ക് വേണ്ടി ശാരിഹ് (നിയമനിർമാതാവ്) നിയമവ്യവസ്ഥകളിൽ പരിഗണിച്ച ആത്യന്തിക ലക്ഷ്യങ്ങളാണ് മഖാസിദ്.

ശരീഅത്തിന്റെ നിയമങ്ങളുടെ പൊരുൾ അന്വേഷിക്കുക, അനുവദനീയമായ വ്യവസ്ഥക്കുള്ളിൽ നിന്നുകൊണ്ട് അവയെ നിയമനിർദ്ധാരണത്തിന് ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ക്രോഡീകരിക്കപ്പെട്ട തത്വസംഹിതകളാണ് മഖാസിദുശ്ശരീഅ എന്ന വിജ്ഞാനശാഖ. സ്വഹാബികളും താബിഉകളും മദ്ഹബിന്റെ ഇമാമുകളും ശരീഅത്തിന്റെ ആത്യന്തിക ലക്ഷ്യങ്ങൾ കൃത്യമായി ഉൾക്കൊണ്ടവരും അതനുസരിച്ച് നിയമങ്ങൾ നിർദ്ധാരണം ചെയ്തവരുമായിരുന്നു. മറ്റു പല വിജ്ഞാന ശാഖകളെയും പോലെ അത് ഒരു വിജ്ഞാന ശാഖയായി രൂപപ്പെട്ടത് പിന്നീടാണെന്നു മാത്രം. മുൻഗാമികളുടെ കിതാബുകളിൽ മഖാസിദിനെ പരിഗണിച്ചിട്ടുണ്ട്. മസ്വാലിഹ്, മനാഫിഅ്, മഹാസിനുശ്ശരീഅ തുടങ്ങിയ പ്രയോഗങ്ങൾ അതിലേക്കുള്ള സൂചനയാണ്.

അബൂബക്കർ ഖഫാൽ അശ്ശാശി, നിദാനശാസ്ത്രത്തിന്റെ വളർച്ചയിൽ വലിയ പങ്കു വഹിച്ച അബൂബക്കർ ബാഖില്ലാനി എന്നിവർ യഥാക്രമം മഹാസിനുശ്ശരീഅഃ, അത്തഖ്‌രീബു വൽ ഇർശാദ് എന്നീ കൃതികളിലൂടെ ആദ്യ നൂറ്റാണ്ടുകളിൽ ഈ രംഗത്ത് ചുവടുവെപ്പ് നടത്തിയവരിൽ പ്രധാനികളാണ്. മഖാസിദ് പഠനങ്ങൾക്ക് വ്യവസ്ഥാപിത രൂപം നൽകുന്നതിൽ വലിയ പങ്കുവഹിച്ചവരാണ് ഇമാമുൽ ഹറമൈനി. തന്റെ നിദാനശാസ്ത്ര ഗ്രന്ഥമായ ബുർഹാനിലെ ചർച്ചയിലും കർമശാസ്ത്ര ഗ്രന്ഥമായ നിഹായത്തുൽ മത്‌ലബിലെ പ്രയോഗങ്ങളിലും നിയമനിർദ്ധാരണത്തിന് സ്വീകരിച്ച രീതികളിലും മഖാസിദിനെ പരിഗണിച്ചതിന് പല ഉദാഹരണങ്ങളും കാണാം. പിന്നീട് അദ്ദേഹത്തിന്റെ ശിഷ്യനും സർവ്വവിജ്ഞാന

ശാഖകളിലും അവഗാഹമുള്ള പണ്ഡിതനുമായ ഇമാം ഗസ്സാലി(റ) ഈ പഠനം മുന്നോട്ടുകൊണ്ടുപോയി. അവരുടെ നിദാനശാസ്ത്ര ഗ്രന്ഥമായ മൻഖൂലിലും മുസ്തസ്ഫയിലും, ഖിയാസിനെ അപഗ്രഥിച്ചെഴുതിയ ശിഫാഉൽ അലീലിലുമാണ് പ്രധാനമായും മഖാസിദ് ചർച്ചകൾ ഉള്ളത്. മഹാനവർകളുടെ പ്രധാന ഗ്രന്ഥമായ ഇഹ്യാ ഉലൂമുദ്ദീനിലും നിയമത്തിന്റെ പൊരുളുകളിലേക്ക് ഇറങ്ങിച്ചെന്ന് അവയുടെ ആത്മാവ് തൊട്ടറിയുകയാണ്.

മഖാസിദുകളെ നിയമങ്ങളുടെ പ്രാധാന്യമനുസരിച്ച് അനിവാര്യത(ളറൂരിയ്യ്), ആവശ്യം(ഹാജിയ്യ്), ആലങ്കാരികം(തഹ്സീനിയ്യ്) എന്നിങ്ങനെ മൂന്നായി വർഗ്ഗീകരിച്ചത് അദ്ദേഹമാണ്.

ശരീഅത്തിന്റെ ലക്ഷ്യ സാക്ഷാത്കാരത്തിന് അനിവാര്യമായ കാര്യങ്ങൾ, അതായത് അടിസ്ഥാന പഞ്ചലക്ഷ്യങ്ങളായ മതം, ശരീരം, ബുദ്ധി, സന്താനം, ധനം എന്നിവയെ സംരക്ഷിക്കാനുതകുന്ന നന്മകൾ എന്നാണ് അനിവാര്യത എന്നതിന് മഹാൻ നൽകിയ വിശദീകരണം. അനായാസം കാര്യങ്ങൾ നിർവഹിക്കൽ, സൗകര്യം ലഭ്യമാക്കൽ തുടങ്ങിയ കാര്യങ്ങൾ പരിഗണിക്കപ്പെടുന്നതാണ് ഹാജിയ്യ്. രോഗികൾക്കും യാത്രക്കാർക്കും ആരാധനകളിൽ അനുവദിക്കപ്പെട്ട ഇളവുകൾ, രുചികരമായ ഭക്ഷണങ്ങൾ കഴിക്കാനുള്ള അനുമതി തുടങ്ങിയവ ഇതിനുദാഹരണമാണ്. അനിവാര്യതകളുടെ സംരക്ഷണം കൂടിയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇസ്‌ലാമിക നിയമത്തിന്റെ പൂർണ്ണതയും വശ്യതയുമാണ് തഹ്സീനിയ്യ്. ദാനധർമ്മം, ഭക്ഷണ മര്യാദകൾ എന്നിവ ഇതിനുദാഹരണങ്ങളാണ്.

സമ്പൂർണ്ണമായ ലക്ഷ്യപ്രാപ്തിക്കാവശ്യമായ പരിപൂരകങ്ങൾ ഇവയിലെല്ലാം കടന്നുവരും. മുകമ്മിലാത് എന്ന പേരിലാണ് ഇവ അറിയപ്പെടുന്നത്. ലഹരിയില്ലെങ്കിലും കുറഞ്ഞ അളവിൽ മദ്യം കുടിക്കൽ നിഷിദ്ധമാക്കിയത് ബുദ്ധി സംരക്ഷണമെന്ന അനിവാര്യതയുടെ പരിപൂരകമാണ്. വിവാഹം കഴിക്കുമ്പോൾ ഇണപ്പൊരുത്തം(കുഫുവ്) പരിഗണിക്കുന്നതും ഏറ്റവും ഉത്തമമായത് ദാനം ചെയ്യുന്നതും യഥാക്രമം ഹാജിയ്യിന്റെയും തഹ്സീനിന്റെയും പൂരകമായി വിലയിരുത്താവുന്നതാണ്.

മതത്തിന്റെ സംരക്ഷണമാണ് ഇസ്‌ലാമികനിയമങ്ങളുടെ പ്രഥമ ലക്ഷ്യം. നിസ്കാരം, നോമ്പ്, മതവിജ്ഞാനം കരസ്ഥമാക്കൽ തുടങ്ങിയവ ഈ ഗണത്തിൽ പെടുന്നു. ജീവഹാനി ഭയപ്പെടുമ്പോൾ അനുവദിക്കപ്പെട്ട ഭക്ഷണം ലഭ്യമാകാതെ വന്നാൽ ശവം ഭക്ഷിക്കൽ അനുവദനീയമാക്കിയത് ശരീര സംരക്ഷണത്തിനാണ്. സ്വതന്ത്ര ലൈംഗികത നിരോധിച്ച് നികാഹ് നിർബന്ധമാക്കിയതിൽ സന്താന കുടുംബ വിശുദ്ധിയും മോഷ്ടാവിന് പ്രതിക്രിയ നടപ്പാക്കുന്നതിൽ ധനസുരക്ഷയുമാണുള്ളത്.

പിന്നീട് വന്ന ഭൂരിപക്ഷം മഖാസിദ് പണ്ഡിതരും ഇത് അംഗീകരിച്ചിട്ടുണ്ട്. ഗസ്സാലി ഇമാമിന്റെ ചുവടുപിടിച്ച് പിൽക്കാലത്ത് ഉസൂലീ പണ്ഡിതർ തങ്ങളുടെ ഗ്രന്ഥങ്ങൾ മഖാസിദി ചർച്ചകൾകൊണ്ട് സമ്പന്നമാക്കി. ഫഖ്റുദ്ദീൻ അൽറാസിയുടെ അൽമഹ്സൂലും സൈഫുദ്ദീൻ അൽആമിദിയുടെ അൽഇഹ്കാമും അതിൽ പ്രധാനമാണ്. പിന്നീട് മഹ്സൂൽ അടിസ്ഥാനമാക്കി ഖാളീ അൽബൈളാവി രചിച്ച മിൻഹാജും ഇഹ്കാമിനെ സംഗ്രഹിച്ച് മാലികീ പണ്ഡിതനായ ഇബ്നുൽ ഹാജിബ് എഴുതിയ മുഖ്തസറും ഇതിന്റെ തുടർച്ചകളാണ്.

വളർച്ച പ്രാപിക്കുന്ന മഖാസിദ് പഠനത്തിന് വ്യത്യസ്ത സമീപന രീതിയിലൂടെയും വിശകലനത്തിലൂടെയും വ്യവസ്ഥാപിതമായ മുഖം നൽകിയവരിൽ പ്രധാനിയാണ് ഇസ്സുദ്ദീനുബ്നു അബ്ദുൽസലാം. നിദാനശാസ്ത്രത്തിന്റെ ഒരു ഭാഗമായി മാത്രം ഒതുങ്ങി നിന്ന മഖാസിദ് ചർച്ചകളെ സ്വതന്ത്രപ്രമേയമായി അവതരിപ്പിക്കുന്ന പ്രഥമ ഗ്രന്ഥമാണ് അദ്ദേഹത്തിന്റെ 'ഖവാഇദുൽ അഹ്കാം ഫീ മസ്വാലിഹിൽ അനാം.'

മാലികീ പണ്ഡിതനായ ഇമാം അബൂഇസ്ഹാഖ് അശ്ശാതിബി ഈ വിജ്ഞാനശാഖയിലെ അവഗണിക്കാൻ കഴിയാത്ത സാന്നിധ്യമാണ്. മഖാസിദീ ചർച്ചകളെ അദ്ദേഹം അടിസ്ഥാന വിജ്ഞാനശാഖയായി വികസിപ്പിച്ച് തന്റെ 'മുവാഫഖാത്' എന്ന ഗ്രന്ഥത്തിലൂടെ അവതരിപ്പിച്ചു. പ്രമുഖ ഇന്ത്യൻ പണ്ഡിതനായിരുന്ന ശാഹ് വലിയ്യുല്ലാഹി അദ്ഹ്‌ലവിയും ഈ വിജ്ഞാനശാഖയുടെ വളർച്ചയിൽ പങ്കാളിയാണ്. അദ്ദേഹത്തിന്റെ 'ഹുജ്ജത്തുല്ലാഹിൽ ബാലിഗഃ' മഖാസിദ് പഠനങ്ങളിലെ വേറിട്ട രചനയാണ്. ആധുനിക കാലഘട്ടത്തിൽ മഖാസിദീ പഠനങ്ങൾക്ക് കൂടുതൽ ശ്രദ്ധ ലഭിക്കുകയും പല പഠനങ്ങളും

ശരീഅത്തിന്റെ നിയമങ്ങളുടെ പൊരുൾ അന്വേഷിക്കുക, അനുവദനീയമായ വ്യവസ്ഥക്കുള്ളിൽ നിന്നുകൊണ്ട് അവയെ നിയമനിർദ്ധാരണത്തിന് ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ക്രോഡീകരിക്കപ്പെട്ട തത്വസംഹിതകളാണ് മഖാസിദുശ്ശരീഅ എന്ന വിജ്ഞാനശാഖ. സ്വഹാബികളും താബിഉകളും മദ്ഹബിന്റെ ഇമാമുകളും ശരീഅത്തിന്റെ ആത്യന്തിക ലക്ഷ്യങ്ങൾ കൃത്യമായി ഉൾക്കൊണ്ടവരും അതനുസരിച്ച് നിയമങ്ങൾ നിർദ്ധാരണം ചെയ്തവരുമായിരുന്നു.

മഖാസിദുശ്ശരീഅ ഒരു സ്വതന്ത്ര പ്രമാണമല്ല. മഖാസിദീ പഠനങ്ങൾ മതപ്രമാണം പൊളിച്ചെഴുതുന്നതാകരുത്. മദ്ഹബിലെ നിയമങ്ങളെല്ലാം മഖാസിദിനെക്കൂടി പരിഗണിച്ച് ഗവേഷണം ചെയ്ത് കണ്ടെത്തിയതാണ്. നിദാനശാസ്ത്രത്തിൽ നിന്ന് വിധികൾ കണ്ടെത്താനുള്ള യോഗ്യത ഗവേഷകരായ പണ്ഡിതർക്ക് മാത്രമാണുള്ളത്.

ഈ രംഗത്ത് പ്രകാശിതമാവുകയും ചെയ്തിട്ടുണ്ട്. സഈദ് റമദാൻ ബൂത്വിയുടെ 'ളവാബിത്വുൽ മസ്‌ലഹ ഫിശ്ശരീഅതിൽ ഇസ്‌ലാമിയ്യഃ' എന്ന ഗ്രന്ഥം ഇതിൽ പ്രസിദ്ധമാണ്.

തഖ്‌ലീദിന്റെ വലയത്തിൽ നിന്നുള്ള മോചനമായും ഇജ്തിഹാദ് നടത്താനുള്ള അനുമതിയായും മഖാസിദിനെ ദുരുപയോഗം ചെയ്യുന്ന പ്രവണത പല ആധുനിക പണ്ഡിതരിലും പ്രകടമാണ്. മദ്ഹബ് പിന്തുടരേണ്ടവരായ നമുക്ക് ഒരിക്കലും ഇത് അംഗീകരിക്കാൻ പറ്റില്ല. അതേസമയം മഖാസിദിനെ പാടെ അവഗണിക്കുന്ന രീതിയും ശരിയല്ല. മതപ്രമാണങ്ങൾ കേവലം അക്ഷരവായനയിലൂടെ മാത്രം മനസ്സിലാക്കേണ്ടതല്ല; അർത്ഥ വായനക്കും അതിൽ ഇടമുണ്ട്. 'കന്യകയുടെ മൗനം നികാഹിന് സമ്മതമായി പരിഗണിക്കും' എന്ന പ്രയോഗത്തിൽ 'അവൾ കാര്യം വ്യക്തമായി പറഞ്ഞാൽ അത് സമ്മതമായി പരിഗണിക്കുകയില്ല' എന്ന കേവല അക്ഷരവായന ശരിയല്ല, മൗനം പറ്റുമെങ്കിൽ അവളുടെ മൊഴിയും സമ്മതമായി പരിഗണിക്കാം എന്നതാണ് ശരിയായ അർത്ഥവായന. മഖാസിദിനെ മർമ്മമായി സ്വീകരിച്ച് കർമശാസ്ത്ര പണ്ഡിതർ വ്യക്തമായി പറഞ്ഞ ഉദ്ധരണികളെ (നസ്സുകളെ) പാടേ മാറ്റിനിർത്തുന്ന രീതി അപകടകരമാണ്. മാനവനന്മയും (മസ്‌ലഹത്ത്) തിന്മയും (മഫ്സദത്) പരിഗണിക്കേണ്ടത് നമ്മുടെ കേവല



യുക്തികൊണ്ടും ചിന്തകൊണ്ടു മല്ല. പ്രത്യുത, ശർഇയ്യായ തെളിവുകളുടെ അടിസ്ഥാനത്തിലാണ്.

മഖാസിദുശ്ശരീഅ ഒരു സ്വതന്ത്ര പ്രമാണമല്ല. മഖാസിദീ പഠനങ്ങൾ മതപ്രമാണം പൊളിച്ചെഴുതുന്നതാകരുത്. മദ്ഹബിലെ നിയമങ്ങളെല്ലാം മഖാസിദിനെക്കൂടി പരിഗണിച്ച് ഗവേഷണം ചെയ്ത് കണ്ടെത്തിയതാണ്. നിദാനശാസ്ത്രത്തിൽ നിന്ന് വിധികൾ കണ്ടെത്താനുള്ള യോഗ്യത ഗവേഷകരായ പണ്ഡിതർക്ക് മാത്രമാണുള്ളത്.

പുതിയ കാലത്ത് 'അൽഖവാഇദുൽ ഫിഖ്ഹിയ്യ' പഠനങ്ങൾക്കാണ് നിദാനശാസ്ത്രപഠന (ഉസൂൽ) ത്തെക്കാൾ കൂടുതൽ പ്രായോഗിക സാധ്യതയുള്ളത്. കർമശാസ്ത്രത്തിൽ അഗാധ പാണ്ഡിത്യമുള്ള പണ്ഡിതർക്ക് ബഹ്സ് നടത്താൻ ഖവാഇദീ പഠനങ്ങൾ ഉപകരിക്കും. ശർഇൽ സ്ഥിരപ്പെട്ട നിയമങ്ങളിൽ നിന്ന് അവയുടെ പൊതുസ്വഭാവങ്ങളും ഗുണങ്ങളും പരിഗണിച്ച് കണ്ടെത്തപ്പെടുന്ന സൂത്രവാക്യങ്ങളാണ് ഖവാഇദുകൾ. കർമശാസ്ത്ര വിധികൾക്കു മുന്നേ ഉണ്ടാകേണ്ടതാണ് നിദാനശാസ്ത്രം. നിയമങ്ങൾക്കു ശേഷം രൂപപ്പെടുന്നവയാണ് ഖവാഇദുകൾ. മഖാസിദിന്റെ ഭാഗം തന്നെയാണ് ഖവാഇദുകളും. പ്രശ്നങ്ങൾ അനിയന്ത്രിതമാവുകയും കാലത്തിന്റെ മാറ്റത്തിനനുസരിച്ച് പുതിയത് കടന്നുവരികയും ചെയ്യുമ്പോൾ ബഹ്സ് നടത്തൽ അനിവാര്യമായിവരും.

വിധിപറയേണ്ട വിഷയവുമായി ബന്ധപ്പെട്ട് കർമശാസ്ത്ര ഉദ്ധരണികൾ ഇല്ലാതിരിക്കുമ്പോൾ കർമശാസ്ത്രപണ്ഡിതർ പറഞ്ഞുവെച്ച ഉദ്ധരണികളിൽ നിന്നു നിയമങ്ങൾ ഗ്രഹിച്ചെടുക്കുന്ന രീതിയാണ് 'ബഹ്സ്'. പ്രാമാണിക ഗ്രന്ഥങ്ങൾ പരതിയുള്ള നൈപുണ്യം ബഹ്സ് നടത്തുന്നവർക്ക് ഉണ്ടാകേണ്ട യോഗ്യതയാണ്. പുതിയ പ്രശ്നങ്ങൾ വരുമ്പോൾ അതിനു സമാനമായ ഉദ്ധരണികൾ ഇമാമുകളുടെ ഗ്രന്ഥങ്ങളിലില്ലെങ്കിലേ ബഹ്സിനു സ്ഥാനമുള്ളൂ. അതു മനസ്സിലാക്കാൻ കർമശാസ്ത്രത്തിൽ ആഴത്തിലുള്ള അറിവ് വേണം.

കർമശാസ്ത്രത്തിൽ മതിയായ അറിവ് നേടാതെയുള്ള ഖവാഇദ് പഠനങ്ങൾ അപകടം സൃഷ്ടിക്കുമെന്ന ആശങ്ക മുന്നിൽ കാണുകയും പഠിതാക്കളെ അതു തെര്യപ്പെടുത്തുകയും വേണം. പ്രവിശാലമായ കർമശാസ്ത്ര ഗ്രന്ഥങ്ങൾ പരതുക എന്ന ശ്രമകരമായ ദൗത്യത്തിൽ നിന്ന് പിന്മാറി ഖവാഇദുകളെ ഉപയോഗപ്പെടുത്തി പെട്ടെന്ന് വിധികൾ പുറപ്പെടുവിക്കുന്ന ശൈലി ആധുനിക പണ്ഡിതരിൽ, പ്രത്യേകിച്ച് പുറം രാജ്യങ്ങളിൽ കാണാറുണ്ട്. മദ്ഹബിന്റെ മാനദണ്ഡങ്ങൾ പരിപൂർണ്ണമായും ഉൾക്കൊണ്ടാണ് ഖവാഇദുകൾ പ്രയോഗിക്കേണ്ടത്.

നോവൽ

മുജ്തബ നസ്വീഹ്

ഇരുട്ടും വെളിച്ചവും വഴിപിരിയും നേരം

16

‘ഉ

ബ്ബാ, ഉമ്മീടെ അട്ത്ത് എത്താറാ യോ? എപ്പഴാ എത്ത്വാ? നമ്മള് കുറെ ദൂരായല്ലോ പോകുന്ന്. ഉമ്മി അവിടെ എന്ത് ചെയ്യാ? നിക്ക് ഉമ്മീന്റ്ട്ത്ത് വേഗം എത്തണം...’

മെഹബൂബ് മടിയിൽ കയറിയിരുന്നു പലതും ചോദിക്കുകയും ചിണുങ്ങുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. എന്താണവനോട് പറയുക? കുറേ യാത്ര ചെയ്താൽ ഉമ്മിയുടെ അടുത്തെത്താമെന്ന് അവൻ വിശ്വസിക്കുന്നുണ്ട്. ഉമ്മി ദൂരേക്ക് പോയതാണെന്ന ആയയുടെ വാക്കുകളല്ലേ അവനിൽ അങ്ങനെയൊരു പ്രതീക്ഷ വളർത്തിയത്. ഉമ്മി മരിച്ചുപോയി എന്നു പറഞ്ഞാൽ അവനത് മനസ്സിലാക്കാൻ കഴിയില്ലെന്ന ധാരണയിലായിരിക്കാം അവൾ അങ്ങനെ പറഞ്ഞത്. ഈ ധാരണയുമായി കഴിയുന്ന അവൻ വലുതാകുമ്പോൾ കാര്യം തിരിച്ചറിയും. അപ്പോഴവൻ കരുതുകയില്ലേ, എല്ലാവരും എന്നെ പറ്റിക്കുകയായിരുന്നെന്ന്?

എങ്ങനെയെങ്കിലും അവന്റെ മനസ്സിലെ തെറ്റായ ധാരണ തിരുത്തേണ്ടതുണ്ട്. പക്ഷേ, എങ്ങനെ? എന്തു പറഞ്ഞാണവനെ സത്യം ബോധ്യപ്പെടുത്തുക?

മനസ്സിൽ വിചാരങ്ങളുടെ വേലിയേറ്റം തന്നെ. അറ്റമില്ലാത്ത വിചാരങ്ങൾ. അതിൽ നിന്നല്പമെങ്കിലും മോചനം കിട്ടിയെങ്കിൽ!

ഉസ്താദിന്റെ വാക്കുകൾ മനസ്സിലേക്കോടിയെത്തി. ‘മനസ്സ് വല്ലാതെ അസ്വസ്ഥമാകുന്നുണ്ടോ? എങ്കിൽ ദൈവിക സ്മരണയിൽ മുഴുകാൻ ശ്രമിക്കുക. ശ്വാസോച്ഛ്വാസങ്ങളിൽ ‘അല്ലാഹ്, അല്ലാഹ്’ എന്ന പദം ലയിപ്പിക്കുക. അല്ലാഹു നൽകിയ അനുഗ്രഹങ്ങളെക്കുറിച്ച് ഓർത്തുകൊണ്ടിരിക്കുക.’

കുറേ യാത്ര ചെയ്താൽ ഉമ്മിയുടെ അടുത്തെത്താമെന്ന് അവൻ വിശ്വസിക്കുന്നുണ്ട്. ഉമ്മി ദൂരേക്ക് പോയതാണെന്ന ആയയുടെ വാക്കുകളല്ലേ അവനിൽ അങ്ങനെയൊരു പ്രതീക്ഷ വളർത്തിയത്. ഉമ്മി മരിച്ചുപോയി എന്നു പറഞ്ഞാൽ അവനത് മനസ്സിലാക്കാൻ കഴിയില്ലെന്ന ധാരണയിലായിരിക്കാം അവൾ അങ്ങനെ പറഞ്ഞത്.

‘ദുരിതങ്ങളാണ് മുന്നിട്ടു നിൽക്കുന്നതെങ്കിലും അവയ്ക്കപ്പുറത്ത് അനുഗ്രഹങ്ങളുടെ ഒരു കൂമ്പാരം തന്നെയില്ലേ? മറ്റു പലർക്കുമില്ലാത്ത എത്രയെത്ര അനുഗ്രഹങ്ങൾ നിങ്ങൾക്കു സ്വന്തമായുണ്ട്! അവ എണ്ണിത്തിട്ടപ്പെടുത്താൻ കഴിയുന്നതിലുമപ്പുറമാണല്ലോ.’

‘അല്ലാഹ്’ എന്ന ദിക്റിൽ ലയിച്ചപ്പോൾ മനസ്സ് ശാന്തമായി. എത്ര നേരമങ്ങനെയിരുന്നെന്നറിയില്ല. മഹ്ബൂബിന്റെ പൊട്ടിച്ചിരി കേട്ടാണ് യാഥാർത്ഥ്യത്തിലേക്കു കടന്നുവന്നത്. അവനും അദ്ദേഹവും ചങ്ങാത്തത്തിലായിരിക്കുന്നു. അദ്ദേഹം വാങ്ങിക്കൊടുത്ത കളിപ്പാട്ടത്തിലാണ് അവന്റെ ശ്രദ്ധ. വിരലുകൾ തപ്പിത്തപ്പി നീങ്ങുമ്പോൾ അതിൽ നിന്നും പല ശബ്ദങ്ങൾ പുറപ്പെടുന്നു. അതാസ്വദിച്ച് വീണ്ടും വീണ്ടും കേൾപ്പിക്കുകയാണവൻ. അദ്ദേഹം നിർദ്ദേശിക്കുന്ന ശബ്ദങ്ങൾ തന്നെ പുറപ്പെടുവിക്കാൻ അവൻ പരിശീലിച്ചു കഴിഞ്ഞിരിക്കുന്നു. അതിന്റെ വിജയച്ചിരിയാണു കേൾക്കുന്നത്.

ഞാൻ മയക്കത്തിൽ നിന്നുണർന്നു. കണ്ണു തുറന്നതു കണ്ടപ്പോൾ അയാൾ പറഞ്ഞു: ‘‘നിങ്ങളുടെ മോൻ മിടുക്കനാണു കെട്ടോ. അവനെ നമുക്കു പഠിപ്പിച്ച് വലിയ ആളാക്കണം.’’

‘നമുക്കു പഠിപ്പിച്ച്....’ ആ വാക്കുകളാണ് മനസ്സിലൊരു

ഉമ്മിയുടെ വീട്ടിലെത്തിയോ?

ഉണർവ്വുണ്ടാക്കിയത്. നമുക്കെന്നു പറഞ്ഞാൽ ഞാനൊറ്റയ്ക്കല്ല. അദ്ദേഹവും...? അപരിചിതനെങ്കിലും അപ്പോഴദ്ദേഹത്തോട് കൂടെപ്പിറപ്പിനോടെന്നപോലെ വല്ലാത്തൊരു അടുപ്പമനുഭവപ്പെട്ടു. ആ ധൈര്യത്തിലാണു ചോദിച്ചത്: 'സഹോദരാ, എന്റെ മോനെ പഠിപ്പിക്കാൻ പറ്റിയ ഒരു സ്ഥാപനത്തെക്കുറിച്ചു പറഞ്ഞു തരാമോ?'

''പറഞ്ഞു തരുക മാത്രമല്ല, താൽപര്യമുണ്ടെങ്കിൽ നിങ്ങളെ ഞാൻ പറ്റിയ ഒരു സ്ഥാപനത്തിലെത്തിച്ചു തരാനും തയ്യാറാണ്.'' അയാൾ സൗഹൃദച്ചിരിയോടെ പറഞ്ഞു.

'ങേ...? അതെവിടെയാണ്? ഞങ്ങളെ നിങ്ങൾ ആ സ്ഥാപനത്തിലെത്തിച്ചു തരുമോ?'

'തീർച്ചയായും... നിങ്ങളുടെ മോന് ഞാനവിടെ അഡ്മിഷൻ വാങ്ങിത്തരാം!'

ഈ വാക്കുകൾ കേട്ടപ്പോൾ എഴുന്നേറ്റുനിന്ന് അദ്ദേഹത്തെ കെട്ടിപ്പിടിക്കാൻ തോന്നിപ്പോയി. കൈനീട്ടി അദ്ദേഹത്തിന്റെ കരം പിടിച്ചുമുറുക്കി. സഹായങ്ങൾ കടന്നുവരുന്ന വഴികൾ എത്ര വിചിത്രം! 'നിങ്ങൾ വിചാരിക്കാത്ത വഴികളിൽ കൂടി അല്ലാഹു നിങ്ങളെ സഹായിക്കും' എന്ന ഖുർആൻ വചനങ്ങളുദ്ധരിച്ച് ഉസ്താദ് പറഞ്ഞ വാക്കുകൾ മനസ്സിൽ തെളിഞ്ഞുവന്നു.

അദ്ദേഹം പറയുന്നു: 'ഭിന്നശേഷിക്കാരായ മക്കളെ പഠിപ്പിക്കുന്ന ഒരു സ്ഥാപനത്തിന്റെ ജനറൽ മാനേജറാണു ഞാൻ. നിങ്ങളുടെ മകനെപ്പോലെ കാഴ്ചശക്തിയില്ലാത്ത കുറെ കുട്ടികൾ അവിടെ പഠിക്കുന്നുണ്ട്. നിങ്ങളുടെ കുട്ടിയെയും അവിടെ ചേർക്കാം. നിങ്ങൾ പ്രതീക്ഷിക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസവും പരിശീലനവും അവന് അവിടെ നിന്നു ലഭിക്കും. എന്താ തയ്യാറല്ലേ?'

കണ്ണുകൾ നിറഞ്ഞൊഴുകി; സന്തോഷത്താൽ! പിന്നെയും അദ്ദേഹത്തിന്റെ കൈകൾ പിടിച്ചു മുറുക്കി പറഞ്ഞു: 'എന്നെ സഹായിക്കാൻ അല്ലാഹു അയച്ചതാണു നിങ്ങളെ.'

'സഹായങ്ങളൊക്കെ വന്നു ചേരുന്നത് നാം വിചാരിക്കാത്ത വഴികളിലൂടെയാണു സുഹൃത്തേ. നാം ഉറപ്പിച്ചുവെച്ചതും പ്രതീക്ഷിക്കുന്നതുമായ സഹായങ്ങൾ ചിലപ്പോൾ കിട്ടിയെന്നു വരില്ല. അപ്രതീക്ഷിതമായി വേറെ വഴികളിലൂടെ സഹായമെത്തുകയും ചെയ്യും. ഇങ്ങനെ എത്രയോ അനുഭവങ്ങൾ എനിക്കുണ്ട്. നിങ്ങൾക്കുമുണ്ടായല്ലോ ഇപ്പോൾ. ഈ ട്രെയ്നിൽ നമ്മെ ഒരു ബോഗിയിൽ അടുത്തടുത്തിരുത്തിയ അല്ലാഹു ഒരു സഹായത്തിന്റെ വഴി തുറന്നുതരികയായിരുന്നു എനിക്ക് എന്നാണു ഞാൻ വിശ്വസിക്കുന്നത്....'

അദ്ദേഹം പിന്നെയും പലതും പറഞ്ഞുകൊണ്ടിരുന്നു. ജീവിതത്തിലെ അനുഭവങ്ങൾ! ഭിന്നശേഷിക്കാർക്കായി ഒരു സ്ഥാപനം തുടങ്ങാനുള്ള ഉദ്യമത്തിൽ താനും പങ്കാളിയാകാനിടയായ സംഭവങ്ങൾ!

'ഇനിയൊരു മൂന്നുമണിക്കൂർ കൂടി സഞ്ചരിച്ചാൽ നമുക്കവിടെയെത്താം. എന്താ... അവിടെ ഇറങ്ങുകയല്ലേ?' അദ്ദേഹത്തിന്റെ ചോദ്യം കേട്ട ഉടനെത്തന്നെ പ്രതിവചിച്ചു: 'അതേ. ഞാൻ മറ്റെവിടെപ്പോകാൻ!'

അപരിചിതനെങ്കിലും അപ്പോഴദ്ദേഹത്തോട് കൂടെപ്പിറപ്പിനോടെന്നപോലെ വല്ലാത്തൊരു അടുപ്പമനുഭവപ്പെട്ടു. ആ ധൈര്യത്തിലാണു ചോദിച്ചത്: 'സഹോദരാ, എന്റെ മോനെ പഠിപ്പിക്കാൻ പറ്റിയ ഒരു സ്ഥാപനത്തെക്കുറിച്ചു പറഞ്ഞു തരാമോ?' "പറഞ്ഞു തരുക മാത്രമല്ല, താൽപര്യമുണ്ടെങ്കിൽ നിങ്ങളെ ഞാൻ പറ്റിയ ഒരു സ്ഥാപനത്തിലെത്തിച്ചു തരാനും തയ്യാറാണ്." അയാൾ സൗഹൃദച്ചിരിയോടെ പറഞ്ഞു.

'മകനെ അവിടെ ചേർത്താൽ എനിക്കു താമസിക്കാൻ...?'

'അപ്പോ നിങ്ങൾ അവിടെത്തന്നെ താമസിക്കാനാണോ ഉദ്ദേശിക്കുന്നത്?'

'അതേ, മഹ്ബൂബിനെ എനിക്കെന്നും കാണണം. കഴിയുമെങ്കിൽ എന്റെ കൂടെത്തന്നെ താമസിപ്പിക്കണം. എനിക്കെന്തെങ്കിലും ജോലി കിട്ടുമോ അവിടെ?'

'നിങ്ങൾക്കെന്തു ജോലിയറിയാം?' ആ ചോദ്യത്തിനു മുമ്പിൽ ഒന്നു പതറി. എന്തുത്തരമാണു പറയുക? ഞാനൊരെഞ്ചിനീയറാണെന്നു പറഞ്ഞാൽ...? അതു പല സംശയത്തിനുമിടയാക്കും. നല്ല വിദ്യാഭ്യാസമുള്ള ഒരാൾ അന്ധനായ മകനെയുംകൊണ്ട് നാടുവിടാനിടയായ സാഹചര്യം വിശദീകരിക്കേണ്ടി വരും. യോഗ്യത തെളിയിക്കുന്ന രേഖകളൊന്നും കൈയിലില്ല താനും. മറ്റു ജോലികളൊന്നും പരിചയമില്ല. ഉത്തരം പറയാൻ പ്രയാസപ്പെടുന്നതു കണ്ടാവും അദ്ദേഹം ചോദിക്കുന്നു: 'എന്തു ജോലിയായിരുന്നു നിങ്ങൾ ചെയ്തിരുന്നത്?'

'കാര്യമായൊന്നും ചെയ്തി

രുന്നില്ല.'

'ഏതുവരെ പഠിച്ചിട്ടുണ്ട്?'

'ഡിഗ്രി കഴിഞ്ഞതാണ്.'

'ഓ.... സാമാന്യം നല്ല വിദ്യാഭ്യാസമുണ്ടല്ലോ. തൽക്കാലം നമ്മുടെ സ്ഥാപനത്തിൽ ചെറിയൊരു ജോലി തരപ്പെടുത്തിത്തരാം. പിന്നെ യോഗ്യത പരിഗണിച്ചു മാറ്റാം.' ഇതു പറയുമ്പോൾ അദ്ദേഹത്തിന്റെ സ്വരം കേവല സൗഹൃദത്തിന്നപ്പുറം ഒരൗദ്യോഗിക ഭാവം പൂണ്ടതു ശ്രദ്ധയിൽ പെടാതിരുന്നില്ല. സ്ഥാപനത്തിന്റെ പ്രധാന ഉത്തരവാദിത്തം അദ്ദേഹത്തിന്റെ ചുമലിലാണെന്ന് ആ വാക്കുകൾ സൂചിപ്പിക്കുന്നുണ്ടായിരുന്നു.

*** *** ***

തിരക്കേറിയ സ്റ്റേഷനിലാണു ട്രെയിനെത്തിയിരിക്കുന്നത്. 'നമുക്കിറങ്ങേണ്ടതിവിടെയാണ്.' അദ്ദേഹം പറഞ്ഞു. ബാഗുമായി നടന്നു നീങ്ങുമ്പോൾ ചോദിച്ചു: 'നിങ്ങൾക്ക് ലഗേജൊന്നുമില്ലേ?'

'ഇല്ല. ഒന്നുമില്ല.'

'അപ്പോ... എല്ലാം ഒന്നു മുതൽ തുടങ്ങണമല്ലേ?' ആ ചോദ്യം കേട്ട് ചൂളിപ്പോയി. ഒന്നുമില്ലാത്ത ഒരാളുടെയും അന്ധനായ മകന്റെയും ഉത്തരവാദിത്തം തലയിൽ വന്നുപെട്ടിരിക്കുന്നു എന്നാണോ അദ്ദേഹം ചിന്തിക്കുന്നത്? അങ്ങനെ ചിന്തിച്ചാൽ തെറ്റൊന്നുമില്ല. വലിയ പണക്കാരനും എഞ്ചിനീയറും തറവാട്ടുകാരനുമൊക്കെയായ ഒരുവന്റെ വിവരക്കേടും എടുത്തുചാട്ടവുമാണല്ലോ ഇത്തരമൊരവസ്ഥയുണ്ടാക്കിത്തീർത്തത്. അതിന്റെ ഫലം അനുഭവിക്കേണ്ടി വരും എന്നുറപ്പാണ്. എത്ര പരുഷമായാണു പപ്പ പെരുമാറിയതെങ്കിലും പപ്പയോടുള്ള തന്റെ സമീപനത്തെ ന്യായീകരിക്കാൻ കഴിയില്ലല്ലോ. പപ്പയുടെയും മമ്മിയുടെയും അതൃപ്തിയുടെ ദുരന്തഫലവും അനുഭവിക്കാതിരിക്കില്ല. എല്ലാം ഏറ്റുവാങ്ങാനൊരുക്കമാണ്. ഞാൻ തന്നെ ഏറ്റുവാങ്ങിക്കൊള്ളാം, മകനിലേക്കൊന്നുമെത്തരുതേ.. എന്ന പ്രാർത്ഥനയിലാണ്.

പ്ലാറ്റ്ഫോമിൽ നിന്നു പുറത്തിറങ്ങിയപ്പോഴേക്കും മുമ്പിലെത്തിയിരിക്കുന്നു കാറ്.

ഡോർ തുറന്നുപിടിച്ച് അദ്ദേഹം പറഞ്ഞു: 'കയറിക്കോളൂ.'

ഡ്രൈവർ വിസ്മയത്തോടെ നോക്കുന്നുണ്ട്; ഏതാണീ ദരിദ്രവാസി എന്ന മട്ടിൽ. വിലയേറിയ പുതിയ കാർ വീട്ടുമുറ്റത്തിട്ട് ഇറങ്ങിയോടിയ ഞാൻ അനുഭവിക്കേണ്ടതു തന്നെയാണിതെല്ലാം.

'ട്രെയിനിൽ നിന്ന് പരിചയപ്പെട്ടതാണ് ഈ പാവം മനുഷ്യനെ. കണ്ണിനു കാഴ്ചയില്ലാത്ത മകനെ പഠിപ്പിക്കാൻ നമ്മുടെ നാട്ടിലേക്കു വന്നതാണ്.' അദ്ദേഹം ഡ്രൈവർക്കു പരിചയപ്പെടുത്തിക്കൊടുത്തു. ഡ്രൈവർ തിരിഞ്ഞുനോക്കി ഒരു പുഞ്ചിരി സമ്മാനിച്ചത് ആശ്വാസം പകർന്നു.

പല നിറത്തിലുള്ള ബോഗൺവില്ലകൾ പൂത്തുലഞ്ഞു നിൽക്കുന്ന വീഥിയിലൂടെയാണ് കാർ സ്ഥാപനമുറ്റത്തേക്കു കടന്നത്. മുമ്പിൽ വലിയൊരു കെട്ടിടം. പച്ചപ്പുല്ല് വിരിച്ച മുറ്റത്ത് അവിടവിടെ പൂക്കൾ നിറഞ്ഞ ചെടികൾ! ശാന്തമായ അന്തരീക്ഷം. ഒച്ചകളൊന്നുമില്ല. ഇവിടെത്തന്നെയാണോ അദ്ദേഹം പറഞ്ഞ വിദ്യാലയം? ഒരു കുട്ടിയെപ്പോലും എവിടെയും കാണുന്നില്ലല്ലോ.

'ഇവിടെയിറങ്ങാം.' ഡോർ തുറന്നുപിടിച്ച് അദ്ദേഹം. കാറിന്റെ ഡോർ തുറക്കാൻ പോലുമറിയാത്ത ഒരു സാധാരണക്കാരനോ ഞാൻ എന്നു മനസ്സിൽ തോന്നിപ്പോയി. പക്ഷേ, അദ്ദേഹത്തിന്റെ മുഖത്തേക്കു നോക്കിയപ്പോൾ ആ തോന്നൽ മറഞ്ഞു. അത്രയും സൗഹൃദഭാവത്തിലാണ്. അദ്ദേഹം ഓഫീസിനു നേരെ നടന്നു. അപ്പോൾ മഹ്ബൂബ് ചോദിക്കുന്നു: 'അബ്ബാ... നമ്മള് ഉമ്മിയുടെ വീട്ടിലെത്തിയോ?' (തുടരും)

'ഓ.... സാമാന്യം നല്ല വിദ്യാഭ്യാസമുണ്ടല്ലോ. തൽക്കാലം നമ്മുടെ സ്ഥാപനത്തിൽ ചെറിയൊരു ജോലി തരപ്പെടുത്തിത്തരാം. പിന്നെ യോഗ്യത പരിഗണിച്ചു മാറ്റാം.' ഇതു പറയുമ്പോൾ അദ്ദേഹത്തിന്റെ സ്വരം കേവല സൗഹൃദത്തിന്നപ്പുറം ഒരൗദ്യോഗിക ഭാവം പൂണ്ടതു ശ്രദ്ധയിൽ പെടാതിരുന്നില്ല. സ്ഥാപനത്തിന്റെ പ്രധാന ഉത്തരവാദിത്തം അദ്ദേഹത്തിന്റെ ചുമലിലാണെന്ന് ആ വാക്കുകൾ സൂചിപ്പിക്കുന്നുണ്ടായിരുന്നു.

? ചോദ്യോത്തരം/ ശാഫിഈ

ചെറുശ്ശോല അബ്ദുൽജലീൽ സഖാഫി

'സ്വബാഹൽ ഖൈർ'

ചോദ്യം - ഗൾഫുനാടുകളിൽ ഉപചാരവാക്കായി രാവിലെ 'സ്വബാഹൽ ഖൈർ' എന്ന് പറയുന്ന പതിവുണ്ട്. ചിലർ സലാം പറഞ്ഞതിനു ശേഷവും മറ്റു ചിലർ സലാം പറയാതെയുമാണ് ഇങ്ങനെ പറയുന്നത്. ഇതിന്റെ ശറഇയ്യായ വിധി എന്താണ്?

ഹമീദ് കുരുക്കിലാട്

ഉത്തരം : മുസ്‌ലിംകൾ തമ്മിൽ കാണുമ്പോഴും പിരിയുമ്പോഴുമെല്ലാം സലാം പറയുകയും സലാം മടക്കുകയും ചെയ്യലാണ് ഇസ്‌ലാം നിർദ്ദേശിച്ചിട്ടുള്ള ഉപചാരം. സലാം ഒഴിവാക്കി ചോദ്യത്തിൽ പറയപ്പെട്ടതു പോലെയുള്ളവ സ്വീകരിക്കുന്നത് ശരിയല്ല. ജാഹിലിയ്യഃ കാലഘട്ടത്തിലെയും ജൂതൻമാരുടെയും ഉപചാരവാക്കുകൾ കറാഹത്താണെന്നും അത്തരത്തിൽപെട്ട തല്ലാത്ത, നാട്ടിൽ പതിവുരീതികളായ വാക്കുകൾ മറുപടി അർഹിക്കുന്നതല്ലെന്നും എന്നാൽ അത് പറഞ്ഞവർക്ക് പ്രാർത്ഥിച്ചു കൊടുക്കുന്നതു നല്ലതാണെന്നും സലാം ഒഴിവാക്കിയതിലുള്ള അതൃപ്തി വെളിവാക്കാനും അവനെ അദബ് പഠിപ്പിക്കാനും ഉദ്ദേശിച്ച് അവനു വേണ്ടിയുള്ള പ്രാർത്ഥന ഉപേക്ഷിക്കുകയാണെങ്കിൽ അതാണ് ഏറെ നല്ലതെന്നും കർമ്മശാസ്ത്ര ഇമാമുകൾ വിശദീകരിച്ചിട്ടുണ്ട്.

ഇമാം നവവി(റ) എഴുതുന്നു: സ്വബ്ബഹകല്ലാഹു ബിൽ ഖൈർ, ഖവ്വാകല്ലാഹ് തുടങ്ങിയ പൊതുരീതിയിലുള്ള വാചകങ്ങൾ പറഞ്ഞാൽ പ്രത്യുത്തരം അർഹിക്കുന്നില്ല. എങ്കിലും അവനു വേണ്ടി പ്രാർത്ഥിച്ചുകൊടുത്താൽ നല്ലതാണ്; അവനെ അദബ് പഠിപ്പിക്കാൻ ഉദ്ദേശിച്ചാലൊഴികെ. (റൗള 10 - 235 അദ്കാർ 194)

ഇമാം ഖത്വീബുശ്ശിർബീനി(റ) എഴുതുന്നു: സ്വബ്ബഹകല്ലാഹ്, ഖവ്വാകല്ലാഹ് തുടങ്ങിയ പൊതുപ്രയോഗങ്ങൾ കൊണ്ട് അഭിവാദ്യം ചെയ്യുന്നതിന് ഇസ്‌ലാമിൽ അടിസ്ഥാനമില്ല. അതിന് മറുപടി നൽകേണ്ടതുമില്ല. അതുപറഞ്ഞവനു വേണ്ടി ദുആ ചെയ്താൽ നന്നായിരിക്കും. എന്നാൽ അവൻ സലാം ഒഴിവാക്കിയതിൽ അദബ് പഠിപ്പിക്കാൻ ഉദ്ദേശിച്ചാൽ അവനു വേണ്ടിയുള്ള ദുആ ഉപേക്ഷിക്കലാണ് നല്ലത്. (മുഗ്നി 6 - 17) ശൈഖുൽ ഇസ്‌ലാം സകരിയ്യൽ അൻസ്വാരി(റ)യുടെ അസ്നൽ മത്വാലിബി (4 - 186)ലും ഇമാം റംലി(റ)യുടെ നിഹായ (8 - 54)ലുമെല്ലാം ഇക്കാര്യം പറഞ്ഞിട്ടുണ്ട്.

ഇമാം ഇബ്നുഹജർ(റ) എഴുതി: പ്രഭാത ഉപചാരം കറാഹത്തില്ലെന്ന് പറഞ്ഞിട്ടുള്ളത് സ്വബാഹൽ ഖൈർ പോലെയഹൂദികളുടെ പ്രസിദ്ധമായ വാക്കുകൾ അല്ലാത്തതിനെക്കുറിച്ചാണ്. സ്വബാഹൽ ഖൈർ പോലെയുള്ള ജാഹിലിയ്യഃ പ്രയോഗങ്ങൾ കറാഹത് തന്നെയാണ്. (അൽഫതാവൽ ഹദീസിയ്യ: 97, 101)

ചോദ്യം - ഒരു കച്ചവടക്കാരൻ തന്റെ സകാത്ത് വിതരണത്തിനായി ഒരു വ്യക്തിയെ ഏൽപിച്ചാൽ അതുകൊണ്ടു മാത്രം അദ്ദേഹത്തിന്റെ സകാത്തിന്റെ ബാധ്യത വീടുമോ? അഥവാ ഏൽപിക്കപ്പെട്ടവൻ അവകാശികൾക്ക് വിതരണം ചെയ്യാതിരുന്നാലോ? ഏൽപിക്കപ്പെട്ടവൻ അവകാശികൾക്ക് വിതരണം ചെയ്താൽ മാത്രമേ സകാത് വീടുകയുള്ളൂ എന്നുണ്ടോ?

അബ്ദുല്ല പിലാത്തറ

ഉത്തരം : സകാത്ത് വിതരണം ഏറെ ഗൗരവത്തിലെടുക്കേണ്ടതുണ്ട്. ആരെയെങ്കിലും ഏൽപിച്ചതുകൊണ്ട് മാത്രം സകാത്ത് വീടുമെന്ന് ധരിക്കരുത്. സകാത്ത് വിതരണത്തിന് മൂന്ന് വഴികളാണുള്ളത്. ഒന്ന്: സകാത്ത് നിർബന്ധമുള്ള വ്യക്തി നേരിട്ട് അവകാശികൾക്ക് നൽകുക. രണ്ട്: ഇസ്‌ലാമിക ഭരണാധികാരിയായ ഇമാമുൽ അഅ്ളമിലേക്ക് നൽകുക. മൂന്ന്: അവകാശികൾക്ക് നൽകാൻ മറ്റൊരാളെ വകാലത്ത് ചെയ്യുക.

ത്തിന് ഒരാളെ ഏൽപിച്ചത് കൊണ്ട് മാത്രം ബാധ്യത വീടുന്നതല്ല. ഏൽപിക്കപ്പെട്ട വ്യക്തി അവകാശികൾക്ക് നൽകിയാൽ മാത്രമേ സകാത്ത് വീടുകയുള്ളൂ.

ഇമാം നവവി(റ) എഴുതുന്നു: സകാത്ത് വിതരണം ഏൽപിക്കപ്പെട്ടവൻ അവകാശികൾക്ക് നൽകാതെ വഞ്ചന നടത്തിയാൽ ഉടമസ്ഥന്റെ സകാത്ത് വീടുന്നതല്ല. ഏൽപിക്കപ്പെട്ടവന്റെ കൈവശത്തിലിരിക്കുന്നത് ഉടമസ്ഥന്റെ കൈവശത്തിലുള്ളത് പോലെ തന്നെയാണ്. സകാത് അവകാശികളിലേക്ക് എത്താതിരിക്കുമ്പോൾ സകാത്ത് നിർബന്ധമുള്ളവന്റെ ബാധ്യത ഒഴിവാകുന്നതല്ല. (ശറഹുൽ മുഹദ്ദബ് 6-165) തുഹ്ഫ (3 - 350)യിലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

സകാത്ത് വിതരണം ഏറെ ഗൗരവത്തിലെടുക്കേണ്ടതുണ്ട്. ആരെയെങ്കിലും ഏൽപിച്ചതുകൊണ്ട് മാത്രം സകാത്ത് വീടുമെന്ന് ധരിക്കരുത്. സകാത്ത് വിതരണത്തിന് മൂന്ന് വഴികളാണുള്ളത്. ഒന്ന്: സകാത്ത് നിർബന്ധമുള്ള വ്യക്തി നേരിട്ട് അവകാശികൾക്ക് നൽകുക. രണ്ട്: ഇസ്ലാമിക ഭരണാധികാരിയായ ഇമാമുൽ അഅ്ളമിലേക്ക് നൽകുക. മൂന്ന്: അവകാശികൾക്ക് നൽകാൻ മറ്റൊരാളെ വകാലത്ത് ചെയ്യുക. (റൗള: 2 - 60)

ഇസ്ലാമിക ഭരണാധികാരിയിലേക്ക് നൽകുന്ന വഴി നമ്മുടെ മുന്നിലില്ല. അവകാശികൾക്ക് നേരിട്ട് നൽകുക, അവകാശികൾക്ക് നൽകാൻ മറ്റൊരാളെ വകാലത്താക്കുക എന്നീ വഴികളാണ് നമുക്ക് മുന്നിലുള്ളത്.

സകാത്ത് നിർബന്ധമുള്ളവൻ നേരിട്ട് അവകാശികൾക്ക് നൽകലാണ് ഉത്തമം. എങ്കിൽ സകാത്ത് വീട്ടിയെന്ന് ഉറപ്പിക്കാം. വകാലത്തിന്റെ നിയമങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വിതരണത്തിന് മറ്റൊരാളെ ഏൽപിക്കാമെങ്കിലും ഏൽപിക്കപ്പെട്ടവൻ അവകാശികൾക്ക് നൽകാതിരുന്നാൽ സകാത്ത് വീടുകയില്ല. അതിനാൽ വിതരണം ചെയ്യാൻ മറ്റൊരാളെ ഏൽപിക്കുമ്പോൾ അറിവും സൂക്ഷ്മതയുള്ളവരെ തന്നെ ഏൽപിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

ഇമാം നവവി(റ) എഴുതി: സകാത്ത് വിതരണത്തിനുള്ള മൂന്ന് മാർഗ്ഗങ്ങളിൽ അവകാശികൾക്ക് നൽകാൻ മറ്റൊരാളെ ഏൽപിക്കുന്നതിലേറെ ശ്രേഷ്ഠം സകാത്ത് നിർബന്ധമുള്ള വ്യക്തി നേരിട്ട് അവകാശികൾക്ക് നൽകലാണെന്നതിൽ രണ്ടഭിപ്രായമില്ല. ഏൽപിക്കപ്പെട്ടവൻ വഞ്ചന നടത്താൻ സാധ്യതയുണ്ട്. അപ്പോൾ സകാത്ത് വീടുകയില്ല. (റൗള 2 - 205)

ഇമാം ശാഫിഈ(റ) പറയുന്നു: ഒരാൾ തന്റെ സകാത്തിന്റെ കാര്യം മറ്റൊരാളെ ഏൽപിക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല. സകാത്ത് നിർബന്ധമുള്ളവനാണല്ലോ അതിനെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നതും വിചാരണ ചെയ്യപ്പെടുന്നതും. സ്വന്തമായിത്തന്നെ അവകാശികൾക്ക് നൽകുമ്പോൾ സകാത്ത് കൊടുത്തു വീട്ടി എന്നുറപ്പിക്കാൻ കഴിയും. വിതരണത്തിന് മറ്റൊരാളെ ഏൽപിച്ചാൽ ഏൽപിക്കപ്പെട്ടവൻ അവകാശികൾക്ക് നൽകുമെന്ന് ഉറപ്പില്ല.(കിതാബുൽ ഉമ്മ് 2 - 84)

? ചോദ്യോത്തരം/ ഹനഫി

മുഫ്തി അബ്ദുൽഹകീമിൽ കനാഫലി

സ്ത്രീകൾ; പള്ളിയും വീടും

ചോദ്യം: ബാങ്കുവിളിച്ച് 45 മിനിറ്റുകൾക്കു ശേഷമാണ് പല ഹനഫീ മസ്ജിദുകളിലും സുബ്ഹി നിസ്കാരത്തിന്റെ ജമാഅത്ത് നടക്കുന്നത്. സുബ്ഹി നിസ്കാരം വളരെ ദീർഘിപ്പിക്കുകയും ചെയ്യുന്നു. എന്താണിതിന്റെ കാരണം?

സത്താർ, പത്തനംതിട്ട

ഉത്തരം: സുബ്ഹി നിസ്കാരത്തെ ഇസ്ഫാർ ചെയ്യൽ മുസ്തഹബ്ബാണ്. ഇരുട്ട് നീങ്ങിത്തുടങ്ങുകയും വെളിച്ചം വന്നുതുടങ്ങുകയും ചെയ്യുന്ന സമയത്തിൽ (വസ്തുക്കൾ അവ്യക്തമായ രീതിയിൽ കണ്ടുതുടങ്ങുന്ന സമയത്തിൽ) നിസ്കരിക്കുക എന്നതാണ് ഇസ്ഫാർ കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ സമയത്ത് സുബ്ഹി നിസ്കരിച്ചതിനു ശേഷം അത് ബാത്വിലായിരുന്നുവെന്ന് ബോധ്യപ്പെട്ടാൽ സമയം കഴിയുന്നതിനു മുമ്പ് അദാആയി മടക്കി നിസ്കരിക്കാൻ സാധിക്കും. പുരുഷന്മാർക്കാണ് ഈ സമയത്ത് നിസ്കരിക്കൽ മുസ്തഹബ്ബ്. എന്നാൽ സ്ത്രീകൾ സുബ്ഹിയുടെ സമയമായ ഉടനെ ഇരുട്ട് മാറിത്തുടങ്ങുന്നതിനു മുമ്പു തന്നെ നിസ്കരിക്കേണ്ടതാണ്. (അൽ ലുബാബ്, പേ: 85)

ഈ ഇസ്ഫാർ ആകുന്നതിനു വേണ്ടിയാണ് ബാങ്കിന്റെ ശേഷം 4550 മിനിറ്റ് കഴിഞ്ഞ് സുബ്ഹി നിസ്കരിക്കുന്നത്. എന്നാൽ സുബ്ഹി നിസ്കാരമായാലും മറ്റ് നിസ്കാരമായാലും ജമാഅത്തിൽ പങ്കെടുക്കുന്ന മഅ്മൂമുകൾക്ക് പ്രയാസമാകുന്ന രീതിയിൽ ദീർഘിപ്പിക്കാൻ പാടില്ല. ജമാഅത്ത് നിസ്കാരത്തിന് ഹാജരാകുന്ന രോഗികൾ, വൃദ്ധന്മാർ, ദുർബലർ, ജോലിത്തിരക്കുള്ളവർ എന്നിവരുടെ അവസ്ഥ കണക്കിലെടുത്ത് അവർക്ക് വിഷമം അനുഭവിക്കാത്ത രീതിയിൽ മാത്രമേ ഇമാം നിസ്കാരം ദീർഘിപ്പിക്കാൻ പാടുള്ളൂ. (അൽ ജൗഹറതുന്നയ്യിറ:1/180)

ചോദ്യം: സ്ത്രീകൾ പള്ളികളിൽ പോയി ജുമുഅ - ജമാഅത്തുകൾ നിർവഹിക്കുന്നതിൽ തെറ്റുണ്ടോ? അത് തെറ്റില്ലെന്നും നബി(സ)യുടെ ഭാര്യമാർ അങ്ങനെ ചെയ്തിട്ടുണ്ടെന്നും ചിലർ പറയുന്നത് ശരിയാണോ?

മൈമൂന ബീഗം

ആനിയിളപ്പ്

ഉത്തരം: സ്ത്രീകൾ പള്ളിയിലെ ജമാഅത്തുകളിൽ പോയി നിസ്കരിക്കുന്നത് തഹ്രീമീന്റെ കറാഹത്താണ്. എല്ലാ നിസ്കാരങ്ങളിലും ഇതു തന്നെയാണ് നിയമം. പിൽക്കാലത്ത് കുഴപ്പങ്ങൾ (ലൈംഗിക ചുവയുള്ള നോട്ടവും സംസാരവും ഉൾപ്പെടെ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ) വ്യാപകമായതാണ് ഇതിനു കാരണം. (അൽ ഇനായഃ: 2/85, ദുററുൽ ഹുക്കാം: 1/378, ഫത്ഹുൽ ഖദീർ: 2/216). ഇമാം അക്മലുദ്ദീനിൽ ബാബർതി(റ) എഴുതുന്നു: ജമാഅത്ത് നിസ്കാരങ്ങളിലേക്ക് പോകൽ ആദ്യകാലത്ത് സ്ത്രീകൾക്ക് അനുവദനീയമായിരുന്നു. പിന്നീട് അത് കുഴപ്പങ്ങളിൽ(ലൈംഗിക ചുവയുള്ള നോട്ടവും സംസാരവും ഉൾപ്പെടെ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളിൽ) അകപ്പെടാൻ കാരണമായപ്പോൾ അവർ അതിൽനിന്ന് തടയപ്പെട്ടു. നിങ്ങളുടെ കൂട്ടത്തിൽ മുന്നോട്ടു കയറി നിൽക്കുന്നവരെയും പിന്നോട്ടിറങ്ങി നിൽക്കുന്നവരെയും നമുക്കറിയാം എന്ന വിശുദ്ധ വാക്യം (ഖുർആൻ 15/24) പള്ളിയിൽ വരുന്ന സ്ത്രീകളുടെ വിഷയത്തിൽ അവതരിച്ചതാണ്. സ്ത്രീകളോട് അടുത്തു നിന്ന് അവരുടെ ശരീരഭാഗങ്ങൾ കണ്ട് ആസ്വദിക്കുന്നതിനായി കപടവിശ്വാസികൾ പുരുഷന്മാരുടെ പിന്നിലായി നിൽക്കുന്ന സ്തീകളുടെ സമീപത്തേക്ക് ഇറങ്ങി നിന്നത് നിമിത്തമാണ് ഈ വാക്യം അവതരിച്ചത്. (ഇത് തിരുനബി(സ)യുടെ ജീവിത കാലത്തു തന്നെയാണ്.) സ്ത്രീകൾ പള്ളിയിൽ വരുന്നത് ഉമർ(റ) വിലക്കിയപ്പോൾ അവർ ആഇശ(റ)യെ സമീപിച്ച് പരാതി പറഞ്ഞു. അപ്പോൾ അതിന് മറുപടിയായി മഹതി പറഞ്ഞു: ഉമർ(റ) നേരിട്ടു കണ്ട കുഴപ്പങ്ങൾ തിരുനബി(സ) നേരിട്ടുകണ്ടിരുന്നെങ്കിൽ പള്ളിയിൽ പോകാൻ തിരുനബി(സ) നിങ്ങൾക്ക് ആദ്യ കാലത്തു തന്നെ അനുമതി നൽകുമായിരുന്നില്ല. (അൽ ഇനായഃ 2/84) തിരുനബി(സ)യുടെ ഭാര്യമാർ ആരും തന്നെ ജുമുഅ-ജമാഅത്തുകൾക്ക് പള്ളിയിൽ പോയിരുന്നില്ലെന്ന് ഇമാം ശാഫിഈ(റ)വിനെ പ്പോലെയുള്ള പ്രമുഖ ഹദീസ് പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. അതിലുപരി, തിരുനബി(സ)യുടെ പത്നിമാരിൽ ഏറ്റവും വലിയ ഹദീസ് പണ്ഡിത കൂടിയായ ആഇശ(റ) സ്ത്രീകൾ പള്ളിയിൽ പോകുന്നത് അനുവദിച്ചിരുന്നില്ലെന്ന് ഇമാം അക്മലുദ്ദീനിൽ ബാബർതി(റ)യുടെ വിശദീകരണത്തിൽ നിന്ന് വ്യക്തമാണ്.

വിജ്ഞാനയാനം - 10

അലി സഖാഫി പുൽപ്പറ്റ

ചുറ്റിക പിടിച്ച് തഴമ്പിച്ച കൈകൾ



ഹിജ്റ അഞ്ചാംനൂറ്റാണ്ടിൽ നിശാപൂരിലെ ജുവൈനിൽ ഉദിച്ച് വിശ്വമാകെ പ്രഭ ചൊരിഞ്ഞ ജ്ഞാനനക്ഷത്രമാണ് ഇമാമുൽഹറമൈൻ(റ). ഫിഖ്ഹ്, ഉസ്വൂലുൽഫിഖ്ഹ്, ഇൽമുൽകലാം എന്നിവയിൽ നിസ്തുല സേവനങ്ങളർപ്പിച്ച അനുപമ പ്രതിഭ. ഇമാമിന്റെ വിജ്ഞാനത്തോടുള്ള അടങ്ങാത്ത അഭിനിവേശവും ആത്മീയജീവിതവും ആരെയും ആശ്ചര്യപ്പെടുത്തും. ഇമാം ഗസ്സാലി(റ)വിനെപ്പോലുള്ള വിശ്വപ്രതിഭകളെ വാർത്തെടുത്ത മഹാനാണദ്ദേഹം. അദ്ദേഹത്തിന്റെ പഠനസഞ്ചാരങ്ങളും അധ്യാപന ജീവിതവും ഈടുറ്റ ചരിത്രപാഠങ്ങളാണ്.

അബ്ദുൽമലികിബ്നു അബ്ദില്ലാ അൽജുവൈനി എന്നാണ് പൂർണ്ണനാമം. ഹി.419 മുഹറം പതിനെട്ടിനായിരുന്നു ജനനം. പിതാവ് ഇമാം അബൂമുഹമ്മദ് അബ്ദുല്ലാഹിബ്നു യൂസുഫ് അൽജുവൈനി. അബുൽമആലി, ഇമാമുൽഹറമയ്ൻ എന്നിവ അപരനാമങ്ങളാണ്. ഇമാം അൽഫൂറാനീ(റ), ഇമാം അബുൽഖാസിം അൽഇസ്ഫറാഈനീ(റ), ഇമാം അബൂബക്കർ അൽബൈഹഖി(റ) തുടങ്ങിയവർ ഗുരുനാഥന്മാരാണ്.

നിശാപൂരിലെ പ്രസിദ്ധ കർമശാസ്ത്ര പണ്ഡിതനായിരുന്നു പിതാവ് അബ്ദുല്ലാഹിബ്നു യൂസുഫ്. തഫ്സീർ, ഫിഖ്ഹ്, അഖീദ എന്നിവയിൽ ധാരാളം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. പിതാവ് സ്വന്തം വഴിയെ പ്രിയപുത്രനെയും ആനയിച്ചു. വിജ്ഞാനക്കൊടുമുടിയിലേക്കാരോഹണം ചെയ്യാനുള്ള പാതകൾ വെട്ടിത്തെളിയിച്ചു കൊടുത്തു. വിശപ്പകറ്റാൻ ജ്ഞാനപാഥേയങ്ങളും ഒരുക്കിക്കൊടുത്തു. പിതാവിനെക്കൂടാതെ ഇമാം ഇസ്ഫറായീനിയെപ്പോലുള്ള ഉന്നത ശീർഷരിൽ നിന്നും വിവിധ വിജ്ഞാനശാഖകളിൽ അവഗാഹം നേടി.

പിതാവ് ഇമാം അബൂമുഹമ്മദ് ജുവൈനി മരണപ്പെടുമ്പോൾ ഇമാമുൽഹറമൈനിയുടെ വയസ്സ് ഇരുപതോ അതിനടുത്തോ ആയിരുന്നു. പിതാവിന്റെ മരണാനന്തരം തൽസ്ഥാനത്ത് അധ്യാപകനായി മകൻ ഇമാമുൽഹറമൈൻ(റ) അവരോധിക്കപ്പെട്ടു. ഔദ്യോഗികമായി ദർസ് നടത്തിക്കൊണ്ടിരിക്കെത്തന്നെ സ്ഥിരമായി മദ്റസതുൽ ബൈഹഖിൽ പോയി ഇമാം അബുൽഖാസിം അൽഇസ്ഫറായീനിൽ നിന്ന് കർമജ്ഞാനത്തിന്റെ മൗലികതത്വങ്ങൾ അഭ്യസിക്കാനും സമയം കണ്ടെത്തി.

പുലർകാലം വരെ വിജ്ഞാന സമ്പാദനത്തിൽ മുഴുകുന്നതായിരുന്നു ഇമാമിന്റെ പതിവ്. ദിവസവും അതിരാവിലെ ഉസ്താദ് അബൂഅബ്ദില്ലാഹിൽഖബ്ബാസിയിൽ നിന്ന് ഖുർആൻ അഭ്യസിക്കും. എല്ലായിനം വിജ്ഞാനീയങ്ങളിൽ നിന്നും സാധ്യമാകുന്നത്ര സ്ഥിരമായി പ

ശൂന്യകരങ്ങളുമായി ഒരു വ്യാഴവട്ടക്കാലം നാടു ചുറ്റി വിജ്ഞാനം സമ്പാദിച്ച് മുസ്‌ലിം ഉമ്മത്തിന്റെ നായക പദവിയിലേക്കുയർന്ന മാലികീ പണ്ഡിതനാണ് ഇമാം അൽഹാഫിള് അബുൽവലീദ് അൽബാജീ(റ). ഹദീസ് വിശാരദൻ, ഫഖീഹ്, ഗ്രന്ഥകാരൻ, കവി എന്നീ നിലകളിൽ പ്രസിദ്ധൻ. സുലൈമാനുബ്നു ഖലഫ് എന്നാണ് യഥാർത്ഥ നാമം.

ഠിക്കും. അതിനുശേഷമാണ് ദർസ് തുടങ്ങുക.

ഇമാമിന്റെ ജ്ഞാനപ്പെരുമ നിശാപൂരും കടന്ന് രാജ്യാന്തര പ്രസിദ്ധിനേടി. എന്നാൽ ചില പ്രതിസന്ധികൾ കാരണം അവിടം വിടാൻ നിർബന്ധിതനായി. ബാഗ്ദാദിലേക്കായിരുന്നു യാത്ര. ധാരാളം വിദ്യാർത്ഥികളും അനുഗമിച്ചു. കുറച്ചുകാലം അവിടെ ചെലവഴിച്ച ശേഷം വീണ്ടും യാത്ര. തിഹാമയായിരുന്നു ലക്ഷ്യം. നാലുവർഷം വിശുദ്ധ മക്കയിൽ മുദരിസായും മുഫ്തിയായും സേവനമനുഷ്ഠിച്ചു. പകൽ പഠനവും അധ്യാപനവും രാത്രി ത്വവാഫും മറ്റു ആരാധനകളുമായി ധന്യമാക്കിയ വർഷങ്ങൾ.

മക്കാവാസം കഴിഞ്ഞ് ഇമാം സ്വദേശത്തേക്കു മടങ്ങി. ഇമാമിനു വേണ്ടി മന്ത്രി നിളാമുൽമുൽക് നിശാപൂരിൽ 'അൽ മദ്റസതുന്നിളാമിയ്യ' സ്ഥാപിച്ചു. മുപ്പതു വർഷത്തോളം അദ്ദേഹം അവിടെ അധ്യാപനം നടത്തി. ഉന്നത പണ്ഡിതന്മാരടക്കം ദിനം പ്രതി മുന്നൂറിലധികം വിദ്യാർഥികൾ അദ്ദേഹത്തിന്റെ ക്ലാസുകളിൽ സംബന്ധിച്ചിരുന്നു.

'ഞാൻ പതിവായി ഉറങ്ങുകയോ ആഹാരം കഴിക്കുകയോ ചെയ്യാറില്ല. നിദ്രാധീനനാകുമ്പോൾ മാത്രം അല്പമുറങ്ങും. അതു രാത്രിയോ പകലോ ആകാം. ആവശ്യമാകുമ്പോൾ മാത്രം ഭക്ഷണം കഴിക്കും. അത് ഏതു സമയത്തുമാകാം' എന്ന് ഇമാം പറയാറുണ്ടായിരുന്നു.

വൈജ്ഞാനിക ചർച്ചകൾ മാത്രമായിരുന്നു അദ്ദേഹത്തിന് ആനന്ദം പകർന്നിരുന്നത്.

ഹി. 469ൽ പ്രസിദ്ധ വ്യാകരണ പണ്ഡിതൻ അബുൽ ഹസൻ അൽമുജാശഈ നിശാപൂരിൽ വന്നപ്പോൾ ഇമാമുൽഹറമൈനി(റ) അദ്ദേഹത്തെ ആദരപൂർവ്വം സ്വീകരിച്ചു. അദ്ദേഹത്തിൽ നിന്ന് അറബി വ്യാകരണവും സാഹിത്യവും സ്വായത്തമാക്കി. പ്രായമോ പ്രശസ്തിയോ പഠനത്തിനു തടസ്സമായില്ല. ഇമാമിന് അന്ന് 50 വയസ്സായിരുന്നു പ്രായം. 'ഈ ഇമാമിനെപ്പോലെ വിജ്ഞാനത്തെ പ്രണയിച്ച ഒരു വ്യക്തിയെയും ഞാൻ കണ്ടിട്ടില്ല, ഇദ്ദേഹം അറിവു നേടാൻ വേണ്ടി മാത്രമായിരുന്നു അറിവന്വേഷിച്ചിരുന്നത്' എന്ന് അൽമുജാശഈ അദ്ദേഹത്തെപ്പറ്റി പറയുകയും ചെയ്തു.

ഹി. 478 റബീഉൽആഖർ 25 ബുധനാഴ്ച വൈകുന്നേരം നിശാപൂരിൽ വച്ച് ആ താരകം പൊലിഞ്ഞു. (ത്വബഖാതുശ്ശാഫിഇയ്യതിൽകുബ്റാ)

ചുറ്റിക പിടിച്ച് തഴമ്പിച്ച കൈകൾ

ശൂന്യകരങ്ങളുമായി ഒരു വ്യാഴവട്ടക്കാലം നാടു ചുറ്റി വിജ്ഞാനം സമ്പാദിച്ച് മുസ്‌ലിം ഉമ്മത്തിന്റെ നായക പദവിയിലേക്കുയർന്ന മാലികീ പണ്ഡിതനാണ് ഇമാം അൽഹാഫിള് അബുൽവലീദ് അൽബാജീ(റ). ഹദീസ് വിശാരദൻ, ഫഖീഹ്, ഗ്രന്ഥകാരൻ, കവി എന്നീ നിലകളിൽ പ്രസിദ്ധൻ. സുലൈമാനുബ്നു ഖലഫ് എന്നാണ് യഥാർത്ഥ നാമം. ഹി. 403 ദുൽഖഅ്ദയിൽ സ്പെയിനിലെ 'ബത്വല്യവ്സി'ൽ (പോർച്ചുഗലിനു സമീപത്തുള്ള ബഡാജോസ് പട്ടണം) ജനിച്ചു. പിതാവ് ഖലഫുബ്നു സഅ്ദ്.

അദ്ദേഹത്തിന്റെ പിതാമഹൻ കുടുംബസമേതം ബത്വല്യവ്സിൽ നിന്ന് സ്പെയിനിലെ തന്നെ 'ബാജ'യിലേക്കു കുടിയേറി. (ടുണീഷ്യയിലും ഒരു ബാജയുണ്ട്. ഹാഫിള് അബൂ മുഹമ്മദ് അബ്ദുല്ല ഇബ്നു മുഹമ്മദ് അൽബാജ) പ്രസ്തുത പ്രദേശത്തിലേക്കു ചേർത്താണ് അൽബാജീ എന്ന പേരിൽ അദ്ദേഹം വിശ്രുതനായത്. സ്പെയിനിൽ വച്ച് അബൂ മുഹമ്മദിൽമക്കി ഇബ്നു അബീത്വാലിബ്, മുഹമ്മദ്ബ്നു ഇസ്മാഈൽ, യൂനുസു ബ്നു മുഗീസ് തുടങ്ങിയ മഹാപണ്ഡിതരിൽ നിന്ന് വിവിധ വിജ്ഞാനീയങ്ങളിൽ പ്രാവീണ്യം നേടി.

ഹി. 426 ൽ ഇമാം പൗരസ്ത്യ നാടുകളിലേക്കുള്ള പ്രയാണമാരംഭിച്ചു. ഇരുപത്തിമൂന്നാം വയസ്സിൽ മക്കയിലെത്തി. മൂന്നു വർഷം ഹാഫിള് അബൂദർറിൽ ഹർവി(റ)യുടെ കൂടെ ചേർന്നു. മുഴുവൻ സമയവും അദ്ദേഹത്തെ വിടാതെ പിന്തുടർന്നു. ഹദീസ്, ഫിഖ്ഹ്, അഖീദ, ഇൽമുൽകലാം എന്നിവ അഭ്യസിച്ചു. യാത്രകളിൽ സേവകനായി അനുഗമിച്ചു. ഒഴിവു സമയങ്ങളിൽ മറ്റു ജ്ഞാനികളെയും പ്രയോജനപ്പെടുത്തി. ഇക്കാലയളവിൽ നാലു ഹജ്ജുകളും നിർവഹിച്ചു.

അറിവിന്റെ പട്ടണമായ ബഗ്ദാദായിരുന്നു അടുത്ത ലക്ഷ്യം. പഠനവും മനനവുമായി അവിടെയും മൂന്നുവർഷം കഴിച്ചുകൂട്ടി. ഖാളീ അബൂത്ത്വയ്യിബ് അത്ത്വബ് രീ(റ), ഇമാം അബൂ ഇസ്ഹാഖ് അശ്ശീറാസീ, അബൂഅബ്ദില്ല അൽഹസൻ ഇബ്നുഅലി അസ്സയ്മരീ(റ), ഇമാം ഉമറുബ്നു ഇബ്റാഹീം അസ്സുഹ്രീ തുടങ്ങിയവരിൽ നിന്ന് കർമ്മശാസ്ത്രത്തിലും ഹദീസിലും വ്യുൽപ്പത്തി നേടി.

ഇമാമിന്റെ ജ്ഞാനതൃഷ്ണ ശമിപ്പിക്കാൻ ബാഗ്ദാദിനും കഴിഞ്ഞില്ല. ഡമസ്കസിലേക്കു പുറപ്പെട്ടു. അവിടെ വെച്ച് അബുൽ ഖാസിം അബ്ദുറഹ്മാൻ ഇബ്നു അത്ത്വബ്റീസിനെ പോലുള്ള അഗ്രഗണ്യരായ പണ്ഡിതന്മാരിൽ നിന്ന് അറിവുകൾ സമ്പാദിച്ചു. പിന്നെ മൗസിലിൽ പോയി. ഒരു വർഷം താമസിച്ച് വിജ്ഞാനത്തിൽ ദൃഢത വരുത്തി. അവസാനം ഈജിപ്തിൽ. അബൂമുഹമ്മദ് ഇബ്നുൽവലീദിനെപ്പോലുള്ള ജ്ഞാനികളായിരുന്നു മനം നിറയെ. ആവുന്നത്ര ഹദീസുകൾ സമാഹരിച്ച് അവിടെനിന്നു സ്വദേശത്തേക്കുള്ള മടക്കയാത്രയാരംഭിച്ചു. 13 വർഷത്തിനു ശേഷം ഹി. 439ൽ അന്തുലൂസിയ്യയിൽ തിരിച്ചെത്തി.

ഇമാമിന്റെ പഠനകാലം ദുരിതപൂർണമായിരുന്നു. പട്ടിണി മാറ്റാൻ പലപ്പോഴും പണിയെടുക്കേണ്ടി വന്നു. ബാഗ്ദാദിൽ പാറാവുകാരനായി ജോലി ചെയ്തിരുന്നു. പഠനാനന്തരം അന്തുലൂസിയ്യയിൽ തിരിച്ചെത്തുമ്പോൾ കൈകൾ ശൂന്യം. ദാരിദ്ര്യം മറികടക്കാൻ കൊല്ലപ്പണിയും മരപ്പണിയും ചെയ്തു. ചുറ്റിക പിടിച്ച തഴമ്പുമായിട്ടായിരുന്നു അദ്ദേഹം ക്ലാസിനു വന്നിരുന്നതെന്ന് ശിഷ്യന്മാർ അയവിറക്കുന്നു.

അവസാനം അദ്ദേഹത്തിന്റെ വൈജ്ഞാനികപ്രഭാവം നാടറിഞ്ഞു. സമൂഹം അംഗീകരിച്ചു. സന്ദർശകർ വർദ്ധിച്ചു. വിദ്യാർത്ഥികളുടെ വൃത്തം വികസിച്ചു. ഭരണകൂടം അദ്ദേഹത്തെ തേടിയെത്തി. അന്തുലൂസിയയുടെ വിവിധ സ്ഥലങ്ങളിൽ ന്യായാധിപനായി അവരോധിച്ചു. സാമ്പത്തികസ്ഥിതി അഭിവൃദ്ധിപ്പെട്ടു. അവസാനകാലം സമ്പന്നനായി ജീവിച്ചു. അധ്വാനഫലം ഇരുലോകത്തും വിജയം നേടിക്കൊടുത്തു. ഹി. 474 റജബ് 19 വ്യാഴാഴ്ച രാവിൽ ആ ധന്യജീവിതം അവസാനിച്ചു. അൽഇസ്തീഫാഉ ഫീ ശർഹിൽമുവത്വ, അൽമുൻതഖാ ശർഹുൽമുവത്വ, അസ്സിറാജ് ഫീ ഇൽമിൽഹുജ്ജാജ് തുടങ്ങി 25 ഓളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.



യജമാനനെ സേവിച്ച ഭൂമിശാസ്ത്ര പണ്ഡിതൻ

യജമാനനു വേണ്ടിയുള്ള കച്ചവട യാത്രകൾക്കിടയിൽ പഠന ഗവേഷണങ്ങൾക്ക് സമയം കണ്ടെത്തി ഭൂമിശാസ്ത്ര സംബന്ധമായ ഒരു വിജ്ഞാനകോശം തന്നെ തയ്യാറാക്കിയ പ്രതിഭാശാലിയാണ് ശിഹാബുദ്ദീൻ അബൂഅബ്ദില്ല യാഖൂതുൽഹമവീ. പ്രസിദ്ധ ഭൗമശാസ്ത്രജ്ഞനും ചരിത്രകാരനും സാഹിത്യകാരനും കവിയും വൈയാകരണനുമാണ്. സാഹസികത നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ വൈജ്ഞാ

തൊഴിൽ നഷ്ടപ്പെട്ട യാഖൂതുൽഹമവിക്ക് ജീവിതം വളരെ ക്ലേശകരമായി. ഗ്രന്ഥങ്ങളുടെ പകർത്തിയെഴുത്തും മറ്റുമായി ജീവിക്കാനുള്ള വരുമാനം കണ്ടെത്തി. അതിനിടയിലും പഠനവും ഗവേഷണവും മുന്നോട്ട് കൊണ്ടുപോയി. ഇമാം അബ്ദുല്ലാഹിബ്നു ഹുസൈൻ അൽഉബ്കരിയിൽ നിന്ന് അറബിഭാഷ, സാഹിത്യം, ഗണിതം, അനന്തരാവകാശ നിയമങ്ങൾ, ഹദീസ് തുടങ്ങിയവ ആഴത്തിൽ പഠിച്ചു.

നിക ജീവിതം.

റോമിലെ ഹമാത് പട്ടണത്തിൽ ഹി. 574 ലായിരുന്നു ജനനം. പേര് യാഖൂത്. അടിമ എന്ന അർത്ഥത്തിൽ അറബികൾ പ്രയോഗിക്കാറുണ്ടായിരുന്ന നാമമാണത്. അബ്ദുറഹ്മാൻ എന്നായിരുന്നു അദ്ദേഹം സ്വയം പരിചയപ്പെടുത്തിയിരുന്നത്. പിതാവിന്റെ നാമം അജ്ഞാതം. അതിനാൽ അറബികൾ ഇബ്നുഅബ്ദില്ല എന്നു വിളിച്ചു. കുട്ടിക്കാലത്ത് റോമിൽ നിന്ന് യുദ്ധത്തടവുകാരനായി പിടിക്കപ്പെട്ടു. ബാഗ്ദാദിലെ ചന്തയിൽ നിന്ന് അസ്കറുബ്നു അബീനസ്ർ ഇബ്റാഹീം അൽഹമവീ എന്ന വ്യാപാരി കുട്ടിയെ വാങ്ങി വളർത്തി. അൽഹമവീ എന്ന അപരനാമത്തിൽ അറിയപ്പെട്ടതങ്ങനെയാണ്. ജന്മനാടായ ഹമാതിലേക്കു ചേർത്താണ് ഈ പേര് വന്നതെന്നും അഭിപ്രായമുണ്ട്.

അസ്കർ യാഖൂതിനെ സ്വന്തം പുത്രനെപ്പോലെ വാത്സല്യപൂർവ്വം വളർത്തി. പാഠശാലയിൽ ചേർത്ത് എഴുത്തും വായനയും അഭ്യസിപ്പിച്ചു. വിശുദ്ധഖുർആൻ ഹൃദിസ്ഥമാക്കാൻ അവസരമൊരുക്കി. ഗണിതത്തിൽ അഗ്രഗണ്യനായിരുന്നു യാഖൂത്, അസ്കർ നിരക്ഷരനായിരുന്നു. കച്ചവടത്തിന്റെ രസതന്ത്രങ്ങൾ അസ്കർ തന്റെ അടിമക്ക് പകർന്നു നൽകി. അന്നു ലഭ്യമായിരുന്ന സാങ്കേതിക വിജ്ഞാനങ്ങളിൽ വൈദഗ്ധ്യം നേടാൻ യാഖൂതിനെ പ്രേരിപ്പിച്ചു. സാമ്പത്തിക സഹായങ്ങൾ ചെയ്തു കൊടുത്തു.

യാഖൂതിന് വയസ്സ് ഇരുപതായി. പ്രായവും പക്വതയും കൈവന്നു. അടിമയുടെ കഴിവുകൾ അസ്കർ പ്രയോജനപ്പെടുത്താൻ നിശ്ചയിച്ചു. കച്ചവട യാത്രകളിൽ യാഖൂതിനെയും പങ്കാളിയാക്കി. പേർഷ്യയിലെ കൈഷ് ദ്വീപിലേക്കായിരുന്നു കന്നിയാത്ര. അദ്ദേഹം പിന്നീട് പലതവണ ഇവിടം സന്ദർശിച്ചിട്ടുണ്ട്. ധാരാളം കർമശാസ്ത്രജ്ഞാനികൾ, സാഹിത്യകാരന്മാർ, പുണ്യപുരുഷന്മാർ എന്നിവരുടെ സാന്നിധ്യമായിരുന്നു അദ്ദേഹത്തെ അവിടേക്ക് ആകർഷിച്ചത്. അറേബ്യൻ ഉപദ്വീപ്, പേർഷ്യ, സിറിയ, ഫലസ്തീൻ, ഈജിപ്ത് തുടങ്ങിയ പ്രദേശങ്ങളെല്ലാം കച്ചവടാവശ്യാർത്ഥം യാഖൂത് സന്ദർശിച്ചു.

യാഖൂതുൽഹമവിയുടെ കച്ചവട നൈപുണ്യവും വിശ്വസ്തതയും തിരിച്ചറിഞ്ഞ അസ്കർ അദ്ദേഹത്തെ ഒറ്റക്ക് വ്യാപാരത്തിനയച്ചു. ബാഗ്ദാദിലിരുന്ന് കച്ചവടങ്ങൾ നിയന്ത്രിച്ചു. യാഖൂത് വിവിധ നാടുകളിൽ സഞ്ചരിച്ച് കച്ചവടം നടത്തി തിരിച്ചു വരും. സ്വതന്ത്രമായി നടത്തിയ ഈ കച്ചവട യാത്രകളാണ് യാഖൂതുൽഹമവീ എന്ന ഭൂമിശാസ്ത്രജ്ഞനെയും സാഹിത്യകാരനെയും ലോകത്തിനു സമ്മാനിച്ചത്. പ്രസ്തുത യാത്രകളിൽ ഭൂമിയുടെ ഘടന മനസ്സിലാക്കുകയും ചരിത്രപ്രാധാന്യമുള്ള പ്രദേശങ്ങളും രാജ്യങ്ങളും പുരാതന പള്ളികളും കോട്ടകളും വിദ്യാകേന്ദ്രങ്ങളും ചരിത്രശേഷിപ്പുകളും നേരിൽ കണ്ട് പഠനവിധേയമാക്കുകയും ചെയ്തു.

അടിമ - ഉടമ എന്ന വേർതിരിവില്ലാതെ അവർ തമ്മിലുള്ള ബന്ധം ഊഷ്മളമായി മുന്നോട്ടു നീങ്ങി. എന്നാൽ, പിന്നീടവർക്കിടയിൽ വെറുപ്പും അകൽച്ചയും ശക്തിപ്രാപിച്ചു. ഒടുവിൽ അസ്കർ യാഖൂതുൽഹമവിയെ സ്വതന്ത്രനാക്കുകയും തന്നിൽ നിന്നകറ്റുകയും ചെയ്തു.

തൊഴിൽ നഷ്ടപ്പെട്ട യാഖൂതുൽഹമവിക്ക് ജീവിതം വളരെ ക്ലേശകരമായി. ഗ്രന്ഥങ്ങളുടെ പകർത്തിയെഴുത്തും മറ്റുമായി ജീവിക്കാനുള്ള വരുമാനം കണ്ടെത്തി. അതിനിടയിലും പഠനവും ഗവേഷണവും മുന്നോട്ട് കൊണ്ടുപോയി. ഇമാം അബ്ദുല്ലാഹിബ്നു ഹുസൈൻ അൽഉബ്കരിയിൽ നിന്ന് അറബിഭാഷ, സാഹിത്യം, ഗണിതം, അനന്തരാവകാശ നിയമങ്ങൾ, ഹദീസ് തുടങ്ങിയവ ആഴത്തിൽ പഠിച്ചു.

പിണക്കം ഏറെക്കാലം നീണ്ടു നിന്നില്ല. യജമാനൻ അസ്കറിന് മനംമാറ്റമുണ്ടായി. അദ്ദേഹം ഇമാമിനെ തിരിച്ചുവിളിച്ചു. കച്ചവടത്തിനായി കൈശിലേക്ക്പറഞ്ഞയച്ചു. അവിടെനിന്നു തിരിച്ചുവന്നപ്പോൾ യജമാനന്റെ മരണവിവരമാണ് ഇമാമിനെ എതിരേറ്റത്. കൈവശമുണ്ടായിരുന്ന ധനത്തിൽ നിന്ന് അൽപം മാത്രം യജമാനന്റെ ഭാര്യയും സന്താനങ്ങളും കൈപ്പറ്റി. പിതാവിന്റെ വസ്വിയ്യതു പ്രകാരം ശിഷ്ടധനം അവർ അദ്ദേഹത്തിനു നൽകി.

പഠനവും വ്യാപാരവും ലക്ഷ്യമിട്ട് ഇമാം യാത്ര തുടർന്നു. ബഗ്ദാദ് വിട്ട അദ്ദേഹം ഹി. 610 ൽ അസർബൈജാനിലെ തിബ്രീസ് സന്ദർശിച്ചു. അതിനുശേഷം ഈജിപ്ത്, അലക്സാണ്ട്രിയ, ഡമസ്കസ്, ഹലബ്, ഹമാത്, മൂസിൽ തുടങ്ങിയ പ്രദേശങ്ങളിലെല്ലാം സഞ്ചരിച്ചു.

ഹി. 597ൽ യാഖൂതുൽഹമവീ കച്ചവടം ഉപേക്ഷിച്ചു. ബഗ്ദാദിലെ കർഖ് പ്രവിശ്യയിൽ ഒരു

ചെറിയ കട തുറന്നു. വിദ്യാർത്ഥികൾക്ക് ഗ്രന്ഥങ്ങൾ പകർത്തിക്കൊടുത്ത് ഉപജീവനം കഴിച്ചു. പഠനകാലത്ത് പകർത്തിയെഴുതിയതും കച്ചവടയാത്രകൾക്കിടയിൽ സമാഹരിച്ചതുമായ ഗ്രന്ഥങ്ങൾ കടയിൽ സൂക്ഷിച്ചു. പകൽ സമയം പകർത്തെഴുത്തിലും രാത്രി ഗ്രന്ഥപാരായണത്തിലും മുഴുകി.

യാഖൂതുൽഹമവീ ഹി. 613 ൽ ഡമസ്കസ് സന്ദർശിച്ചു. ശേഷം ഹലബും ഹമാതും മൂസിലും ഇർബീലും ചുറ്റി ഖുറാസാനിലെത്തി. ഏതാനും വർഷം ഖുറാസാനിലെ മർവിൽ താമസിച്ചു. തിങ്ങിനിറഞ്ഞ ഗ്രന്ഥശാലകളാണ് അദ്ദേഹത്തെ അവിടെ പിടിച്ചിരുത്തിയത്. ഒറ്റ സന്ദർശനത്തിൽ മാത്രം 200 ലധികം ഗ്രന്ഥങ്ങൾ പാരായണം ചെയ്താണ് അദ്ദേഹം ലൈബ്രറി വിടാറുണ്ടായിരുന്നത്. മർവിലെ ഗ്രന്ഥപ്പുരകളെ സംബന്ധിച്ച് അദ്ദേഹം ഒരിക്കൽ പറഞ്ഞു: 'അവിടുത്തെ ഗ്രന്ഥാലയങ്ങളിൽ ഞാൻ മേഞ്ഞുനടന്നു. അവയിൽ നിന്ന് ധാരാളം വിജ്ഞാന മുത്തുകൾ ശേഖരിച്ചു. അവയോടുള്ള പ്രണയം മൂലം മറ്റു രാജ്യങ്ങളെക്കുറിച്ചുള്ള ഓർമ്മകളും ചിന്തകളും ഞാൻ വിസ്മരിച്ചു. കുടുംബത്തെ പോലും മറന്നു. ഈ ഗ്രന്ഥത്തിൽ (മുഅ്ജമുൽബുൽദാൻ) ഉൾക്കൊള്ളിച്ച വിജ്ഞാനങ്ങളിൽ ഭൂരിപക്ഷവും അവിടെനിന്ന് ഖനനം ചെയ്തെടുത്ത നിധികളാണ്.'

ഹി. 616ൽ അവിടെ നിന്ന് ഖുവാറസ്മിലേക്ക് യാത്രയായി. കൊടും ശൈത്യമാണ് അവിടെ അദ്ദേഹത്തെ വരവേറ്റത്. ജലപാനത്തിനു പോലും പാടുപെട്ടു. വെള്ളം ചുണ്ടോടടുപ്പിക്കുമ്പോഴേക്കും ഹിമക്കട്ടയായി മാറുന്ന ശൈത്യം. വല്ലതും എഴുതാമെന്നു കരുതി പേനയെടുത്താൽ മഷി കട്ടപിടിക്കും. അഗ്നിയിൽ കാണിച്ച് നിരന്തരം ചൂടാക്കിയാണ് എഴുത്തുകൾ മുഴുമിപ്പിച്ചത്.

ചെങ്കിസ്ഖാന്റെ നേതൃത്വത്തിലുള്ള താർത്താരികളുടെ പടയോട്ടത്തിൽ മുഴുവൻ സമ്പാദ്യവും നഷ്ടപ്പെട്ട ദുരനുഭവവും യാഖൂതുൽഹമവിക്കുണ്ടായി. ഹി. 616 ൽ ഖുവാറസ്മിൽ വെച്ചായിരുന്നു സംഭവം. താർത്താരികളുടെ സൈനിക മുന്നേറ്റത്തിൽ രക്ഷയില്ലാതായ യാഖൂതുൽഹമവീ സർവ്വം ഉപേക്ഷിച്ച് റയ്യും ഖസ്വീനും തിബ്രീസും വിട്ടുകടന്ന് മൂസിലിൽ അഭയം പ്രാപിച്ചു.

അവിടെ വച്ച് താൻ നേരിട്ട ദുരിതങ്ങൾ വിവരിച്ചും സഹായം അഭ്യർത്ഥിച്ചും അദ്ദേഹം ഖാളീ ജമാലുദ്ദീൻ അലിയ്യുബ്നു യൂസുഫ് അശ്ശൈബാനിക്ക് കത്തയച്ചു. അയ്യൂബീ ഖലീഫയുടെ മന്ത്രിയായിരുന്നു(ഹി.613-634) ഖാളി ശൈബാനീ. അദ്ദേഹം പ്രസ്തുത കത്ത് അർഹമാംവിധം പരിഗണിക്കുകയും സഹായം ലഭ്യമാക്കുകയും ചെയ്തു. എഴുത്തു രംഗത്ത് ചുവടുറപ്പിക്കാൻ ഇത് പ്രചോദനമായി. മുഅ്ജമുൽബുൽദാൻ എന്ന വിജ്ഞാന കോശത്തിന്റെ കൈയെഴുത്തു പ്രതി അദ്ദേഹം സമർപ്പിച്ചത് ശൈബാനിക്കായിരുന്നു.

ഹി. 622 ൽ ഹൽബിൽ വച്ച് ആ വെളിച്ചം അണഞ്ഞു. ബാഗ്ദാദിലെ ഖൈസറാനിലാണ് മഖ്ബറ.

മുഅ്ജമുൽഉദബാഅ്, മുഅ്ജമുശ്ശുഅറാഅ്, അൽമുഖ്തളിബുഫിന്നസബ്, അൽബദ്ഉ വൽമആൽ, കിതാബുൻഫിദ്ദിയാറാത് എന്നിവ അദ്ദേഹത്തിന്റെ ചില ഗ്രന്ഥങ്ങളാണ്.

സ്മരണ

സുലൈമാൻ സഖാഫി കുഞ്ഞുകുളം

ബാവ മുസ്‌ലിയാർ സേവന ജീവിതം



സേവനപ്രവർത്തനങ്ങളിലൂടെ ഒരു പ്രദേശത്തിന്റെ മൊത്തം മനംകവർന്ന് അവരുടെ ഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ ചുരുക്കം ചില ഉസ്താദുമാരെ നാം കണ്ടിട്ടുണ്ട്. മിക്കവാറും അത് അവരുടെ ജന്മനാട്ടിലായിരിക്കില്ല; മറ്റൊരു നാട്ടിലായിരിക്കും. എന്നാൽ, ക്ലാരി ബാവ മുസ്‌ലിയാരുടെ ഈ അംഗീകാരം സ്വന്തം നാട്ടിലാണ്.

ഏടരിക്കോട് നടന്ന ഒരു പരിപാടിയിൽവെച്ച് ഒരിക്കൽ ബാവ മുസ്‌ലിയാരെ കാണാനിടയായി. ക്ലാസ് ആരംഭിച്ചപ്പോൾ അദ്ദേഹം സ്വകാര്യം പറഞ്ഞു: 'ഞാൻ പരിപാടിയുടെ ഇടയ്ക്കുവെച്ച് പോകും. നാട്ടിൽ ഒരു വീട്ടിൽ ദുആയിൽ പങ്കെടുക്കണം.'

നാട്ടിൽനടക്കുന്ന കല്യാണം, സൽക്കാരം, യാത്രയയപ്പുകൾ, മരണം, മരണാനന്തര ചടങ്ങുകൾ, വീടിന് കുറ്റിയടിക്കൽ, ഗൃഹപ്രവേശം തുടങ്ങി എല്ലാ ആവശ്യത്തിനും ബാവ ഉസ്താദ് വേണം. ചിലർക്ക് ബാവ ഉസ്താദ്. മറ്റു ചിലർക്ക് സ്വന്തം ബാവ. യഥാർത്ഥ പേര് കുഞ്ഞിമുഹമ്മദാണെന്ന് പലർക്കുമറിയില്ല. ബാവ മുസ്‌ലിയാർ എന്ന പേരിലാണദ്ദേഹം ജനകീയനായത്. ജനങ്ങളുടെ മനസ്സിൽ ജീവിക്കാൻ കഴിയുക എന്നതാണ് ഏറ്റവും വലിയ അംഗീകാരം. അതിനെക്കാൾ വലിയ അവാർഡ് വേറെയില്ല.

ഒരു സാധാരണ മദ്‌റസാ ധ്യാപകന് രണ്ടായിരത്തിലേറെ ശിഷ്യന്മാരുണ്ടാവുക എന്നതും അത് സ്വന്തം നാട്ടിലാവുക എന്നതും അത്ഭുതം തന്നെ. സാമൂഹിക പ്രതിബദ്ധതയുള്ളവർക്കു മാത്രം സാധ്യമാവുന്ന കാര്യമാണത്. സേവനപ്രവർത്തനങ്ങളിലൂടെ ഒരു പ്രദേശത്തിന്റെ മൊത്തം മനംകവർന്ന് അവരുടെ ഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ ചുരുക്കം ചില ഉസ്താദുമാരെ നാം കണ്ടിട്ടുണ്ട്. മിക്കവാറും അത് അവരുടെ ജന്മനാട്ടിലായിരിക്കില്ല; മറ്റൊരു നാട്ടിലായിരിക്കും. എന്നാൽ, ക്ലാരി ബാവ മുസ്‌ലി

യാരുടെ ഈ അംഗീകാരം സ്വന്തം നാട്ടിലാണ്. അദ്ദേഹത്തിന്റെ ജീവിതം നാട്ടുകാരുടെ മുമ്പിൽ തന്നെ ഒരു തുറന്ന പുസ്തകമായിത്തീർന്നു.

ചെനക്കൽ ജുമാമസ്ജിദിൽ 1962ൽ കുണ്ടൂർ ഉസ്താദ് മുദരിസായി വന്നപ്പോൾ വിദ്യാർത്ഥിയായി അവിടെ ചേർന്നു. വിദ്യാർത്ഥിയായിരിക്കെത്തന്നെ ഉസ്താദിന്റെ നിർദ്ദേശപ്രകാരം നാട്ടിലെ മദ്റസയിൽ അധ്യാപകനായി സേവനമാരംഭിച്ചു. 1975ൽ ദർസിൽനിന്ന് പിരിഞ്ഞശേഷം ക്ലാരി ഓട്ടുപാറപ്പുറം മദ്റസയിൽ സദർ മുഅല്ലിമായി ചുമതലയേറ്റു. ആ സേവനം 40 വർഷത്തോളം തുടർന്നു. രോഗിയായി കിടപ്പിലാകുന്നത് വരെ.

മുഴുസമയ സാമൂഹിക പ്രവർത്തകനും തികഞ്ഞ ആത്മാർത്ഥതയുള്ള വ്യക്തിയുമായിരുന്നു ബാവ മുസ്ലിയാർ. അതോടൊപ്പം മാതൃകാധ്യാപകനും പ്രബോധകനുമായിരുന്നുവെന്നതാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. മദ്റസാധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അദ്ദേഹം നന്നായി ഇടപെട്ടു. ആദ്യകാലത്ത് സുന്നി വിദ്യാഭ്യാസ ബോർഡിന്റെയും സുന്നി ജംഇയ്യത്തുൽ മുഅല്ലിമീന്റെയും ട്രെയിനറായി പ്രവർത്തിച്ചു. സ്വന്തം നാട്ടിൽ ദീർഘകാലം സേവനം ചെയ്തിട്ടും ആർക്കും എതിർപ്പില്ലാതെ അദ്ദേഹം സർവ്വസ്വീകാര്യനായി എന്നത് എന്തുകൊണ്ടും പ്രശംസനീയമാണ്. 1989ൽ താജുൽ ഉലമ ഉള്ളാൾ സയ്യിദ് അബ്ദുറഹ്മാൻ അൽ ബുഖാരി പ്രസിഡന്റും സുൽത്താനുൽ ഉലമ കാന്തപുരം എ പി എബൂബക്കർ മുസ്ലിയാർ ജനറൽ സെക്രട്ടറിയുമായി സമസ്ത കേരള ജംഇയ്യത്തുൽ ഉലമ പുനഃസംഘടിപ്പിക്കപ്പെട്ടപ്പോൾ രാഷ്ട്രീയക്കാരുടെയും മറ്റു സ്ഥാപിത താത്പര്യക്കാരുടെയും സ്വാധീനം മൂലം പല മഹല്ലുകളിലും പ്രശ്നങ്ങളുണ്ടായി. പല സ്ഥലത്തും മദ്റസകൾ രണ്ടായി പിരിയേണ്ടിവന്നു. എന്നാൽ, ബാവ മുസ്ലിയാരുടെ നാട്ടിൽ അതുണ്ടായില്ല. ജനങ്ങൾ ഒറ്റ സ്വരത്തിൽ പറഞ്ഞു: 'ബാവ ഉസ്താദ് പറയുന്നതു പോലെയാവട്ടെ. ബാവ മുസ്ലിയാർ സുന്നി വിദ്യാഭ്യാസ ബോർഡിന്റെ സിലബസ് മതിയെന്ന് തീരുമാനിച്ചു. മഹല്ല് ഒറ്റക്കെട്ടായി ഉസ്താതിന്റെ പിന്നിൽ അണിനിരന്നു. അദ്ദേഹത്തിന്റെ നയപരമായ നേതൃപാടവമാണിവിടെ നാം മനസ്സിലാക്കേണ്ടത്. വ്യക്തിപരമായ യാതൊരു ലാഭേച്ഛയുമില്ലാതെ സ്വന്തം ജീവിതം പൊതുസമൂഹത്തിന്റെ നന്മക്കുവേണ്ടി സമർപ്പിച്ച ബാവ മുസ്ലിയാർ എക്കാലത്തും നമുക്ക് മാതൃകയാണ്. ശാന്തമായി വിപ്ലവം സൃഷ്ടിക്കാമെന്ന് അദ്ദേഹം സ്വന്തം ജീവിതത്തിലൂടെ തെളിയിച്ചു.

ആരോടും തർക്കിക്കാത്ത, എല്ലാവരുടെയും ആവലാതികൾ കേൾക്കുക്കുകയും ആശ്വാസം പകരുകയും ചെയ്യുന്ന, സ്വന്തം ആദർശത്തിൽ വിട്ടുവീഴ്ചയില്ലാത്ത, ജനങ്ങളെ മനസ്സിലാക്കി മുന്നോട്ടു നയിക്കുന്ന, ജനങ്ങൾക്കിടയിൽ ശ്രദ്ധേയനായ നേതാവായിരുന്നു ബാവ മുസ്ലിയാർ.

കൃത്യനിഷ്ഠ, വാക്കുപാലിക്കൽ, സാമ്പത്തിക ഇടപാടുകളിലെ സുതാര്യത തുടങ്ങിയ ഗുണങ്ങൾ അദ്ദേഹത്തിന്റെ സവിശേഷതകളായിരുന്നു. നീണ്ടകാലം രോഗശയ്യയിലായിരുന്നിട്ടും സന്ദർശിക്കാൻ വരുന്നവർക്ക് അദ്ദേഹത്തിന്റെ മുഖത്ത് ദുഃഖം കാണാൻ കഴിഞ്ഞില്ല. സാധാരണപോലെ സുസ്മേര വദനനായി കാണപ്പെട്ടു. രോഗം മൂർച്ഛിച്ചപ്പോൾ കാൽ മുറിക്കേണ്ടിവന്നു. തുടർന്നും അല്ലാഹുവിന്റെ വിധിയിൽ ക്ഷമിച്ച്, പ്രീതി കാംക്ഷിച്ച് മുന്നോട്ടു നീങ്ങി. കാൽ മുറിക്കപ്പെട്ടയുടൻ തെന്നല ഉസ്താദിനും വില്യാപ്പള്ളി ഉസ്താദിനുമൊപ്പം അദ്ദേഹത്തെ വീട്ടിൽ സന്ദർശിച്ചിരുന്നു. അപ്പോഴും സാധാരണ പോലെ പരിഭവങ്ങളൊന്നുമില്ലാതെ ഞങ്ങളോട് സംസാരിച്ചു. രോഗം കാരണമുണ്ടായ സാമ്പത്തിക പരാധീനതകളോ ശാരീരികമായും മാനസികമായുമുള്ള പ്രയാസങ്ങളോ ഒന്നും അദ്ദേഹം ആരോടും പറഞ്ഞില്ല. ഒരു സഹായവും ആവശ്യപ്പെട്ടില്ല. ഓരോരുത്തർക്കും അല്ലാഹു കണക്കാക്കിയത് യഥാസമയത്ത് സംഭവിക്കുമെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. അതുതന്നെയാണ് ജീവിതം എന്നാശ്വസിച്ചു.

പ്രസ്ഥാനത്തിന് വേണ്ടി സമർപ്പിച്ചതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. സുന്നി ജംഇയ്യത്തുൽ മുഅല്ലിമീന്റെ പ്രാരംഭകാലം മുതൽ സജീവ പ്രവർത്തകനും നേതാവുമായിരുന്നു അദ്ദേഹം. ഏറെക്കാലം സംസ്ഥാന സെക്രട്ടറിയും മലപ്പുറം ജില്ലാ ജനറൽ സെക്രട്ടറിയുമായി പ്രവർത്തിച്ചു. മുഅല്ലിംകളുടെ ശാക്തീകരണത്തിനും ക്ഷേമത്തിനുമായി കൃത്യമായ നിലപാടുകൾ സ്വീകരിച്ചു.

ബാവ മുസ്ലിയാരുടെ പരലോക ജീവിതം അല്ലാഹു സന്തോഷമാക്കിക്കൊടുക്കട്ടെ എന്ന് നമുക്ക് എപ്പോഴും പ്രാർത്ഥിക്കാം.

ചരിത്രാഖ്യായിക ഹഫ്സ(റ) - 3

മുഹമ്മദ് പാറന്നൂർ

അവഗണനയിൽ മനം നൊന്ത്

ഓർക്കാപ്പുറത്തടിയേറ്റ പോലെ തരിച്ചുനിന്നുപോയി ഉമർ(റ). ഉസ്മാൻ(റ) അങ്ങനെ പറയുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചതല്ലല്ലോ. തന്റെ വീക്ഷണത്തിൽ എല്ലാ നിലയ്ക്കും അനുയോജ്യരാണ് ഉസ്മാനും ഹഫ്സയും. ഉസ്മാൻ വിഭാര്യനും ഹഫ്സ വിധവയുമാണ്. ഉസ്മാൻ(റ) സുന്ദരനാണ്, സൗന്ദര്യത്തിൽ ഒട്ടും പിറകിലല്ല ഹഫ്സയും. അവൾക്കാണെങ്കിൽ പതിനെട്ടുവയസ്സായിട്ടേയുള്ളൂതാനും. ഉന്നത തറവാട്ടുകാരാണിരുവരും. ഉസ്മാന് ഇത്തിരി കൂടുതൽ സമ്പത്തുണ്ടെന്ന വ്യത്യാസമേയുള്ളൂ. ഇത്രയും യോജിപ്പുണ്ടായിട്ടും അദ്ദേഹം എന്താണ് എന്റെ അഭ്യർത്ഥന തള്ളിക്കളഞ്ഞത്?

ഉമർ(റ)വിന്റെ മനസ്സിൽ അതൊരു വേദനയായി. മകളെക്കുറിച്ചുള്ള നൊമ്പരങ്ങൾക്കൊപ്പം മറ്റൊരു വേവലാതി കൂടി. അസ്വസ്ഥമായ മനസ്സുമായി ഉമർ(റ) തിരിഞ്ഞുനടന്നു. ഇനിയാരോടാണ് ചോദിക്കുക? ആരോടാണ് പറയുക? ആലോചനയുമായി നടക്കുന്നതിനിടയിലാണ് കൂട്ടുകാരനായ അബൂബക്ർ(റ)വിനെക്കുറിച്ച് ചിന്തിച്ചത്. അദ്ദേഹത്തിനൊരു ഭാര്യ നിലവിലുണ്ട്. അതുകൊണ്ടാണല്ലോ ആദ്യം അന്വേഷിക്കാതിരുന്നത്. ഉസ്മാൻ(റ) തന്റെ അഭ്യർത്ഥന നിരസിച്ച സ്ഥിതിക്ക് അബൂബക്ർ(റ)വിനോട് ചോദിച്ചാലോ? മകൾ ഹഫ്സ തിരുനബി(സ)യുടെ ഉത്തമ കൂട്ടുകാരനായ അദ്ദേഹത്തിന്റെ രണ്ടാം ഭാര്യയാകുന്നതിൽ അനൗചിത്യമൊന്നുമില്ലല്ലോ. ഉമർ(റ) അബൂബക്ർ(റ)വിന്റെ വീട്ടിലെത്തി. അഭിവാദ്യങ്ങൾക്കും കുശലാന്വേഷണങ്ങൾക്കും ശേഷം അബൂബക്ർ(റ) ചോദിച്ചു: 'സഹോദരാ, ഇപ്പോൾ എന്നെത്തേടി വന്നതിന്റെ ഉദ്ദേശ്യമെന്താണ്?'

'ഒരു വിശേഷകാര്യം അന്വേഷിക്കാൻ വന്നതാണ്.' ഉമർ തുടർന്നു: 'എന്റെ മകൾ ഹഫ്സയുടെ കാര്യങ്ങളൊക്കെ താങ്കൾക്കറിയാമല്ലോ. അവൾ ദുഃഖിതയാണ്. പുതിയൊരു ഭർത്താവിനെക്കിട്ടിയാൽ അവരുടെ ദുഃഖം അല്പമെങ്കിലും ശമിക്കുമെന്നാണ് എന്റെ പ്രതീക്ഷ.'

'അതു കൊള്ളാം. അവൾക്കു നല്ലൊരു ഭർത്താവിനെ നമുക്ക് കണ്ടെത്താമല്ലോ.'

'താങ്കൾ അവളെ വിവാഹം ചെയ്യണമെന്നാണ് എന്റെ ആഗ്രഹം. അവൾ താങ്കൾക്ക് അനുയോജ്യയായ ഭാര്യയായിരിക്കും.'

'ഞാനോ?'

ഇങ്ങനെ ചോദിച്ചു കൊണ്ടദ്ദേഹം മൗനത്തിലാണ്ടു. ഉമർ(റ) അടുത്ത വാക്കുകൾക്കായി ചെവിയോർത്തെങ്കിലും പിന്നെ പ്രതികരണമൊന്നും ഉണ്ടായില്ല. ദീർഘമൗനം തന്നെ. വിവാഹം കഴിക്കാൻ തയ്യാറല്ലാത്തതു കൊണ്ടാണല്ലോ അടുത്ത കൂട്ടുകാരനായ അബൂബക്ർ(റ) മൗനത്തിലാണ്ടത്. തയ്യാറല്ലെന്നു പറഞ്ഞ് തന്നെ വേദനിപ്പിക്കേണ്ടെന്ന് കരുതിയാവാം അക്കാര്യം തുറന്നു പറയാതിരിക്കുന്നത്.

അദ്ദേഹത്തെ പ്രയാസപ്പെടുത്തേണ്ടെന്നു കരുതി ഉമർ(റ) അവിടെ നിന്നു യാത്ര പറഞ്ഞിറങ്ങി; വ്യഥിത മനസ്സുമായി. ഉസ്മാൻ(റ) തന്റെ അഭ്യർത്ഥന നിരസിച്ചപ്പോൾ ഉണ്ടായതിനെക്കാൾ കടുത്ത ഇച്ഛാഭംഗവും പ്രയാസവുമാണപ്പോൾ അദ്ദേഹത്തിന്നനുഭവപ്പെട്ടത്. എന്താണ് ഇവരൊക്കെയിങ്ങനെ ഒഴിഞ്ഞുമാറുന്നത്? ഹഫ്സക്കെന്തെങ്കിലും പോരായ്മയുണ്ടോ? അങ്ങനെയൊരു വർത്തമാനമൊന്നും

ഉമർ(റ) അബൂബക്ർ(റ)വിന്റെ വീട്ടിലെത്തി. അഭിവാദ്യങ്ങൾക്കും കുശലാന്വേഷണങ്ങൾക്കും ശേഷം അബൂബക്ർ(റ) ചോദിച്ചു: 'സഹോദരാ, ഇപ്പോൾ എന്നെത്തേടി വന്നതിന്റെ ഉദ്ദേശ്യമെന്താണ്?' 'ഒരു വിശേഷകാര്യം അന്വേഷിക്കാൻ വന്നതാണ്.'

ആരും പറയുന്നതു കേട്ടില്ലല്ലോ. ഏതായാലും അടുത്ത കൂട്ടുകാരനായ അബൂബക്ർ(റ) ചെയ്തതും ശരിയായില്ല. എന്തെങ്കിലുമൊന്ന് പറഞ്ഞ് അദ്ദേഹത്തിനെന്നെ സമാധാനിപ്പിക്കുകയെങ്കിലും ചെയ്യാമായിരുന്നല്ലോ.

ഇനിയെന്ത് എന്ന ആലോചനവുമായി അദ്ദേഹം പള്ളിയിലേക്ക് നടന്നു. തിരുനബി(സ) അവിടെയുണ്ടാകും. എല്ലാ ദുഃഖഭാരവും ഇറക്കിവെക്കാനുള്ള അത്താണിയാണല്ലോ തിരുസന്നിധി. മുമ്പ് പലപ്പോഴും ഹഫ്സ്വയുടെ കാര്യം അവിടത്തോട് പറഞ്ഞതാണ്. അവിടുന്ന് ആശ്വസിപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തതാണ്. സഹതാപം പ്രകടിപ്പിക്കാറുമുണ്ട്. പക്ഷേ, ഇപ്പോൾ പറയാൻ പോകുന്നത് അക്കാര്യമല്ല. അടുത്ത കൂട്ടുകാരായ രണ്ടുപേർ തന്നോട് കാണിച്ച അവഗണന തിരുനബി(സ)യെ ബോധ്യപ്പെടുത്തണം. വിശ്വാസികൾ പരസ്പരം തുണയും സഹായിയുമാകേണ്ടതല്ലേ? കൂട്ടുകാരുടെ സങ്കടങ്ങൾ തീർക്കേണ്ടവരല്ലേ? അഭ്യർത്ഥന നടത്തിയിട്ട് ഇങ്ങനെ നിഷ്കരുണം തള്ളിക്കളയുന്നത് ശരിയാണോ?

അല്പം രോഷത്തോടെയാണ് തിരുസന്നിധിയിലെത്തിയത്. അവിടുന്ന് പുഞ്ചിരിയോടെ ഒന്നു കടാക്ഷിച്ചപ്പോൾ രോഷം ആകെ

ഇനിയെന്ത് എന്ന ആലോചനവുമായി അദ്ദേഹം പള്ളിയിലേക്ക് നടന്നു. തിരുനബി(സ) അവിടെയുണ്ടാകും. എല്ലാ ദുഃഖഭാരവും ഇറക്കിവെക്കാനുള്ള അത്താണിയാണല്ലോ തിരുസന്നിധി.

തണുത്തുപോയി.

'ഉമറേ, എന്താണ് വിശേഷം?'

'അല്ലാഹുവിന്റെ ദൂതരേ, ഹഫ്സ്വയുടെ കാര്യത്തിൽ വല്ലാത്ത പ്രയാസത്തിലാണ് ഞാൻ. അവളുടെ കണ്ണീരു കണ്ടു സഹിക്കാനാവുന്നില്ല. ഇത്ര ചെറുപ്പത്തിലേ വിധവയായിപ്പോയല്ലോ അവൾ. പുനർവിവാഹം നടത്തിയാൽ അവളുടെ പ്രയാസം കുറയുമെന്നു കരുതി ഞാൻ അതിനുള്ള ശ്രമം നടത്തി. ഉസ്മാൻ(റ) ഇപ്പോൾ വിഭാര്യനാണല്ലോ. അദ്ദേഹത്തോടന്വേഷിച്ചു; അവളെ വിവാഹം കഴിക്കാമോയെന്ന്. 'ഇപ്പോൾ വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്നില്ല' എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. പിന്നെ അബൂബക്ർ(റ)വിനോടപേക്ഷിച്ചു. അദ്ദേഹം അനുകൂലമായോ പ്രതികൂലമായോ ഒന്നും പറഞ്ഞില്ല. കൂട്ടുകാരൊക്കെ ഇങ്ങനെ പെരുമാറുന്നതിൽ എനിക്ക് വല്ലാത്ത പ്രയാസം തോന്നുന്നു. ഇനി

ഞാനെന്താണ് ചെയ്യേണ്ടത് അല്ലാഹുവിന്റെ ദൂതരേ?'

എല്ലാം തുറന്നു പറഞ്ഞുകൊണ്ട് ഉമർ(റ) ചോദിച്ചു. അതുകേട്ടു തിരുനബി(സ) വീണ്ടും ഒന്നു പുഞ്ചിരിച്ചു. നിലാവു പെയ്യുന്ന പുഞ്ചിരി! ആ പുഞ്ചിരി നിലാവേറ്റ് ഉമർ(റ) വിന്റെ മനം തണുത്തു. അദ്ദേഹത്തെ സമാധാനിപ്പിച്ചുകൊണ്ട് തിരുനബി(സ) പറഞ്ഞു: 'താങ്കൾ വിഷമിക്കേണ്ട. ഉസ്മാനെക്കാൾ ഉത്തമനായ ഒരാൾ ഹഫ്സയെ വിവാഹം കഴിക്കും. ഉസ്മാന് ഹഫ്സയെക്കാൾ ഉത്തമനായ ഒരാൾ ഭാര്യയായിത്തീരുകയും ചെയ്യും.'

തിരുനബി(സ)യുടെ വചനത്തിൻ പൊരുൾ ഉമർ(റ)വിനു പെട്ടെന്ന് ബോധ്യമായി. ഹഫ്സയെ തിരുനബി(സ) വിവാഹം കഴിക്കുമെന്നാണല്ലോ ആ വാക്കുകളുടെ സൂചന. 'ഉസ്മാനെക്കാൾ ഉത്തമനായ ഒരാൾ' അവിടുന്നു തന്നെയല്ലേ? എങ്കിൽ അതിൽപരം ആഹ്ലാദകരമായി എന്താണുള്ളത്? അല്ലാഹുവിന്റെ റസൂലിനെ മരുമകനായി

ലഭിക്കുന്നതിനെക്കാൾ സൗഭാഗ്യം മറ്റെന്തുണ്ടുലകിൽ?

ഉമറിന്റെ മുഖം ചൈതന്യപൂർണ്ണമായി. സന്തോഷത്താൽ തുടികൊട്ടുന്ന ഹൃദയത്തോടെ അദ്ദേഹം തിരുനബി(സ)യുടെ കൈപിടിച്ചു പറഞ്ഞു: 'എന്നാൽ അങ്ങനെയാകട്ടെ.'

സന്തോഷത്തോടെ, അതിലേറെ അഭിമാനത്തോടെ ഉമർ(റ) വീട്ടിലേക്കു നടന്നു. തന്റെ സന്തോഷം സർവ്വ ജനങ്ങളെയും വിളിച്ചറിയിക്കാനുള്ള മോഹമുണ്ടദ്ദേഹത്തിന്. അത്രയും വലിയ നേട്ടമാണല്ലോ കൈവന്നിരിക്കുന്നത്. അബൂബക്കറും ഉസ്മാനും തന്റെ അഭ്യർത്ഥന നിരസിച്ചത് ഭാഗ്യമായെന്ന് അദ്ദേഹത്തിന് തോന്നി. അല്ലാഹുവിന്റെ വിധി യഥാവിധി നടപ്പിലാക്കാൻ ഓരോ നിമിത്തങ്ങളുണ്ടാകുമല്ലോ. നമ്മൾ എന്തൊക്കെ ചെയ്താലും അവസാനം ആ വിധിയിൽ എത്തിച്ചേരാതിരിക്കില്ല, തീർച്ച.

സന്തോഷത്തോടെ, അതിലേറെ അഭിമാനത്തോടെ ഉമർ(റ) വീട്ടിലേക്കു നടന്നു. തന്റെ സന്തോഷം സർവ്വ ജനങ്ങളെയും വിളിച്ചറിയിക്കാനുള്ള മോഹമുണ്ടദ്ദേഹത്തിന്. അത്രയും വലിയ നേട്ടമാണല്ലോ കൈവന്നിരിക്കുന്നത്. അബൂബക്കറും ഉസ്മാനും തന്റെ അഭ്യർത്ഥന നിരസിച്ചത് ഭാഗ്യമായെന്ന് അദ്ദേഹത്തിന് തോന്നി. അല്ലാഹുവിന്റെ വിധി യഥാവിധി നടപ്പിലാക്കാൻ ഓരോ നിമിത്തങ്ങളുണ്ടാകുമല്ലോ. നമ്മൾ എന്തൊക്കെ ചെയ്താലും അവസാനം ആ വിധിയിൽ എത്തിച്ചേരാതിരിക്കില്ല, തീർച്ച.

പെട്ടെന്നു തന്നെ ഈ വിവരം ഹഫ്സയെ അറിയിക്കണം. അവളുടെ മനം കുളിരട്ടെ. ദുഃഖങ്ങൾ അവസാനിക്കട്ടെ. ചുണ്ടിൽ പുഞ്ചിരി വിടരട്ടെ. എത്രകാലമായി അവളൊന്നു ചിരിച്ചു കണ്ടിട്ട്!

സ്നേഹനിധിയായ ആ പിതാവ് എത്രയും പെട്ടെന്ന് വീട്ടിലെത്താൻ തിരക്കിട്ട് നടക്കുകയാണ്. അപ്പോഴുണ്ട്, എതിരെ വരുന്നു അബൂബക്ർ(റ). നേരത്തെ തന്റെ അഭ്യർത്ഥന മാനിക്കാതെ മൗനം പാലിച്ചതിലുള്ള കെറുവ് പ്രകടമാക്കി ഉമർ(റ) അദ്ദേഹത്തെ കണ്ടില്ലെന്ന ഭാവത്തിൽ എങ്ങോട്ടോ നോക്കി നടന്നു.

സുഹൃത്തിന്റെ മുഖത്തെ പ്രകാശത്തിന്റെയും അതോടൊപ്പം, തന്നെ കണ്ടില്ലെന്ന ഭാവത്തിലുള്ള നടത്തത്തിലെ കെറുവിന്റെയും കാരണങ്ങൾ ഊഹിച്ചെടുത്ത അബൂബക്ർ(റ) സലാം പറഞ്ഞുകൊണ്ട് മുമ്പിലേക്ക് ചെന്നു. അപ്പോൾ അദ്ദേഹത്തെ അവഗണിച്ചു പോകാൻ ഉമർ(റ)വിന് കഴിയുമായിരുന്നില്ല. അബൂബക്ർ(റ) അദ്ദേഹത്തിനു നേരെ കൈനീട്ടി. ആ കൈപിടിച്ചുകൊണ്ട് ഉമർ(റ) ആക്ഷേപസ്വരത്തിൽ തുറന്നു പറഞ്ഞു: 'എന്റെ മകളെ വിവാഹം കഴിക്കാൻ ഞാൻ ഉസ്മാനോട് അപേക്ഷിച്ചു. അദ്ദേഹമത് സ്വീകരിച്ചില്ല. പിന്നെ താങ്കളോട് അപേക്ഷിച്ചു. താങ്കൾ ഒരു മറുപടിയും തരാതെ മൗനം പാലിച്ചു. എന്റെ അഭ്യർത്ഥന നിരസിച്ച ഉസ്മാനോടുള്ളതിനെക്കാൾ ദേഷ്യം ഒന്നും പറയാതെ അവഗണിച്ച താങ്കളോടുണ്ടെനിക്ക്.'

'സഹോദരാ, ക്ഷമിക്കണം അതിനു പിന്നിലൊരു രഹസ്യമുണ്ട്. അതറിയുമ്പോൾ താങ്കളുടെ ദേഷ്യം സന്തോഷമായി മാറും.' അതുകേട്ട് ഉമർ(റ) ആകാംക്ഷയോടെ അബൂബക്ർ(റ)വിന്റെ മുഖത്തേക്ക് നോക്കി. (തുടരും)

സ്നേഹതീരം

യാസിർ കുറ്റിക്കടവ്

ഉപ്പയും മകളും; ഹബീബുറങ്ങിയ തലയിണകൾ



തിരുനബി(സ)യുടെ ജീവിതം സ്നേഹ നീരുറവകളുടേതുകൂടിയാണ്. കാരുണ്യത്തിന്റെയും സാന്ത്വനത്തിന്റെയും ചിറകുകൾകൊണ്ട് സ്നേഹത്തിന്റെ സാരസമ്പൂർണ്ണമായ പുതിയ ലോകമാണ് അവിടുന്ന് വളർത്തിയെടുത്തത്. സ്വയം സ്നേഹത്തിന്റെ പ്രവാചകനായതോടൊപ്പം തന്നെ അനുയായികളാൽ സ്നേഹിക്കപ്പെടുകയും ചെയ്തിരുന്നു തിരുനബി(സ).

അവിടുന്ന് മറ്റുള്ളവർക്ക് നൽകിയ സ്നേഹവും ഏറ്റുവാങ്ങിയ സ്നേഹവായ്പുകളും പറയാതെ അവിടുത്തെക്കുറിച്ചുള്ള ചരിത്രവായന പൂർണമാകില്ല. ഹബീബ്(സ) അതിരറ്റ് സ്നേഹിക്കുകയും ഹബീബി(സ)നെ തിരിച്ച് സ്വന്തത്തേക്കാളേറെ സ്നേഹിക്കുകയും ചെയ്ത ഒരു ഉപ്പയെയും മകളെയും തിരുനബി(സ)യുടെ ചരിത്രത്തിലുടനീളം നമുക്ക് കാണാനാകും. അബൂബക്ർ സിദ്ദീഖ്(റ)വും മകൾ ആഇശ(റ)യുമാണ് ആ ഭാഗ്യം ചെയ്ത ഉപ്പയും മകളും.

നബി(സ)യുടെ പ്രവാചകനിയോഗത്തിന്റെ ആരംഭഘട്ടത്തിൽ തന്നെ സിദ്ദീഖ്(റ) സത്യവിശ്വാസം സ്വീകരിച്ചിരുന്നു. തുടർന്നങ്ങോട്ട് ഹബീബിന് താങ്ങും തണലുമായി അദ്ദേഹം തിരുനബി(സ)യുടെ വിയോഗംവരെയും ധൈര്യവും ആത്മവിശ്വാസവും പകർന്ന് ഒരു മെയ്യും മനസ്സുമായി കൂടെ നിന്നു.

മക്കയിൽ വിശ്വാസികളുടെ ജീവിതവും ഇസ്ലാമിന്റെ പ്രബോധനവും ദുസ്സഹമായ സാഹചര്യത്തിൽ മദീനയിലേക്ക് നടത്തിയ ത്യാഗോജ്വലമായ ഹിജ്റയുടെ ചരിത്രം നമ്മോട് പറഞ്ഞുതരും നബി(സ)യും അബൂബക്കറും(റ) തമ്മിലുള്ള സ്നേഹവായ്പ്പിന്റെ മനോഹരമായ കഥ.

മദീനയിലേക്ക് സ്വഹാബത്ത് ഒറ്റയ്ക്കും കൂട്ടമായും പലായനം നടത്തിക്കൊണ്ടിരിക്കുന്ന ഘട്ടം. അല്ലാഹുവിന്റെ അനുമതിക്കുവേണ്ടി പ്രവാചകർ(സ)യും അവിടുത്തോടൊത്തുള്ള യാത്ര ആഗ്രഹിച്ച് സിദ്ദീഖ്(റ)വും ഹിജ്റയുടെ ഊഴം കാത്തിരിക്കുകയാണ്.

അന്നൊരു ദിവസം റസൂൽ(സ) അബൂബക്ർ(റ)വിന്റെ വീട്ടിൽ വന്നു. പുത്രി അസ്മാഅ് ബീവി(റ) പിതാവിനോട് പറഞ്ഞു: 'ഇതാ അല്ലാഹുവിന്റെ റസൂൽ വന്നിരിക്കുന്നു.' 'അത്യാവശ്യ കാര്യത്തിനല്ലാതെ ഈ സമയത്ത് ഹബീബ് വരില്ലല്ലോ' എന്നു സിദ്ദീഖ്(റ) പ്രതികരിച്ചു. അബൂബക്ർ(റ) തിരുദൂതർക്ക് പ്രവേശനാനുമതി നൽകി. വീട്ടിൽ അന്യരാരെങ്കിലുമുണ്ടെങ്കിൽ പുറത്തേക്ക് നിർത്താൻ നബി(സ) ആവശ്യപ്പെട്ടു. വിവരം ചോരാതിരിക്കാനാണിത്.

ഏതു പാതിര നേരത്തും തന്റെ കുടും ബവും സമ്പാദ്യവുമെല്ലാം വിട്ടെറിഞ്ഞ് ഹബീബിനോടൊഷം ഹിജ്റ പോകാനുള്ള ആത്മാർഷണത്തെ നമ്മൾ എന്ത് പേരിട്ടാ ണ് പരിചയഷ്പെടുത്തുക?

‘തങ്ങളുടെ അഹ്ല്(ആഇശ യും ഉമ്മയും) അല്ലാതെ മറ്റാരു മില്ല.’ അബൂബക്ർ(റ) നബിയെ അറിയിച്ചു. നബി(സ) പറഞ്ഞു: ‘മദീനയിലേക്കു ഹിജ്റ പോകാൻ അല്ലാഹുവിൽ നിന്ന് അനുമതി ലഭിച്ചിരിക്കുന്നു.’

‘കൂടെ ഞാനും?’

അബൂബക്റിന്റെ(റ) അതീവ താല്പര്യത്തോടെയുള്ള ചോദ്യ ത്തോട് നബി(സ) ‘അതെ’ എന്ന് പ്രതികരിച്ചു.

സന്തോഷാധിക്യം കൊണ്ട് അബൂബക്ർ(റ) കരഞ്ഞുപോ യി. 800 ദിർഹം വിലക്കു രണ്ടു വാഹനങ്ങളൊരുക്കി അദ്ദേഹം ഹിജ്റക്ക് കാത്തു നിൽക്കുകയാ യിരുന്നു. ‘ഈ രണ്ട് ഒട്ടകങ്ങളിൽ ഒന്ന് നിങ്ങൾ എടുക്കുക.’ അബൂ ബക്ർ(റ) തിരുനബി(സ)യോട് പറഞ്ഞു. പക്ഷേ നബി(സ) അത് വിലയ്ക്കെടുക്കുകയാണുണ്ടായ ത്.

നോക്കൂ, അതീവ രഹസ്യസ്വ ഭാവമുള്ള ഇലാഹീ ബോധനം അറിയിക്കാൻ തിരുനബി(സ) അബൂബക്റി(റ) നെ തെരഞ്ഞെ ടുത്തതിനെ പൂർണ്ണ വിശ്വാസം നിറഞ്ഞ ആത്മാർത്ഥസ്നേ ഹം എന്നല്ലാതെ മറ്റെന്താണ് പറയുക?

ഏതു പാതിരനേരത്തും തന്റെ കുടുംബവും സമ്പാദ്യവുമെല്ലാം വിട്ടെറിഞ്ഞ് ഹബീബിനോടൊപ്പം ഹിജ്റ പോകാനുള്ള ആത്മാർപ്പ ണത്തെ നമ്മൾ എന്ത് പേരിട്ടാണ് പരിചയപ്പെടുത്തുക?

തുടർന്ന് മദീനയിലേക്ക് നടത്തിയ ദീർഘയാത്രയിൽ സ് നേഹത്തിന്റെയും സാന്ത്വനത്തി ന്റെയും എത്രമേൽ മധുരമായ അധ്യായങ്ങളാണെന്നോ രചിക്ക പ്പെട്ടത്! ഒരു ഘട്ടത്തിൽ തന്നെ ക്കാൾ പ്രായമുള്ള ഹബീബിനെ ചുമലിലേറ്റി ഏറെ ദൂരം നടന്നും ഹിറാഗുഹയിൽ ഹബീബിന് ഉറക്കമിളച്ചു കൂട്ടിരുന്നും മുന്നി ലും പിന്നിലും ഇരുവശത്തുമായി സഞ്ചരിച്ച് സ്വയം പരിചയായി പ്രതിരോധം തീർത്തും ത്യാഗ ത്തിന്റെ പുതുചരിത്രം തീർക്കുക യായിരുന്നു സ്വിദ്ദീഖ്(റ). ഹിറാ ഗുഹയിൽ ഞാൻ ആദ്യം പ്രവേ ശിക്കട്ടെ എന്നു പറഞ്ഞ് അതിനു ള്ളിൽ ചെന്ന് മുഴുവൻ മാളങ്ങളും അടയ്ക്കുകയും ബാക്കിവന്ന ഒരു മാളമടയ്ക്കാൻ ഒന്നും കിട്ടാത്ത തിനാൽ തന്റെ കാൽവിരൽ വെച്ച് അടച്ചുപിടിക്കുകയും ചെയ്തു. ഹബീബിനെ തന്റെ മടിയിലേക്ക് ചേർത്തു കിടത്തി ആ ത്യാഗി വര്യൻ. കാൽവിരലിൽ പാമ്പ് കടിച്ചപ്പോൾ പോലും ഹബീബ് ഉറക്കമുണരുമോ എന്ന് ഭയന്ന് കാലനക്കാതെ വേദന കടിച്ചമർ ത്തിയ ആ സഹനമാനസത്തിനു മുന്നിൽ ഏതു പ്രണയവും പരാജ യപ്പെട്ടു പോകും. വേദനയാൽ തന്റെ നയനത്തിൽ നിന്ന് അടർ ന്നുവീണ കണ്ണുനീർത്തുള്ളി തിരു മുഖത്ത് വീണ് ഹബീബ് ഉണർ ന്നപ്പോൾ ആ മനസ്സ് എത്രമേൽ വേദനിച്ചെന്നോ! പകരംവെക്കാൻ ഒന്നുമില്ലാത്ത വിധമുള്ള സ്നേ ഹവും തന്റെ സമ്പത്ത് മുഴുവൻ അല്ലാഹുവിനും അവന്റെ റസൂ ലിനും വേണ്ടി ചെലവഴിക്കാൻ കാണിച്ച ഉദാരമനസ്കതയ്ക്കും മുമ്പിൽ സ്വഹാബത്തൊന്നാകെ യും ശിരസ്സു നമിച്ചിട്ടുണ്ട്.

ഇനി ഈ ഉപ്പയുടെ പൊന്നു മകൾ ഉമ്മുൽ മുഅ്മിനീൻ ആഇ ശാ ബീവി(റ)ക്ക് തിരുനബി(സ) യോടും തിരുനബി(സ)ക്ക് മഹ തിയോടുമുള്ള സ്നേഹത്തിന്റെ മഹിത മാതൃകകൾ നോക്കൂ. ഹദീസുകളിൽ കാണാം; മറ്റു പത്നികളെക്കൾ ഹബീബിന് പ്രിയം ആഇശ(റ)യോടായിരു ന്നു. അവരുടെ കുസൃതിയോട് തിരുനബി(സ) ക്ക് പ്രത്യേക താൽപര്യമായിരുന്നു. അവരോ ടൊത്ത് ഓട്ട മത്സരം നടത്തിയും മറ്റു ഭാര്യമാരോടുള്ള കുസൃതി നിറഞ്ഞ ദേഷ്യത്തെ ആസ്വദിച്ചും ഹബീബ്(സ) സ്നേഹം പ്രകടി പ്പിച്ചുകൊണ്ടേയിരുന്നു. അവസാ നകാലത്ത് ഹബീബിനു രോഗം മൂർച്ഛിച്ച ഘട്ടത്തിൽ മറ്റു ഭാര്യമാ രുടെ അനുമതിയോടെ ആഇശ ബീവി(റ)യുടെ അടുക്കലായിരു ന്നു തിരുനബി(സ) അന്ത്യസമയ ങ്ങൾ ചെലവഴിച്ചത്. ജീവിതത്തി ലെ ഏറ്റവും നിർണായകമായ ഹിജ്റ ഘട്ടത്തിൽ തിരുന ബി(സ)ക്ക് തന്റെ പിതാവ് സാന്ത്വ നത്തിന്റെ മടിത്തട്ട് വിരിച്ചുകൊ ടുത്തത് പോലെ നബി(സ)യുടെ വിയോഗ സമയത്ത് സ്നേഹത്തി ന്റെ മടിത്തട്ട് വിരിച്ചുകൊടുത്ത് മഹതി ഹബീബ്(സ)യെ റഫീ ഖുൽ അഅ്ലയിലേക്ക് യാത്ര യാക്കി. പിരിഞ്ഞകലുമ്പോൾ മഹതിയോട് ഹബീബ്(സ) അവസാനമായി സ്നേഹത്തോടെ ഉണർത്തി: ‘ആഇശാ.. മരണത്തി ന്റെ വേദന അസഹ്യമാണ്.’

അംറുബ്നു ആസ്(റ) റിപ്പോർ ട്ട് ചെയ്ത ഹദീസ്: അവർ തിരുദൂ തരോട് ചോദിച്ചു: ‘അങ്ങേക്ക് ഏറ്റവും പ്രിയപ്പെട്ടവർ ആരാണ്?’

‘ആഇശ’(റ).

അവിടുന്ന് പ്രതിവചിച്ചു.

‘പുരുഷന്മാരുടെ കൂട്ടത്തിൽ?’

ഞാൻ വീണ്ടും ചോദിച്ചു.

അവിടുന്ന് പറഞ്ഞു: ‘ആഇ ശ(റ)യുടെ ഉപ്പ.’

സ്നേഹത്തിന്റെ മടിത്തട്ട് സ്നേഹ നായകന് വിരിച്ചുകൊ ടുത്ത് ചരിത്രത്തിൽ തുല്യത യില്ലാത്ത സ്ഥാനങ്ങൾ നേടിയ അബൂബക്ർ സ്വിദ്ദീഖ്(റ)വും മകൾ ആഇശ(റ)യുമല്ലാതെ ഇതുപോലെ ഭാഗ്യം ചെയ്ത മറ്റേത് ഉപ്പയെയും മകളെയുമാണ് നമുക്ക് ചരിത്രത്തിൽ കാണാനാ വുക?

എസ്.ജെ എം 100 ഭവനങ്ങൾ നിർമ്മിച്ചു നൽകും. 1500 മദ്റസകൾ സ്ഥാപിക്കും

ബാഫഖി തക്‌രിമ വിജയിപ്പിക്കും

കോഴിക്കോട്: സമസ്ത നൂറാം വാർഷികത്തിന്റെ മുന്നോടിയായി നടപ്പിലാക്കുന്നതിന് സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ വിവിധ പദ്ധതികൾക്ക് രൂപം നൽകി. ഇതിന്റെ ഭാഗമായി ഭവനരഹിതരായ 100 മുഅല്ലിംകൾക്ക് വീട് നിർമ്മിച്ചു നൽകുവാനും പുതുതായി 1500 മദ്റസകൾ സ്ഥാപിക്കുവാനും എസ് ജെ എം സെൻട്രൽ കമ്മിറ്റി യോഗം തീരുമാനിച്ചു. സമസ്ത സെന്ററിൽ നടന്ന യോഗം സുന്നത്ത് കാമ്പയിൻ ജനുവരി 10 വരെ നീട്ടി.

എസ്.ജെ.എം പ്രസിഡണ്ട് സയ്യിദ് അലി ബാഫഖി തങ്ങളെ ആദരിക്കുന്നതിനായി ഈ ജനുവരി 10ന് കൊയിലാണ്ടിയിൽ സംഘടിപ്പിക്കുന്ന തക്‌രിമ കോൺഫറൻസ് വിജയിപ്പിക്കുവാൻ തീരുമാനിച്ചു. പരിപാടിയിൽ മുഅല്ലിംകളുടെ നിറസാന്നിധ്യം ഉറപ്പുവരുത്തും. സിറാജിൽ സപ്ലിമെന്റ് പ്രസിദ്ധീകരിക്കും. കൊണ്ടോട്ടി ബുഖാരി സമ്മേളനം വിജയിപ്പിക്കുവാനും തീരുമാനിച്ചു. ക്ലാരി ബാവ മുസ്‌ലിയാർക്ക് വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി. അദ്ദേഹത്തിന്റെ മരണം മൂലം ഒഴിവ് വന്ന കുസുമം പബ്ലിഷർ സ്ഥാനത്തേക്ക് കെ. ഉമർ മദനിയെയും സുന്നത്ത് മാനേജരായി കുഞ്ഞുകുളം സുലൈമാൻ സഖാഫിയെയും നിയമിച്ചു.

പ്രസിഡണ്ട് സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. ട്രഷറർ വി.പി.എം ഫൈസി വില്യാപ്പള്ളി ഉദ്ഘാടനവും ക്ലാരി ബാവ മുസ്‌ലിയാർ അനുസ്മരണ പ്രഭാഷണവും നടത്തി. ജനറൽ സെക്രട്ടറി അബൂഹനീഫൽ ഫൈസി സ്വാഗതം ആശംസിച്ചു. വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി പ്രൊഫ. എ.കെ അബ്ദുൽ ഹമീദ്, മാനേജർ സി.പി സൈതലവി മാസ്റ്റർ, ഐ.ഇ.ബി പ്രതിനിധി കെ.ഹസൈനാർ നദ്‌വി, എസ്.ജെ.എം ഉപാധ്യക്ഷൻ കെ.പി.എച്ച് തങ്ങൾ പ്രസംഗിച്ചു. കുഞ്ഞുകുളം സുലൈമാൻ സഖാഫി പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ചെറൂപ്പ ബശീർ മുസ്‌ലിയാർ വാർഷിക പദ്ധതി വിശദീകരിച്ചു. വി.വി അബൂബക്കർ സഖാഫി നന്ദി പറഞ്ഞു. വിവിധ ജില്ലാ പ്രതിനിധികളും ഇതര സംസ്ഥാന സാരഥികളും ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

വഖഫ് ഭേദഗതി കേന്ദ്രസർക്കാർ പിന്മാറണം

35 മദ്റസകൾ കൂടി അംഗീകരിച്ചു

കോഴിക്കോട്: ഇന്ത്യയിലെ വഖഫ് സ്വത്തുക്കൾക്ക് പൂർണ്ണ സംരക്ഷണം നൽകുന്നതിനും അന്യാധീനപ്പെട്ട സ്വത്തുക്കൾ തിരിച്ചുപിടിക്കുന്നതിനും ഉപയുക്തമായ നിലവിലുള്ള വഖഫ് നിയമങ്ങൾ ഭേദഗതി ചെയ്യാനുള്ള നീക്കത്തിൽ വിദ്യാഭ്യാസ ബോർഡ് പ്രതിഷേധവും ആശങ്കയും രേഖപ്പെടുത്തി.

വഖഫ് സ്വത്തുക്കളുടെ പുരോഗതിക്കും സംരക്ഷണത്തിനും സഹായകമായ 1995ലെ വഖഫ് ആക്ട് ഭേദഗതി ചെയ്യുന്നതിന് രാജ്യസഭയിൽ അവതരണ അനുമതി ലഭിച്ച സ്വകാര്യ ബില്ല് തള്ളിക്കളയണമെന്നും വഖഫ് സ്ഥാപനങ്ങൾക്ക് നിലവിൽ ലഭിക്കുന്ന സംരക്ഷണം നിലനിർത്തണമെന്നും ബോർഡ് എക്സിക്യൂട്ടീവ് കേന്ദ്രസർക്കാറിനോട് ആവശ്യപ്പെടുന്നു. ഇതു സംബന്ധമായി പാർലമെന്റ് മെമ്പർമാരെ നേരിൽകണ്ട് വിഷയത്തിന്റെ ഗൗരവം ശ്രദ്ധയിൽപ്പെടുത്താനും തീരുമാനിച്ചു.

പുതുതായി 35 മദ്റസകൾക്ക് കൂടി അംഗീകാരം നൽകി. കണ്ണൂർ ജില്ല, കർണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുള്ളതാണ് പ്രസ്തുത മദ്റസകൾ.

കോഴിക്കോട് സമസ്ത സെന്ററിൽ നടന്ന എക്സിക്യൂട്ടീവ് യോഗം സയ്യിദ് ഇബ്റാഹീം ഖലീലുൽ ബുഖാരി ഉദ്ഘാടനം ചെയ്തു. കെ.കെ അഹ്മദ് കുട്ടി മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു.

പേരോട് അബ്ദുറഹ്മാൻ സഖാഫി, വി.പി.എം വില്യാപ്പള്ളി, അബൂഹനീഫൽ ഫൈസി, പി.എസ്.കെ മൊയ്തു ബാഖവി, വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, എൻ.അലി അബ്ദുല്ല, എ.പി അബ്ദുൽ ഹകീം അസ്ഹരി, മജീദ് കക്കാട്, അഡ്വ. എ.കെ ഇസ്മാഈൽ വഫ, മാളിയേക്കൽ സുലൈമാൻ സഖാഫി, മുഹമ്മദലി സഖാഫി തൃക്കരിപ്പൂർ, മുസ്തഫ മാസ്റ്റർ കോഡൂർ, കെ.കെ അബ്ദുറഹ്മാൻ മുസ്‌ലിയാർ, പി.സി ഇബ്റാഹീം മാസ്റ്റർ, അബ്ദുറഹ്മാൻ ദാരിമി, ബി.എസ് അബ്ദുല്ലക്കുഞ്ഞി ഫൈസി, സുലൈമാൻ സഖാഫി കുഞ്ഞുകുളം, പ്രൊഫ. യു.സി അബ്ദുൽ മജീദ്, കെ.ഒ അഹമ്മദ് കുട്ടി ബാഖവി, അബ്ദുറഹ്മാൻ മദനി ജപ്പു, കെ.കെ.എം കാമിൽ സഖാഫി, ഹാജി അബ്ദുന്നാസിർ ഹിശാമി, അഹമ്മദ്കുട്ടി ബാഖവി എന്നിവർ പങ്കെടുത്തു. പ്രൊഫ. എ.കെ അബ്ദുൽഹമീദ് സ്വാഗതവും കെ.എം.എ റഹീം നന്ദിയും രേഖപ്പെടുത്തി. സി.പി സൈതലവി മാസ്റ്റർ റിപ്പോർട്ടും വരവുചെലവു കണക്കും അവതരിപ്പിച്ചു.

394 മുഅല്ലിംകൾക്ക് ധനസഹായം

കോഴിക്കോട്: നിർധനരായ 394 മുഅല്ലിംകൾക്ക് മുഅല്ലിം ക്ഷേമനിധിയിൽ നിന്ന് ധനസഹായം അനുവദിച്ചു. മുഅല്ലിംകളുടെ വിവാഹം, മക്കളുടെ വിവാഹം, ഭവന നിർമ്മാണം, രോഗ ചികിത്സ, ഭാര്യയുടെ പ്രസവം എന്നിവകൾക്കായി 386 പേർക്കും സ്നേഹ സ്പർശം പദ്ധതിയിലൂടെ 8 പേർക്ക് സ്പെഷ്യൽ സഹായവുമാണ് അനുവദിച്ചത്. ഇതു സംബന്ധമായി ചേർന്ന ക്ഷേമനിധി യോഗത്തിൽ പ്രസിഡണ്ട് സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. വി.പി.എം വില്യാപ്പള്ളി, അബൂഹനീഫൽ ഫൈസി, കുഞ്ഞുകുളം സുലൈമാൻ സഖാഫി, വി.വി അബൂബക്കർ സഖാഫി ചർച്ചകൾക്ക് നേതൃത്വം നൽകി.

പണ്ഡിതർ നവയുഗത്തിന്റെ സ്പന്ദനങ്ങൾ ഉൾക്കൊള്ളണം

കോഴിക്കോട്: മതപണ്ഡിതർ നവയുഗത്തിന്റെ സ്പന്ദനങ്ങൾ ഉൾക്കൊണ്ട് പ്രബോധന രംഗത്ത് സജീവമാകണമെന്നും ഒരു നൂറ്റാണ്ടുകാലമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സമസ്ത കേരള ജംഇയ്യത്തുൽ ഉലമ അതതു കാലത്തെ നൂതന പ്രബോധന രീതികൾ ഉൾക്കൊണ്ടായിരുന്നു പ്രവർത്തിച്ചിരുന്നതെന്നും സയ്യിദ് ഇബ്റാഹീം ഖലീലുൽ ബുഖാരിയും പേരോട് അബ്ദുറഹ്മാൻ സഖാഫിയും പ്രസ്താവിച്ചു. സമസ്ത കോഴിക്കോട് ജില്ല മെമ്പർഷിപ്പ് ശിൽപ്പശാല കാരന്തൂർ മർക്കസിലും കുറ്റ്യാടി സിറാജുൽ ഹുദയിലും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അവർ. രണ്ടിടങ്ങളിലും സ്റ്റേറ്റ് ഡയറക്ടറേറ്റ് ചെയർമാൻ വി.പി.എം വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. ജില്ലാ ഡയറക്ടറേറ്റ് ചീഫ് കെ.എം.ബശീർ സഖാഫി കൈപ്രം പദ്ധതി അവതരിപ്പിച്ചു. ജില്ലാ സാരഥികൾ നേതൃത്വം നൽകി.

അലി ബാഫഖി തക്‌രിമ വിജയിപ്പിക്കുക : സമസ്ത

കോഴിക്കോട്: സമസ്ത കേന്ദ്ര മുശാവറ ഉപാധ്യക്ഷൻ സയ്യിദ് അലി ബാഫഖി തങ്ങളെ ആദരിക്കുന്നതിനായി ജനുവരി 10ന് കൊയിലാണ്ടിയിൽ സംഘടിപ്പിക്കുന്ന 'തക്‌രിമ' സമ്മേളനം വിജയിപ്പിക്കുവാൻ സമസ്ത കോഴിക്കോട് ജില്ല മുശാവറ ആഹ്വാനം ചെയ്തു.

ജില്ലയിലെ മുഴുവൻ പണ്ഡിതരുടെയും സാന്നിധ്യം ഉറപ്പുവരുത്തണമെന്ന് മുശാവറ ആവശ്യപ്പെട്ടു. മർകസ് കോൺഫറൻസ് ഹാളിൽ വർക്കിംഗ് പ്രസിഡണ്ട് വി.പി.എം വില്യാപ്പള്ളിയുടെ അധ്യക്ഷതയിൽ നടന്ന മുശാവറ യോഗം മേഖല മുശാവറകൾ പുനസംഘടിപ്പിക്കുന്നതിനായി വിളിച്ചുകൂട്ടുന്ന ജനറൽബോഡികൾക്ക് രൂപം നൽകി. തീയതികൾ നിശ്ചയിക്കുകയും റിട്ടേണിംഗ് ഓഫീസർ നിരീക്ഷകരെ തെരഞ്ഞെടുക്കുകയും ചെയ്തു. മെമ്പർഷിപ്പ് പ്രവർത്തനം ജില്ലാ ചീഫ് കെ.എം ബശീർ സഖാഫി വിശദീകരിച്ചു.

സകാത്ത് വിതരണം സംബന്ധിച്ചു നടന്ന പഠനക്ലാസിന് ചെറുശോല അബ്ദുൽ ജലീൽ സഖാഫി നേതൃത്വം നൽകി. മുശാവറക്കെത്തിയ എല്ലാ മെമ്പർമാരും ചർച്ചകളിൽ സജീവമായി പങ്കെടുത്തു.

മർകസിൽ ഖത്മുൽ ബുഖാരിയും സനദ്ദാനവും ഫെബ്രുവരി മൂന്നിന്

കോഴിക്കോട്:ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി അബൂബക്ർ മുസ്‌ലിയാരുടെ പ്രസിദ്ധമായ സ്വഹീഹുൽ ബുഖാരി ദർസിന്റെ വാർഷിക സമാപനമായ ഖത്മുൽ ബുഖാരി സംഗമവും സനദ് ദാനവും 2024 ഫെബ്രുവരി മൂന്നിന് നടത്താൻ മർകസ് കമ്മിറ്റി യോഗം തീരുമാനിച്ചു. ആഗോള കീർത്തി നേടിയ ബുഖാരി ദർസിൽ പങ്കെടുക്കാൻ വിദേശികൾ അടക്കം പ്രമുഖർ പലരും മർകസിൽ എത്താറുണ്ട്. കഴിഞ്ഞവർഷം പഠനം പൂർത്തിയാക്കിയ 479 സഖാഫികൾക്കുള്ള സനദ് ദാനവും സഖാഫീസ് സംഗമവും അഹ്ദലിയ ആത്മീയ വേദിയും ഖത്മുൽ ബുഖാരിയോടനുബന്ധിച്ച് നടക്കും.

മർകസ് ദേശീയ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി പശ്ചിമ ബംഗാളിൽ സ്ഥാപിച്ച ത്വയ്ബ ഗാർഡൻ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ പത്താം വാർഷികം മാർച്ച് 1, 2, 3 തീയതികളിൽ നടത്താനും തീരുമാനിച്ചു. കർമ്മരംഗത്ത് ആറു പതിറ്റാണ്ട് പൂർത്തിയാക്കിയ സയ്യിദ് അലി ബാഫഖി തങ്ങൾക്ക് ജനുവരി 19ന് കൊയിലാണ്ടിയിൽ നൽകുന്ന ആദര പരിപാടി വിജയിപ്പിക്കാൻ ആഹ്വാനം ചെയ്തു.

പ്രസിഡണ്ട് സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. കെ കെ അഹ്മദ് കുട്ടി മുസ്‌ലിയാർ, വി.പി.എം വില്യാപ്പള്ളി, സി മുഹമ്മദ് ഫൈസി, സയ്യിദ് അബ്ദുൽ ഫത്താഹ് അഹ്ദൽ അവേലം, സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, സയ്യിദ് മുഹമ്മദ് തുറാബ് സഖാഫി, സയ്യിദ് ശിഹാബുദ്ദീൻ മുത്തനൂർ, സയ്യിദ് സ്വാലിഹ് ശിഹാബ് ജിഫ്‌രി, ഡോ. ഹുസൈൻ സഖാഫി, ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി, മുഹമ്മദ് കോയ സഖാഫി, സി.പി ഉബൈദുല്ല സഖാഫി, പ്രൊഫ. എ.കെ അബ്ദുൽ ഹമീദ്, എൻ അലി അബ്ദുല്ല, പി മുഹമ്മദ് യൂസുഫ്, മൊയ്തീൻ കോയ ഹാജി, മജീദ് കക്കാട്, എം ഉസ്മാൻ മുസ്‌ലിയാർ സംബന്ധിച്ചു.

സ്വാഗതസംഘമായി

ഖത്മുൽ ബുഖാരിയുടെയും അനുബന്ധ പരിപാടികളുടെയും നടത്തിപ്പിനായി സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി ചെയർമാനും എൻ. അലി അബ്ദുല്ല കൺവീനറും കുറ്റൂർ അബ്ദുറ

ഫമാൻ ഹാജി ട്രഷററുമായി 313 അംഗ സ്വാഗതസംഘവും 15 അംഗ അഡ്വൈസറി ബോർഡും രൂപീകരിച്ചു. ഇതിന്നായി മർകസിൽ ചേർന്ന സാംസ്കാരിക സംഗമത്തിൽ പ്രസിഡണ്ട് സയ്യിദ് അലി ബാഫഖി പ്രാർത്ഥന നടത്തി. സി. മുഹമ്മദ് ഫൈസി അധ്യക്ഷത വഹിച്ചു. കൂറ്റമ്പാറ അബ്ദുറഹ്മാൻ ദാരിമി ഉദ്ഘാടനം ചെയ്തു. സയ്യിദ് അബ്ദുൽ ഫത്താഹ് അവേലം, സയ്യിദ് മുഹമ്മദ് തുറാബ് സഖാഫി, സയ്യിദ് സ്വാലിഹ് ജിഫ്രി, വി.പി.എം വില്യാപ്പള്ളി, ഡോ. ഹുസൈൻ സഖാഫി, ടി.കെ അബ്ദുറഹ്മാൻ ബാഖവി, വള്ള്യാട് മുഹമ്മദലി സഖാഫി, സി.പി ഉബൈദുല്ല സഖാഫി, മജീദ് കക്കാട് തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

മർകസ് ഫെസ്റ്റുകൾ പ്രഖ്യാപിച്ചു

കോഴിക്കോട്: മർകസ് വിദ്യാർത്ഥി യൂണിയൻ ഇഹ്യാഉസ്സുന്നയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 'ഖാഫ്' ആർട്സ് ഫെസ്റ്റ് ആറാമത് എഡിഷൻ പ്രഖ്യാപിച്ചു. ജനുവരി 13, 14ന് നടക്കാനിരിക്കുന്ന ഫെസ്റ്റിന്റെ പ്രഖ്യാപനവും ലോഗോ പ്രകാശനവും ഫൗണ്ടർ ചാൻസിലർ കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ നിർവഹിച്ചു. 'മധ്യധാരയുടെ മാന്ത്രികത' എന്ന പ്രമേയത്തിന്റെ ലോഞ്ചിംഗ് സി. മുഹമ്മദ് ഫൈസി നിർവഹിച്ചു. സീനിയർ മുദരിസ് വി.പി.എം വില്യാപ്പള്ളിയും സയ്യിദ് ശിഹാബുദ്ദീൻ ജീലാനിയും ടീമുകൾക്കുള്ള പതാക കൈമാറി. പ്രസിഡണ്ട് സയ്യിദ് അഹമ്മദ് ജമലുല്ലൈലി അധ്യക്ഷത വഹിച്ചു. ശഫീഖ് കൈതപ്പൊയിൽ പദ്ധതിയും ശിബിലി മഞ്ചേരി പ്രമേയവും അവതരിപ്പിച്ചു. താജുദ്ദീൻ കട്ടിപ്പാറ സ്വാഗതം പറഞ്ഞു.

മർകസ് കർണാടക വിദ്യാർത്ഥി സംഘടന കെ.എസ്.ഒ സംഘടിപ്പിക്കുന്ന ഫെസ്റ്റ് 'ഇസ്ദിഹാർ' ജനുവരി 11, 12 തീയതികളിൽ നടക്കും. ഫെസ്റ്റിന്റെ പ്രഖ്യാപനവും ലോഗോ പ്രകാശനവും അഡ്വൈസർ വി.പി.എം വില്യാപ്പള്ളി നിർവഹിച്ചു. ചടങ്ങിൽ പ്രസിഡണ്ട് നൗശാദ് കൊക്കട അധ്യക്ഷത വഹിച്ചു. സെക്രട്ടറി സിദ്ദീഖ് കുക്കാജെ സ്വാഗതം പറഞ്ഞു. സയ്യിദ് ശിഹാബ് ജീലാനി പതാക കൈമാറി. കരീം ഫൈസി ആശംസിച്ചു.

തമിഴ്നാട് എസ്. ജെ. എം

തിരുപ്പൂർ: സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ തമിഴ്നാട് സംസ്ഥാന കൗൺസിൽ തിരുപ്പൂർ ഹൗസിനി യൂണിറ്റിൽ അബ്ദുൽ ജബ്ബാർ സഖാഫിയുടെ അധ്യക്ഷതയിൽ ചേർന്നു. എസ്.ജെ.എം സെൻട്രൽ കമ്മിറ്റി സെക്രട്ടറി ബശീർ മുസ്ലിയാർ ചെറൂപ്പ ഉദ്ഘാടനം ചെയ്തു. പുതിയ ഭാരവാഹികളായി ഹസ്റത്ത് അബ്ദുന്നാസിർ ഹിശാമി ഊട്ടി(പ്രസി), ഹസ്റത്ത് അബ്ദുല്ല ഇംദാദി തിരുപ്പൂർ(ജന. സെക്ര.), മൗലാനാ അബ്ദുൽ ജബ്ബാർ സഖാഫി(ട്രഷറർ), സി.കെ.എം ഉസ്താദ് പാടന്തറ, സാക്കിർ ഉലൂമി, ശാജഹാൻ റശാദി, ഹാരിസ് സഖാഫി ചെന്നൈ, ഇബ്നു മാലിക് തഞ്ചാവൂർ (വൈസ് പ്രസി.), ഉമർ അൽഹസനി ഊട്ടി, സദ്ദാം ഹുസൈൻ മേട്ടുപ്പാളയം, സിറാജുദ്ദീൻ അഹ്സനി കന്യാകുമാരി, ഹസ്റത്ത് അബൂത്വാഹിർ നിസാമി ഏർവാടി, ശാജഹാൻ ഇംദാദി തിരുപ്പൂർ(സെക്ര.) എന്നിവരെ തിരഞ്ഞെടുത്തു.

കുട്ടികളിൽ നന്മ വളർത്താൻ...

ധാർമ്മിക മൂല്യങ്ങളിൽ നിന്നുകൊണ്ടുള്ള മലയാളത്തിലെ മികച്ച ബാലമാസിക

ബാല കുസുമം

contact
Manager
BALAKUSUMAM MASIKA
Samastha Centre, Jafar Khan Road
Calicut - 673006,
Ph: 0495 2772 846

kusumammasika@gmail.com
www.facebook.com/balakusumam

തീരം

റൈഹാൻ

വെളിച്ചമെത്തുമ്പോൾ

സന്ധ്യയുണരുമ്പോൾ
തെരുവോരങ്ങളിലെ
വിളക്കുകൾ വഴിനീളെ
മഞ്ഞ വെളിച്ചം ചുരത്തുമ്പോൾ
പകൽപട്ടിണിയുടെ നോവുകൾ
നിശബ്ദമായ തേങ്ങലായ്
ഉയർന്നു കേൾക്കാം.

മകരത്തണുപ്പിന്റെ കുത്തേറ്റ്
ബാല്യച്ചുവപ്പുമാറാത്ത
തളിർമേനി നോവുമ്പോൾ,
വിറയ്ക്കുന്നുണ്ടാവും ചുണ്ടുകൾ,
തളർന്നടയുന്നുണ്ടാകും കണ്ണുകൾ
എരിയുന്നുണ്ടാകും ഉദരങ്ങൾ.

വിശപ്പിനും തണുപ്പിനുമൊപ്പം
ഉള്ളിലേക്ക് തുളച്ചു കയറും,
കീറിപ്പറിഞ്ഞ ഉടുതുണിയുടെ
അസഹ്യമായ ദുർഗന്ധം.
നടന്നുപോകുന്ന മനുഷ്യരിൽ
ഇടയ്ക്കെവിടെയെങ്കിലും
മാലാഖമാരുണ്ടോ എന്ന് തിരയും
കണ്ണീർ വറ്റിത്തീർന്ന മിഴികൾ.

ഭക്ഷണത്തളികകൾക്കു മുമ്പിൽ
ചിരിച്ചിരിക്കുന്നവരെ നോക്കി
സ്വർഗീയ മനുഷ്യരെന്നവർ
പരസ്പരം പറഞ്ഞിട്ടുണ്ടാകുമോ?
അനാഥത്വമെന്ന വാക്കിന്
എന്റെ ജീവിതമാണതെന്ന്
അദൃശ്യമായ മഷികളാലവർ
അർത്ഥമെഴുതിയിട്ടുണ്ടാകുമോ?

വെളിച്ചത്തിന്റെ ജാലകങ്ങൾ
മെല്ലെ തുറന്നു വരുമ്പോൾ,
അവർ അത്ഭുതപ്പെട്ടിട്ടുണ്ടാകുമോ?



Printed & Published by Kunhalavi musliyar on behalf of Samastha Isalamic Centre, Jaferkhan Colony, P.O Eranhipalam
Kozhikode - 673006 and printed at Al kamal offset, East Nadakkavu, Kozhikode, Editor : VP Moidu Faizy Villyapally